

# മഴമരം പറഞ്ഞത്

Mazhamaram Paranjathu

**T.K.M.**
College of Arts & Science

NAAC Reaceredited : A Grade
Karicode, Kollam-691005

# T.K.M.
## College of Arts & Science

NAAC REACCREDITED : A GRADE
Karicode, Kollam-691005




Magazine 2015-16

# മഴമരം പറഞ്ഞത്

Mazhamaram Paranjathu

## Vision

The vision of TKM College of Arts & Science is to achieve supreme excellence in academic & non academic areas, without compromising on institutional responsibilities to the society as a whole, in particular to the socially and economically disadvantaged sections, with special reference to the region in which the college is located.

## Mission

It will strive continuously to provide an environment for the finest teaching and the finest research in the country and try to evolve into an intellectual and cultural nest for students of diverse ethnic, social, religious and linguistic background, especially the marginalized sections of the societies such as the muslims and the Dalits.

# T.K.M. COLLEGE of Arts & Science
MANAGEMENT & TRUST



T.K. SHAHAL HASSAN MUSALIAR
Chairman, Governing Body

## MEMBERS OF BOARD OF TRUSTEES



T.K. KAMALUDDIN MUSALIAR



T.K. JALALUDDIN MUSALIAR



T.K. USMAN MUSALIAR



T.K. ABDUL KARIM MUSALIAR



AKBAR HYDER MUSALIAR



T.K. JAMALUDDIN MUSALIAR



T.K. BADARUDDIN MUSALIAR



SADIQ. S. THAHA



M.A. MAHABOOB



KHALID MUSALIAR



TARIQ S. MUSALIAR



MOHAMED HAROON



AFZAL MUSALIAR .J



MOHAMMED ANWAR MUSALIAR



**Janab A. Thangal Kunju Musaliar**
(1897-1966)
Founder




# സുവർണ്ണ നിറവിൽ

കേരളത്തിന്റെ ചരിത്രത്തിലെന്നും ഒരു നാഴികക്കല്ലായി നിൽക്കുന്ന
ടി.കെ.എം. കോളേജ് ഓഫ് ആർട്സ് & സയൻസ്
അതിന്റെ 50 വർഷം പിന്നിടുമ്പോൾ
ഒരിക്കലും മറക്കാനാവാത്തത്
കോളേജ് എന്നും നടത്തിപ്പോകുന്ന വിദ്യാർത്ഥികളുടെ
സർഗ്ഗാത്മക വൈഭവം പരിപോഷിപ്പിക്കുന്നതും
ശരീരത്തിനും മനസ്സിനും ഉത്സാഹം
നൽകുന്നതുമായ കലാകായിക പ്രവർത്തനങ്ങളാണ്.

കരിക്കോടിന്റെ മണ്ണിൽ സുവർണ്ണജൂബിലി നിറവിൽ
തലയെടുപ്പോടുകൂടി നിൽക്കുന്ന ഈ വിദ്യാപീഠത്തിന്
ഇനിയും ഒരുപാട് തലമുറയെ വാർത്തെടുക്കാൻ കഴിയട്ടെ
എന്ന് ആശംസകളോടെ ഈ മാഗസിൻ സഹൃദയസമക്ഷം
സമർപ്പിക്കുന്നു.

\- മാഗസിൻ കമ്മിറ്റി



# From The Principal's Desk

It Is with joy pride and gratitude that pen this golden message. This year the Golden Jubilee Celebrations of the institution had a flying start under the inspiration and guidance of the Management, especially Hon'ble President of T.K.M. College Trust Jb.Shahal Hassan Musaliar and Hon'ble Treasurer of T.K.M. College Trust Jb.Jalaluddin Musaliar. The celebrations were inaugurated by the Hon'ble Chief Minister of Kerala Sri.Oommen Chandi in a glittering function.

As part of the celebrations, our campus witnessed brilliant academic achievements, enrichment and expansion of infrastructure and numerous extensions and out reach activities . Historica, Meritoria and National Science and Cultural Expo-2015 were highlights of the celebrations. The campus was honoured by the visits of Nobel Laureate Ei-chi-Negeshi, Padmasree Thanu Padmanabhan, author Jayasree Misra and others. Ei-chi-Negishi delivered a Golden Jubilee commemorative lecture and our students were given an opportunity to interact with him. National Science and Cultural Expo was the biggest and most attractive exhibition ever held in the history of Kollam town and the same was visited by more than 60 thousand people including students of the school, colleges in the district.

Hon'ble Chief Minister Sri.Oomman Chandy laid the foundation stone of the Golden Jubilee Research Block and a Golden Jubilee Gate. On the side of the research, DST funded FIST programme is being introduced in our college in this academic year. Golden Jubilee Civil Service coaching centre was established in the college this academic year. Rank holders of 50 years were honoured, the Chief Guest of the function being former Ambassader T P Sreenivasan, Vice-chairman, Kerala Higher Education Council.

As part of the social commitment of the college, a garment making unit was donated to Mahila Mandiram karicode. Medical camps were held and we are in the process of Constructing a house for a housless student of our college. Yet another achievement of the institution was the selection of our NSS Units as the Best NSS Unit of the University of kerala and our winning the Best Performance Award of the Regional Cancer Centre.

A series of very enjoyable cultural events was organized in the campus including the music programme by the leading play back singers.

The celebrations would not have been successful but for the dedicated services of our students, in particular College Union Office bearers, NSS volunteers and NCC cadets. I take this opportunity to express the gratitude of the institution towards them. The alma mater is proud of her children and touched by their devotion to her.

My profound gratitude is due to Hon'ble Chairman, Hon'ble Treasurer and all the Members of Management. I also thank the staff, teaching and non-teaching, for their dedicated co-ooperation.

We are looking forward the valedictory function which will wrap up the celebrations in the next academic year.

I am sure that the golden glow of the jubilee as succeeded in casting its brilliance on the pages of the magazine.

I wish it all the success

Jai-Hind

**Prof: A. Hashimudeen**
Principal



# മഴമരം പറഞ്ഞത്

നമ്മുടെ അക്ഷരമുറ്റം അരനൂറ്റാണ്ട് പിന്നിട്ടു നിൽക്കുന്ന ഈ വേളയിൽ "മഴമരം പറഞ്ഞത്" എന്ന തലക്കെട്ട് കലാലയ മാഗസിന് തികച്ചും അന്വർത്ഥമായിരിക്കുന്നു. സായാഹ്നത്തിലെ കൂട്ടുകൂടലുകൾക്ക് കരഘോഷങ്ങളാൽ ആവേശം പകർന്നു നൽകിയ വികാര-തീവ്രതകളും, വിരഹത്തിന്റെ സൂര്യതാപമേറ്റ ഇളം മനസ്സുകൾക്ക് സാന്ത്വനത്തിന്റെ തണലേകിയ നേർക്കാഴ്ചകളും, നിശയിലെ നിർവികാരതകൾക്ക് നിഷ്ക്കളങ്കതയുടെ നിലാവെളിച്ചംകൊണ്ട് ധന്യതയേകിയ ഭാവനാശക്തികളും "മഴമരം പറഞ്ഞതിന്റെ" ഹൃദയരാഗങ്ങളിലുണ്ട്.

മഴമരം ഒരു മഹാസംസ്കൃതിയുടെ മായാത്ത കാൽപ്പാടുകളാണ്. കാലം തുടങ്ങിവച്ച സൗഹൃദ യാത്രകളിലെ നിലക്കാത്ത കാൽവെയ്പുകൾക്ക് കർമ്മശുദ്ധിയാൽ ആരോ കനിഞ്ഞു നല്കിയ മണിത്താലിയാണ് ഈ ഓർമ്മമരം. ഒരു കുളിർക്കാറ്റു പോലെ മധുരതരമാണ് "മഴമരം പറഞ്ഞതിന്റെ" ഉള്ളടക്കം. ഇനിയും പറയാനുള്ള അതിമനോഹരങ്ങളായ കലാസൃഷ്ടികൾക്കുവേണ്ടി നമുക്കും കാതോർക്കാം.....മഴമരം പറയട്ടെ!

കൽമ്മനിരതരായ മാനേജ്മെന്റ് പ്രതിനിധികൾ, മാഗസിന്റെ വിജയത്തിനുവേണ്ടി പ്രയത്നിച്ച പ്രിൻസിപ്പാൾ, അദ്ധ്യാപകർ, സേവനതല്പ്പരരായ ഒരുകൂട്ടം വിദ്യാർത്ഥികൾ, കൊപ്പാറ പ്രിന്റേഴ്സ് തുടങ്ങി ഏവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറഞ്ഞുകൊണ്ട് സമഗ്രമായ വിലയിരുത്തലുകൾക്കായി ഈ മാഗസിൻ സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

പ്രൊഫസർ ഇ. നജീം
സ്റ്റാഫ് എഡിറ്റർ
കോളേജ് മാഗസിൻ

മഴമരം പറഞ്ഞത്

# മാഗസിൻ എഡിറ്റർ

ഒരു ജന്മം കൊണ്ടൊരിക്കലും
പറഞ്ഞുതീരാൻ കഴിയാത്ത
അനുഭവങ്ങൾ പറയുവാൻ കാണും,
ഈ മഴമരത്തിന്; ഉള്ളിലെവിടെയോ കാലം പുതപ്പിച്ച
ഇലച്ചാർത്തിനുള്ളിൽ പറയുവാൻ ഒട്ടനേകം കഥകൾ.
കലാലയത്തിന്റെ മതിൽക്കെട്ടിനപ്പുറം
ഉയർന്നുപാറുന്ന ശുഭ്രമാം കൊടിയുടെ കീഴിൽ
പഠനവും സമരവും ഇഴചേർത്തു നെയ്ത
യൗവ്വനതീക്ഷ്ണമായ ജീവിതങ്ങളുടെ കഥകൾ.
ചുറ്റുംകെട്ടിടങ്ങളുയരുമ്പോഴും അവയിൽ
ടി.കെ.എം.ന്റെ ചരിത്രരഥം ഉരുളുമ്പോഴും
ഈ മഴമരം മൂകസാക്ഷിയായ് കാതോർത്ത്
നിന്നിരുന്നു. തന്റെ തണലിൽ ചുരുളഴിഞ്ഞ
രഹസ്യങ്ങളും, പ്രണയത്തിന്റെയും,
വിരഹത്തിന്റെയും നിമിഷങ്ങളും അകലെ മുഴങ്ങിയ
മുദ്രാവാക്യങ്ങളുടെ മാറ്റൊലികളും, അങ്ങനെ
ഓർമ്മകൾ ഒരുപാട് പങ്കുവെക്കുവാനുണ്ട് ഈ
മുത്തശ്ശി മരത്തിന്. ഓരോ കൊല്ലവും
പൂവിടുമ്പോൾ വിരിയാൻ മറന്ന പൂമൊട്ടുകളിൽ
ഒളിപ്പിച്ച ഈ കലാലയ അനുഭവങ്ങൾ
സുഹൃത്തുക്കൾക്ക് സമർപ്പിക്കുന്നു.

- ഷാജുഖാൻ ബി.എസ്.
മാഗസിൻ എഡിറ്റർ.



# COLLEGE UNION



**Neeraj Chandran**
Chairman



**Jasmin. R**
Vice Chairman



**Muhammed Al Fayas**
General Secretary



**Remya .S.R**
University Union Councillor



**Nowfal. A**
University Union Councillor



**Arif. S**
Arts Club Secretary



**Bajukhan B.S**
Magazine Editor


Elizabeth Joseph
Lady Representative


Rineesha S
Lady Representative


Shiju Mon
1st DC Representative


Aakash B. Ashok
2nd DC Representative

# COLLEGE Union


Priji Mol P
3rd DC Representative


Nowfiya. S
1st PG Representative


Hamil C. Fernandaz
2nd PG Representative


Azarudeen S
Zoology Association


Abhinand V.R
English Association


Althaf Khan
Bio-Chem Association


Anandhu.A
B.Com Association


Jincy P.J
Physics Association


Vidhu Krishnan
Maths Association


Ijas K
I.H Association


Muhammed Shafi
Botany Association


Saran S Kumar
Chemistry Association

# Pride of our Campus...

സ്പീക്ക് ഫോർ കേരള വിന്നർ
റംഷാദ് ഖാൻ






ഇലക്ടോറിയൽ ഡെ
ഡിബേറ്റ് വിജയികൾ
എലിസബത്ത് ജോസഫ്,
ശ്രീവിന്ദ്നാഥ് വി.ബി

വക്കം മൗലവി ഫൗണ്ടേഷൻ
ഉപന്യാസ മത്സരം
രമ്യ എസ്. ആർ



# Pride of our Campus...



രമ്യ.എസ്.ആർ
യൂണിവേഴ്സിറ്റി വൈസ് ചെയർപേഴ്സൻ



നൗഫൽ. എ
യൂണിവേഴ്സിറ്റി യൂണിയൻ സ്റ്റുഡന്റ് കൗൺസിൽ മെമ്പർ

കേരള യൂണിവേഴ്സിറ്റി
പ്രഥമ രോഹിത് വെമൂല
സാഹിത്യ അവാർഡ്
ആകാശ് ബി. അശോക്





കേരള യൂണിവേഴ്സിറ്റി
കലോത്സവം
ഒപ്പന – രണ്ടാം സ്ഥാനം



# സഖാക്കളെ...

50-ാം വർഷത്തിന്റെ സുവർണ്ണപ്രഭയിൽ തിളങ്ങുന്ന നമ്മുടെ കലാലയത്തിന്റെ കൽച്ചുമരു കൾക്കും കൽപ്പടവുകൾക്കും ഇടനാഴികൾക്കും ഒരായിരം സഖാക്കളുടെ കഥകൾ പറയുവാനുണ്ടാകും. അവർ പങ്കുവെച്ച സൗഹൃദത്തിന്റെ, പ്രണയത്തിന്റെ, വിപ്ലവത്തിന്റെയൊക്കെ പറഞ്ഞുതീരാത്ത ഒരായിരം കഥകൾ! നാളെ നമ്മുടെയൊക്കെ അനുഭവങ്ങളും ചരിത്രമായി മാറും. അവ കഥകളായി രൂപാന്തരപ്പെടും. കാലത്തിന്റെ ചുമരുകളിൽ ആ കഥകൾ ആലേഖനം ചെയ്യപ്പെടും.

ജീവിതയാഥാർത്ഥ്യങ്ങളുടെ അനന്തതയിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ, എനിക്കുറപ്പുണ്ട് മറന്നു തുടങ്ങിയ കലാലയജീവിതം, വിപ്ലവവും സംഗീതവും കലയും കവിതയുമൊക്കെ ചർച്ചചെയ്യപ്പെട്ട കലാലയ ജീവിതത്തിന്റെ ഓർമ്മകൾ പൊടിതട്ടിയെടുക്കാൻ ഈ ഉദ്യമത്തിന് സാധിക്കുമെന്ന്.

ചിരിപകരുന്ന പരിഭവങ്ങളും ഈറനണിയിക്കുന്ന പുഞ്ചിരികളും ഉയർത്തിപ്പിടിച്ച മുഷ്ടികളും നിങ്ങളുടെ സ്മരണയിൽ തുളുമ്പുന്നുണ്ടെങ്കിൽ, കേട്ടുമുഷിഞ്ഞ ഉപദേശങ്ങളും പൊട്ടിച്ചിരിപ്പിച്ച തമാശകളും അലറിവിളിച്ച മുദ്രാവാക്യങ്ങളും നിങ്ങളുടെ കാതുകളിൽ മുഴങ്ങുന്നുണ്ടെങ്കിൽ ഈ താളുകൾ അനശ്വരമാകുന്നു.

മുഴമരം പറഞ്ഞത്



**നീരജ്ചന്ദ്രൻ**
**കോളേജ് യൂണിയൻ**
**ചെയർമാൻ**



# യൂണിയൻ റിപ്പോർട്ട്

2016 ജനുവരി 19ന് 12.00 മണിയോടെ കേളേജ് ആഡിറ്റോറിയത്തിൽ പ്രിൻസിപ്പലിന്റെയും സ്റ്റാഫ് അഡ്വൈസറുടെയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സാന്നിദ്ധ്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട യൂണിയൻ ഭാരവാഹികൾ രക്തസാക്ഷികളുടെ നാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേറ്റു.

## ലഹരി ഉപയോഗനത്തിനെതിരെ ബോധവത്കരണം

ക്യാമ്പസുകളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ ഐ.സി.പി.എഫ് എന്ന സംഘടനയുമായി കൈകോർത്ത് 08.02.2016-ൽ കോളേജ് ആഡിറ്റോറിയത്തിൽ ബോധവത്കരണം സംഘടിപ്പിച്ചു. നാടകം, പാവക്കൂത്ത്, വീഡിയോ പ്രസന്റേഷൻ എന്നിവ ഉൾപ്പെടുത്തി നടത്തിയ പരിപാടി പ്രിൻസിപ്പാൾ ഉദ്ഘാടനം ചെയ്തു.

## ഫൈവ്സ് ഫുട്ബോൾ ടൂർണമെന്റ്

പതിവ് യൂണിയൻ പ്രവർത്തനങ്ങളിൽ നിന്ന് വ്യത്യസ്തമായി കലാലയത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഫൈവ്സ് ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു. അഞ്ചംഗ ടീമുകളുടെ വാശിയേറിയ ഫുട്ബോൾ മത്സരങ്ങൾ കലാലയത്തിന്റെ നടുമുറ്റത്തുവെച്ച് നടത്തിയത് ഏറെ പ്രശംസ പടിച്ചുപറ്റി. കോളേജ് പ്രിൻസിപ്പൾ ശ്രീ. ഹാഷിമുദ്ദീൻ പന്തുതട്ടി ഉദ്ഘാടനം ചെയ്ത ടൂർണമെന്റിൽ വിജയികളായ ടീമിന് 22.02.2016-ൽ ട്രോഫിയും ക്യാഷ്പ്രൈസും സമ്മാനിച്ചു.

## യൂണിയൻ ഉദ്ഘാടനം

2015-16 വർഷത്തെ സമന്വയ കലാലയ യൂണിയൻ ഫെബ്രുവരി 22-ന് കോളേജ് അങ്കണത്തിൽ വെച്ച് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. പുരോഗമന ആശയങ്ങൾ വാളും വെളിച്ചവുമായി വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ കനൽവഴികൾ താണ്ടിയ, രാഷ്ട്രീയ കേരളത്തിലെ നിറസാന്നിദ്ധ്യമായ സഖാവ് ഐഷാപോറ്റി എം.എൽ.എ സമന്വയ കലാലയ യൂണിയന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിന് യൂണിയൻ ചെയർമാൻ നീരജ് അദ്ധ്യക്ഷത വഹിച്ചു. അതേ വേദിയിൽ മലയാള ചലച്ചിത്രരംഗത്തെ ഒഴിച്ചുകൂടാനാവാത്ത ചിരിമേളമായി മിന്നുന്ന ശ്രീ. നെൽസൺ ആർട്സ് ക്ലബ്ബ് ഉദ്ഘാടനം നിർവ്വഹിച്ചു. D4 Dance ഫെയിം ശ്രീ. അജിത്തിന്റെ പ്രകടനവും മ്യൂസിക് മോജോ ഫെയിം ശ്രീ. ബാലഗോപാലിന്റെ ഇൻസ്ട്രമെന്റൽ ഫ്യൂഷനും വേദിക്ക് നിറം പകർന്നു.



## ഒ.എൻ.വി. അനുസ്മരണം

22.02.2016-ൽ കേളേജ് പ്രിൻസിപ്പാൾ പ്രൊഫ: ഹാഷിമുദ്ദീൻ അദ്ധ്യക്ഷത വഹിച്ച അനുസ്മരണ യോഗത്തിന്റെ അവതരണം കവിയും എഴുത്തുകാരനുമായ ശ്രീ കുരീപ്പുഴ ഫ്രാൻസിസ് നിർവ്വഹിച്ചു.പ്രൊഫ: സീനഫിറോസ് അനുസ്മരണ വും പ്രൊഫ: അമ്പിളി ആസ്വാദനവും രേഖപ്പെടു ത്തിയ ചടങ്ങിൽ പിന്നീട് O.N.Vക്ക് സമർപ്പിച്ചു കൊണ്ടുള്ള സംഗീതാർച്ചനയും നടന്നു.

## ആർട്സ് ഫെസ്റ്റിവൽ

വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ മാറ്റുരയ്ക്കുന്ന ആർട്സ് ഫെസ്റ്റിവൽ മാർച്ച് 2, 3 തീയതികളിൽ കോളേജ് ആഡിറ്റോറിയത്തിൽവെച്ച് വർണ്ണാഭമായി നടത്തപ്പെട്ടു. വാശിയേറിയ കലാ മുഹൂർത്തങ്ങൾക്ക് ഒടുവിൽ ഇംഗ്ലീഷ് ഡിപ്പാർട്ടു മെന്റ് ഓവറോൾ വിജയികളായി.

## ഫിലിം ഫെസ്റ്റിവെൽ

കലാലയത്തിലെ വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി മാർച്ച് 4ന് കോളേജ് ആഡിറ്റോറിയ ത്തിൽ ഫിലിംഫെസ്റ്റിവൽ നടത്തുകയുണ്ടായി. ഏറെ നിരൂപക പ്രശംസ നേടിയ കാക്കമുട്ടൈ എന്ന തമിഴ് ചലച്ചിത്രവും മലയാളികൾ നെഞ്ചിലേറ്റിയ എന്ന് നിന്റെ മൊയ്തീനും പ്രദർശിപ്പിച്ചു. ആർപ്പു വിളികളും പൊട്ടിച്ചിരികളുമായി കലാലയത്തിലെ വിദ്യാർത്ഥികൾ ഒന്നിച്ചുകണ്ട ചലച്ചിത്രങ്ങളുടെ അനുഭവം ഓർമ്മത്താളുകളിൽ വരച്ചു കേറ്റാൻ കഴിയാത്തവിധം സുന്ദരമായിരുന്നു.



## വനിതാദിനം

സമന്വയ കലാലയ യൂണിയന്റെ നേതൃത്വത്തിൽ വനിതാദിനം 08.03.2012-ൽ എൻ.എസ്.എസ്. യൂണിയനുമായി ചേർന്ന് വിപുല മായി ആഘോഷിച്ചു. അസിസ്റ്റന്റ് കളക്ടർ ശ്രീമതി ചിത്ര ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ സമൂഹ ത്തിന്റെ മുഖ്യധാരയിലുള്ള നിരവധി പ്രമുഖർ വിദ്യാർത്ഥികളുമായി സംവാദിച്ചു.

'We don't need your half, this whole world belongs to everyone'എന്ന മുദ്രാവാക്യമുയർത്തി വിദ്യാർത്ഥികൾ ഒരേ ക്യാൻവാസിൽ കൈ പതിപ്പിച്ചത് ഏറെ ആകർഷകമായ അനുഭവ മായിരുന്നു.




## ഇൻഡ്യയുടെ മകൾ കലാജാഥ

കേരള യൂണിവേഴ്സിറ്റി യൂണിയനും ശാസ്ത്രസാഹിത്യ പരിഷത്തും സംയുക്തമായി സംഘടിപ്പിച്ച ഇൻഡ്യയുടെ മകൾ എന്ന ക്യാമ്പസ് കലാജാഥ കലാലയ അങ്കണത്തിലേക്ക് കൊണ്ടുവരാൻ കലാലയ യൂണിയന് സാധിച്ചു. സ്ത്രീകൾ അനുഭവിക്കുന്ന സമകാലിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടിയ കലാജാഥ വിദ്യാർത്ഥികളെ തൊട്ടുണർത്തുന്ന നവാനുഭൂതിയായി.

## നാടകോത്സവം

ടി.കെ.എം ആർട്സ് കോളേജിന്റെ ചരിത്രത്തിൽ ആദ്യമായി കേരളാ യൂണിവേഴ്സിറ്റി നാടകോത്സവം കോളേജ് ആഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെട്ടു. ബാല്യകാലസഖി എന്ന ചലച്ചിത്രത്തിന്റെ സംവിധായകനും, നടകകൃത്തുമായ ശ്രീ. പ്രമോദ് പയ്യന്നൂർ നാടകോത്സവത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കേരളാ സർവ്വകലാശാല യൂണിയൻ ചെയർപേഴ്സൺ എസ്. ആർ ആര്യ അദ്ധ്യക്ഷത നിർവ്വഹിച്ച ചടങ്ങിൽ പ്രമുഖ കവി കുരീപ്പുഴ ശ്രീകുമാർ ആയിരുന്നു മുഖ്യാതിഥി. കോളേജ് പ്രിൻസിപ്പാൾ ശ്രീ. ഹാഷിമുദ്ദീൻ, പ്രമുഖ കവി ശ്രീ പവിത്രൻ. മലയാള നാടക അഭിനയ രംഗത്തെ അതികായൻ ശ്രീ കെ.പി.എ.സി. ശ്രീമതി ലീലാകൃഷ്ണൻ തുടങ്ങിയവർ ആശംസകൾ നേർന്ന ചടങ്ങിന് കലാലയ യൂണിയൻ ചെയർമാൻ ശ്രീ നീരജ് നന്ദി രേഖപ്പെടുത്തി.

അടുത്തദിവസം നടന്ന നാടക മത്സരത്തിൽ ഡി.ബി. കേളേജും, ഫാത്തിമ മാതാ കോളേജും വിജയികളായി.





## കോളേജ് യൂണിയൻ സമാപനം

2015-16 കലാലയ യൂണിയൻ സമാപനം വളരെ വർണ്ണാഭമായി ആഘോഷിക്കപ്പെട്ടു. കലാലയത്തിലെ മുൻവിദ്യാർത്ഥിയും കേരളകൗമുദി സ്പോർട്സ് ലേഖകനുമായ അൻസർ എസ്. രാജ് ടി.കെ.എം ആട്സ് കോളേജിന്റെ സുവർണ്ണപ്രഭയിൽ വിളങ്ങുന്ന സമന്വയ 2015-16 കലാലയ യൂണിയൻ സമാപനം ഉദ്ഘാടനം ചെയ്തു. ചടങ്ങിന്റെ മുഖ്യാതിഥിയായി ഡി4 ഡാൻസ് വിജയി കുക്കു ഷുഹൈബ് വേദിയുടെ മാറ്റ് കൂട്ടി.

ആർട്സ് ഫെസ്റ്റിവലിൽ മാറ്റുരച്ചു വിജയികളായ വിദ്യാർത്ഥികൾക്കും ആർട്സ് ഫെസ്റ്റിവലിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിനും സമ്മാനങ്ങൾ കൈമാറി. സ്പോർട്സ് ഓവറോൾ ചാമ്പ്യൻഷിപ്പും കൈമാറി.

ജനറൽ സെക്രട്ടറി
മുഹമ്മദ് അൽഫയാസ്.

# MAGAZINE
## Editorial Board


**Prof. A. Hashimudeen**
Chief Editor


**Prof. E. Najeem**
Staff Editor


**Bajukhan B.S**
Student Editor


**Prof. Sumithra Devi**
Member Editorial Board


**Dr. Ambili Kumari**
Member Editorial Board


**Shamnad .S**


**Muhammed Bilal**


**Abhijith. S.A**


**Umar Farook. F**


**Akhil A. Salam**


**Sudhi Krishnan**

# Union Inauguration











സഖാവ് ഐഷാപോറ്റി എം.എൽ.എ
സമന്വയ 2015-16
കലാലയ യൂണിയൻ
പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.



# ARTS CLUB
## Inauguration





സിനി ആർട്ടിസ്റ്റ് ശ്രീ. നെൽസൺ ആർട്സ് ക്ലബ്ബ് ഉദ്ഘാടനം നിർവ്വഹിച്ചു.

D4 Dance താരം അജിത് വേദിയിൽ നൃത്തം അവതരിപ്പിച്ചു.









Yasar Arafath
Member



Jayakrishnan
Member



Abi A Sathar
Member



Nadirsha
Member



Al ameen
Member

# Magazine
## Advertisement Committee



Ijas
Member



Muhsin
Member



Gokul
Member



Sharuk khan
Member



Afsal
Member

# Magazine Designing Committee



Aseem
Member



Keerthana
Member



Azif
Member



Akhil
Member



Shifa
Member



Jibin
Member



Faizy
Member



Sreenisha
Member



Ubais
Member



Shahid. K
Member



Nikhil
Member

# Film Festival



























# Kalajadha

**"ഇന്ത്യയുടെ മകൾ"**

# NCC
## Seniors


Arun


Sruthy

# Sports
## Club


Arun Ajay


Shebin


Abhiraj


Rashid

# Debate
## Club

പറഞ്ഞത്


Shan


Elizabeth


Gopan


Vishnu

# Lines.........
## from our campus



Sufiyan. S







# കേരളം ഭ്രാന്താലയമല്ല

ഷംനാദ്. എസ്
S4. സുവോളജി

പൂർണ്ണ ഗർഭിണിയായ അമ്മയുടെ ഗർഭപാത്രത്തിൽനിന്നും കുഞ്ഞിനെ ശൂലത്തിൽ തറച്ച് പുറത്തിട്ട് ഞെരിച്ച വെള്ളത്താടിയുടെ കാവിഭീകരത ഇന്ന് കലാലയങ്ങളെ ലക്ഷ്യം വെയ് ക്കുന്നു. മൺമറഞ്ഞുപോയ ഫ്യൂഡൽ കാലഘട്ടത്തിന്റെ ശേഷിപ്പുകളെ കുഴിമാന്തിയെടുത്ത് അധികാരത്തിന്റെ വാൾമുനയിൽ വിഷമാക്കിമാറ്റി ദളിതന്റെ ചങ്കിലേക്ക് കുത്തിയിറക്കുന്ന പുതിയ കാലത്തിന്റെ അവർണ്ണ പരിവേഷമണിഞ്ഞവർ ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലും ജവഹർലാൽനെഹ്റു യൂണിവേഴ്സിറ്റിയിലും ജാതിയുടേയും മതത്തിന്റെയും അതിർവരമ്പുകൾതീർക്കുന്ന 'ഗോ' - പാല കർ ഇന്ന് ജനാധിപത്യത്തെ മാത്രമല്ല മതനിരപേക്ഷതയേയും മാനുഷിക മൂല്യങ്ങളേയും കീറിമുറിക്കുന്നു. 'ജനിച്ചതെന്തിന് എന്ന് ഖേദത്തോടെ ചോദിച്ച് മരണത്തിന്റെ കൂരമ്പുകൾ വർഗ്ഗീയതയ്ക്കെതിരെ തൊടുത്ത് കലാലയങ്ങളിൽ മാറ്റൊലിയായ് മാറിയ രോഹിത് വെമൂല ഇന്നും ഇന്ത്യയുടെ മണ്ണിൽ ഉണങ്ങാത്ത രക്തമായ് തളം കെട്ടിനിൽക്കുന്നു.

ഭാരതത്തിന്റെ തെക്കൻ സംസ്ഥാനങ്ങളിൽ അണപൊട്ടിയൊഴുകുന്ന ഈ വർഗ്ഗീയ ഫാസിസത്തിന്റെ തേർവാഴ്ച കേരളത്തിന്റെ മണ്ണിൽ എന്നാൽ വരണ്ടുണങ്ങുന്നു. വാമനനെ മഹാബലിയുടെ പീഠത്തിൽ അരങ്ങേറ്റി കേരളീയന്റെ ഐതീഹ്യങ്ങളേയും സംസ്കാരത്തേയും തച്ചുടയ്ക്കുക എന്ന ഗൂഢതന്ത്രം പയറ്റിയ വർഗ്ഗീയ കോമരങ്ങൾ എന്നാൽ പുരോഗമന ചിന്താഗതിക്കുമുന്നിൽ മുട്ടുമടക്കി.

പണവും ലഹരിയും നൽകി വിലയ്ക്കുവാങ്ങുന്ന മാംസപിണ്ഡങ്ങളല്ല, മറിച്ച് ഒരൊറ്റ മനസ്സോടെ പാർശ്വം ചേർന്നുപോരാടുന്ന സഹോദരങ്ങളിൽ ജീവനും ജീവിതവും അർപ്പിച്ച് രക്തനക്ഷത്രാംഗിത ശുഭ്ര പതാകയ്ക്കുകീഴിൽ സ്വാതന്ത്ര്യത്തെ തിരിച്ചറിഞ്ഞ ചങ്കുറപ്പുള്ള സഖാക്കളുടെ സമരവീര്യമാണ് കേരളത്തിലെ കലാലയങ്ങളുടെ ചെറുത്തു നിൽപ്പിനാധാരം. വെറും അക്രലിക്ക് ചായമല്ല രക്തത്തിന്റെ ചെഞ്ചുവപ്പെന്ന് ധീരതയോടെ കാട്ടിത്തന്ന സഖാക്കൾ കേരളത്തിന്റെ മണ്ണിൽ വേരുറച്ച് നിൽക്കുമ്പോൾ, അവരുടെ രക്തസാക്ഷി മണ്ഡപങ്ങൾ ജീവനറ്റ ശിലകളല്ല, സ്പന്ദിക്കുന്ന അഗ്നിനാളങ്ങളായി വെളിച്ചം വീശുമ്പോൾ വർഗ്ഗീയതയ്ക്ക് ഈ മണ്ണിൽ സ്ഥാനമില്ലെന്ന് നമുക്ക് ഉറപ്പിച്ചു പറയാം. ചങ്കിലെ ചുടുചോരകൊണ്ട്, കണ്ണിലിരമ്പുന്ന ഇടിമിന്നൽകൊണ്ട് വാനത്തെ ചെഞ്ചുവപ്പാക്കി, വർഗ്ഗീയതയുടെ പള്ളയിൽ ഇരുതലമുനയുള്ള ഇരുമ്പുവാളിറക്കുവാൻ, രക്തസാക്ഷിയാകുവാൻ മടിയില്ലാത്ത വിപ്ലവശക്തിയാണ് ഞങ്ങളുടെ ആയുധം.

മൂന്നാമിടം പറഞ്ഞത്




"ഒരു പാട്ട് പിന്നെയും പാടി നോക്കുന്നിതാ ചിറകൊടിഞ്ഞുള്ളോരീകാട്ടുപക്ഷി"

ശ്രീമതി സുഗതകുമാരി ടീച്ചറുടെ കവിതയിലെ ആർദ്രത ആദ്യമായി അറിയുന്നത് മലയാളം പുസ്തകത്തിലെ പാഠഭാഗത്തിൽ നിന്നാണ്. ഒരു ഹൈസ്കൂൾ പെൺകുട്ടിയുടെ പരിമിതമായ സർഗ്ഗാത്മക ബോധങ്ങൾക്കുമപ്പുറമാണ് ടീച്ചറുടെ കവിതയുടെ അർത്ഥതലങ്ങളെന്ന് പിന്നീട് വീണ്ടും ഈ കവിത വായിച്ചപ്പോൾ മനസ്സിലായി. കോളേജ് ജീവിതം സമ്മാനിച്ച ഏറ്റവും നല്ല ഓർമ്മകളിലൊന്നാണ്. ശ്രീമതി സുഗതകുമാരി ടീച്ചറുമായി ചെലവിട്ട കുറച്ച് നിമിഷങ്ങൾ. ലൈബ്രറി ക്ലബ്ബിന്റെ "ദി ക്രൈ" എന്ന പുസ്തകത്തിൽ, ടീച്ചറുടെ ഏറെ ചർച്ച ചെയ്യപ്പെട്ട ജാഗ്രത എന്ന ലേഖനം ഉൾപ്പെടുന്നതിന് അനുവാദം വാങ്ങുവാനാണ് ഞാനും എന്റെ സഹപാഠികളും, ഗുരുനാഥനും പാറ്റൂരിലെ അഭയകേന്ദ്രത്തിലെത്തിയത്.

വാർദ്ധക്യത്തിന്റെ ആലസ്യങ്ങളിൽ തളരാതെ, മണ്ണിനും, പെണ്ണിനുമെതിരെയുള്ള ചൂഷണങ്ങൾക്കെതിരെ വിശ്രമമില്ലാതെ അക്ഷരക്കൂട്ടുകൾ തീർക്കുന്ന ഊർജ്ജസ്വലയായ ടീച്ചറെയാണ് ഞങ്ങൾക്കവിടെ കാണുവാൻ കഴിഞ്ഞത്. ടീച്ചറുടെ കവിതകളെക്കുറിച്ചും, സമകാലീന സമൂഹത്തിൽ പെൺകുട്ടികൾക്കെതിരെയുള്ള ആക്രമണത്തെക്കുറിച്ചും, പരിസ്ഥിതിയെ ചൂഷണപ്പെടുത്തി നമ്മൾ സൃഷ്ടിക്കുന്ന വികസനത്തിനെക്കുറിച്ചും, ടീച്ചറുടെ കവിതകൾക്കെതിരെയുള്ള ഫാസിസ്റ്റ് ആക്രമണങ്ങളെക്കുറിച്ചും വൈകാരികമായിത്തന്നെ ടീച്ചർ ഞങ്ങളോട് സംസാരിച്ചു.

പറയുന്ന ഓരോ വാക്കിന്റെയും ആത്മാർത്ഥത ടീച്ചറുടെ ഈറനണിഞ്ഞ കണ്ണുകൾ വ്യക്തമാക്കി. അസഹിഷ്ണുതയ്ക്കും, വർഗ്ഗീയ ഫാസിസത്തിനെതിരെയും വിദ്യാർത്ഥികൾ പോരാടേണ്ട ആവശ്യകത ടീച്ചർ പറഞ്ഞു. ഒരമ്മയോട് കാതോർക്കുന്ന മക്കളെപ്പോലെ ഞങ്ങൾ ടീച്ചറുടെ മുന്നിൽ ഇരുന്നു. ടീച്ചറോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ പ്രിയ കവയിത്രിയുടെ ശബ്ദം കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

രമ്യ. എസ്. ആർ
S4 English

# ADDITIONAL SKILL ACQUISITION PROGRAMME

Additional Skill Acquisition Programme (ASAP) is an ambitious programme initiated by the Government of Kerala with the objective of tackling the issue of growing unemployment in the state. Kerala State Government jointly with Higher Education, General Education, Local self Government Departments and National Skill Development Corporation (NSDC) have started ASAP as part of State Skill Development Programme to enhance the skilling and employability of students passing out of Higher Secondary Schools (+2) as well as Under Graduates from Arts and Science Colleges in our State.

First batch of 30 students from our college have successfully completed the programme in various specialized skill courses like Global Business, Foundation, Certificate in Mobile Communication, NSE Certified Capital Market Professional, Certificate in Accounting Technicians and Certification in Optical Fibre.

ASAP covers 180 hours of training which includes communication as well as skills development. The venture has really improved the communication skill, confidence level and inter personnel skills of our students. Again it will help the students to get a job easily with an additional Govt. Certification.

Classes for the second batch of 30 students have already started on November 2015.

**Dr. Chithra Gopinath**

**Coordinator**

**ASAP, TKMCAS**

# വിട പറയുമ്പോൾ......

നിറപ്പകിട്ടാർന്ന കലാലയ ജീവിതത്തിലെ ഒരു യുഗം അവസാനിക്കാൻ പോകുകയാണ്. ഒരായിരം സുന്ദരനിമിഷങ്ങൾ ഇന്നലെകളിലേക്ക് മറയുമ്പോൾ കൂട്ടുകാരുടെ തോളിൽ കൈയ്യിട്ടു ഞാൻ നടന്ന ഇടനാഴികൾ വിജനമാവുകയാണ്.

അളിയാ.... എന്ന് വിളിക്കുമ്പോൾ പറ അളിയാ എന്നു വിളികേൾക്കുന്ന ചങ്ക് കൂട്ടുകാർ. ഇതുവരെ ഞങ്ങളുടേത് മാത്രമായിരുന്ന ക്ലാസ്സ് മുറി, തുറന്നിട്ട ജനാലകൾ, ഞങ്ങളിലെ കലാകാരന്മാരുടെ കലാവൈഭങ്ങൾക്ക് സാക്ഷിയായ ഡസ്ക്കുകൾ, എത്ര നടന്നാലും മതിവരാത്ത വരാന്തകൾ, എല്ലാം ഉപേക്ഷിച്ച് ഞങ്ങൾ മടങ്ങാൻ പോകുന്നു. അറിഞ്ഞിരുന്നില്ല..... ഞങ്ങൾ തീർക്കുന്നത് അതിമനോഹരമായ ഓർമ്മകളാണെന്ന്.....

ടി.കെ.എം.സി.എ.എസ്. കരിക്കോട് എന്ന സ്വർഗ്ഗഭൂമിയുടെ ചരിത്രത്താളുകളിലേക്ക് നടക്കവേ തിരിഞ്ഞു നോക്കുമ്പോൾ ഹൃദയം നുറുങ്ങുകയാണ്. ഒരിക്കലും തിരിച്ചുകിട്ടാത്ത ഈ നല്ല നാളുകളിലെ ഏറ്റവും സുന്ദരമായ ഓർമ്മകൾ എനിക്കു സമ്മാനിച്ച എന്റെ എല്ലാമെല്ലാമെല്ലാമായ ബി.എസ്.സി. മാത്തമാറ്റിക്സ്. പുഞ്ചിരികൾ പൊട്ടിച്ചിരികളാക്കിയ എന്റെ കുറെ കൂട്ടുകാർ. പാർട്ടിക്കും പൊളിറ്റിക്സിനും, ഡിപ്പാർട്ടുമെന്റുകൾക്കും അതീതമായ സൗഹൃദങ്ങൾ. എല്ലാത്തിലുമുപരി അമ്മയോളം വാത്സല്യം നൽകി സ്നേഹിക്കുകയും ശാസിക്കുകയും ചെയ്ത ഞങ്ങളുടെ പ്രിയ അധ്യാപകർ.......
എല്ലാമെല്ലാം ഈ പടിക്കൽ ഉപേക്ഷിച്ച് ജീവിതത്തിന്റെ പുതിയ അധ്യായങ്ങളിലേക്ക്.......
പുതുവെളിച്ചം തേടിയുള്ള യാത്ര തുടരുകയാണ്.

**ഒരുപാട് വേദനയോടെ........**
**അതിലേറെ പ്രാർത്ഥനകളോടെ.......**





**Mohammed Faizy**
S5, BSc, Mathematics





# മഴ

ചുടുവെയിൽ ചുവപ്പിന്റെ ചടുലരശ്മിയെ
ഇരുളാക്കി മറയ്ക്കുന്നു കാർമുകിലുകൾ
മൃദംഗതാളമോ, മധുരമയനാദമോ,
മധുരം തുലുമ്പുന്ന മഴയെ നിൻ ഗാനം
ഗഗനസമാഗമം ഗീതം മുഴക്കുന്ന മഴയെ
മലരാക്കി അന്നു പാരിൽ
മിന്നിമറയുന്ന മാസ്മരിക വെളിച്ചമേ
നീയിന്ന മരത്തെ വെള്ളിവെളിച്ചം
കുഞ്ഞിളം തുള്ളികൾ കാറ്റിനെപ്പോലും
തഴുകിത്തലോടുന്ന വശ്യചാരുത
വിണ്ണിലെ നിലാവിനെ വെള്ളി നക്ഷത്രത്തെ
മന്ദം അണയ്ക്കുന്ന നീലകാർമേഘം
കണിമലരിതളുകൾ കളകളം മുഴക്കുന്ന
മഴയെത്തലോടുന്ന കാവ്യഭംഗി
നത്തവിശേഷമായണഞ്ഞു കിനാവിന്റെ
കഴമൊഴിയായ് നീ കളിപ്പാവയായ്
കനകക്കുന്നുകൾ കമലദളത്തിന്റെ
മിഴിയോർമ്മപോലന്ന് പ്രത്യക്ഷനായ്
പാതയോരങ്ങളിൽ പകൽപോലെയണയുവാൻ
പാൽമഴ പെയ്യിക്കും പൊൻമേഘമേ
വാർമഴവില്ലുമാലപോൽ ചിതറിപൊഴിയുന്ന
വർണ്ണത്തിനുണ്ടാ വാചാലത

താമരപൂവേ താഴികക്കുടമേ തകരുമോ
വിണ്ണിന്റെയലയൊലികൾ
തീരത്തണയുവാൻ ഇരതേടിയലയുവാൻ
കാതോർത്തിരിക്കുന്ന പൂമീനുകൾ
ഒഴുകുന്ന മഴനീരിൻ ഓളപ്പപ്പിൽ
മുളപൊട്ടിയണയുന്ന പുൽതകിടിയിലുമുണ്ട്
പൊൻതിളക്കത്തിന്റെ പവിഴമുത്തുകൾ
തൂണിൽ തുരുമ്പിൽ മറയുന്നയഴകേ
നിന്നനുഗ്രഹ വിഗ്രഹമല്ലെ മഴ.



Jasila S.



# നൊമ്പരം

പത്തുമാസം ചുമന്നെന്നെ പ്രസവിച്ചൊരു-
മ്മതൻ വേർപാട് ചൊല്ലുമെൻ നൊമ്പരം
അന്നു നിൻ മധുരമാം മുലപ്പാലോ
കണികതോരാതിറ്റിറ്റു നാവിലൂറവേ എൻ
അധരം മൊഴിഞ്ഞതോ അമ്മയെന്നല്ലയോ?
ഏകയായി ഈ വഴി പോകവേ, നിന്നോർ-
മതൻ നൊമ്പരമെന്നിൽ പതഞ്ഞുപൊങ്ങവെ
എനിക്കറിയില്ലല്ലോ, നീയെന്നെ സത്യത്തിൻ
വേർപാടിനർത്ഥമോ നൊമ്പരം.. അതോ
എൻ ഏകാന്തതയോ നൊമ്പര ചില്ലുകൾ
പതിവൊഴിയാതെ കനലു വിതയ്ക്കും നിൻ
ഓർമ്മകൾ ഒരു ചെറുചുടുചൂള പോലവെ
ഈ ചുടുചൂളയിൽ വെന്തെരിയുമ്പോളും
നിൻ ചൊടി തൻ പുഞ്ചിരിയൊന്നു മാത്രം
ഒരു മഞ്ഞുതുള്ളിപോലെന്നെ തഴുകീടുന്നു.
ഈറനായി എൻ മിഴികളടർന്നു
മണിമുത്തുകളായി കൈയ്യിലിറ്റു വീണു
നൊമ്പരം എന്നെ കവർന്നീടവെ ഈ
കൂരിരുൾ ചിമിഴിൽ ഞാനും
നിന്നോർമ്മയും മാത്രം ബാക്കിയാ...
എൻ ഹൃത്തിന്റെ തന്ത്രികൾ പൊട്ടി-
ച്ചിതറവേ, മൗനാം വീണയിൽ നിന്നുതിരും
നൊമ്പരം പോലും, ശ്രുതി ചോർന്നൊരീ
സ്വയം മുറിവേറ്റതും കാലം തോൽപ്പിച്ചൊരീ
ഓർമ്മതൻ കടലാസു മേഘം മാത്രമല്ലയോ.
ഒരു മഴ പെയ്താൽ ഉടനെ കുരുക്കും
തകരക്കൊടിപോലെ, ഒരു മാത്രകൂടി
എന്നിൽ നീ വന്നണയുകിൽ, നിറം
ചാലിക്കാത്തൊരെൻ നിഴലിനെ
നിന്നോടൊപ്പം പതിയെ ചേർത്തീടാം.
നിൻ വേർപാടിന്റെ നൊമ്പരം
ഒരു മോഴുകുതിരിപോലെന്നെ
സ്വയം എരിച്ചീടുന്നുവോ
ഇന്നുള്ളതോ വെറും രൂപമില്ലാത്തൊരീ
ഞാനെന്ന നൊമ്പരം മാത്രം.

**Devika**
**S4 Physics**

# ഭാര്യാഭാരം

ഉൽസവമോടിയാലലങ്കൃതമായൊരാ-
കതിർമണ്ഡപ പടിമേലവൾ കാൽകുത്തവെ,
ഒരു വലിയ ദീർഘനിശ്വാസമാ മാതൃഹൃത്തിൽ,
നഗ്നമാം മൂർദ്ധാവിൽ കുഹ്കുമ തിലകം
ചാർത്തപ്പെടവെ, അറിയുന്നവൾ-
തൻ മനസ്സും ശരീരവും പങ്കുവയ്ക്കുവാൻ പോകയായി
ജീവിക്കുവാനിത് തൂടാതെ സാധ്യമല്ലെന്നാരോ
അവൽതൻ കാതിൽ ഉപദേശിക്കയാൽ,
ജീവിതമെന്തിനെന്നൊരു ചോദ്യചിഹ്നമായവൾ
ചിലനേരമവനു കൊട്ടുവാൻ, കരയിക്കുവാൻ
ചിലനേരം പ്രണയത്താൽ പങ്കുവയ്ക്കുവാൻ
പെണ്ണായ് പിറന്നതിൽ എന്തിനീ ദുർവിധി!!

നിസ്സഹായയാകുമോ പെൺമനം
കൊതിക്കുന്നു-
ചിന്തിക്കുവാനൊന്ന് പാറിപ്പറക്കുവാൻ
കഴുത്തുയർത്തുവാൻ
പോലുമാകുന്നില്ലവൾക്കു തൻ
കഴുത്തിൽ തൂങ്ങും താലി ചരടിൻ ഭാരത്താൽ
പെൺമനസ്സറിയാതെ ലോകം
പാഞ്ഞുപോയീടുമ്പോൾ
ചിന്തിക്കൂ മർത്ത്യാ
ഭാര്യയെ എന്നതൊരു വെറും വാക്കു
മാത്രമോ...??





**Amrutha R.**
**S4 B.Sc. Chemistry**

# വേർപാടിന്റെ വേദന



കവിതയെഴുതുമായിരുന്നെങ്കിൽ നിന്നോടുള്ള സ്നേഹത്തെ ഒരു കവിതയാക്കാമായിരുന്നു. കഥാകാരനായിരുന്നെങ്കിൽ ഞാനത് കഥയായി എഴുതി തീർത്തേനെ. എനിക്ക് നിന്നോടുള്ള സ്നേഹത്തെ ഞാനീ താളുകളിൽ ഒതുക്കുന്നു. നിലാവിന്റെ നിറമായിരുന്നു നിനക്ക്. അതുകൊണ്ട് ഞാൻ നിലാവിനെ സ്നേഹിച്ചു. പുലരിയിലെ മഞ്ഞുതുള്ളിയുടെ നൈർമല്യമായിരുന്നു നിനക്ക്. അതുകൊണ്ട് ഞാൻ ഓരോ പുലരിയിലും മഞ്ഞുതുള്ളികളെ പെറുക്കി കൂട്ടാൻ ശ്രമിച്ചു. മുല്ലപ്പൂവിന്റെ മണമായിരുന്നു നിനക്ക്. അതുകൊണ്ട് ഞാൻ മുല്ലപ്പൂക്കളെ കൂടുതൽ ഇഷ്ടപ്പെടാൻ തുടങ്ങി. ഞാൻ ഒറ്റയ്ക്ക് തുഴയുന്ന ജീവിതത്തോണിയിൽ കൂടെ നീയും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു. നിന്റെ ഓരോ പ്രവൃത്തിയും കണ്ണിലെ പ്രകാശവും എന്നെക്കൊണ്ട് അത് വിശ്വസിപ്പിക്കുകയായിരുന്നു. സ്വപ്നംകൊണ്ടൊരു കൊട്ടാരം പണിതു. അതിൽ സ്വപ്നജീവിയായി ജീവിക്കാൻ കൊതിച്ചു. കടന്നുപോയ ഓരോ പൂന്തെന്നലും എന്നോടു പറഞ്ഞത് നിന്നെപ്പറ്റിയായിരുന്നു. നീ എന്നെ വിട്ടിറങ്ങിയതോ, അറിയില്ല, പക്ഷേ ഞാൻ കരഞ്ഞില്ല. മനസ്സു നിറയെ മരവിപ്പായിരുന്നു. സ്വപ്നങ്ങളുടെ ചീട്ടുകൊട്ടാരം തകർത്ത് മോഹങ്ങളുടെ പുറന്തോടു പോളിച്ച് ഇന്നു ഞാൻ തനിച്ചായി. ഞാൻ എല്ലാം ഒരുവട്ടം കൂടി ഓർത്തെടുത്ത്. ഇപ്പോൾ ഹൃദയത്തിൽ ഒരു നേർത്ത വേദനയുണ്ട്. കണ്ണിൽ നിന്നും ഒഴുകുന്ന കണ്ണീരുണ്ട്. നീ കാണാതെ പോയ എന്റെ മനസ്സിൽ നിനക്കായി ഞാൻ കാത്തുവെച്ച ഒരായിരം പനിനീർപ്പൂക്കളുണ്ട്. താമര്പപൂവിന് സൂര്യനോടുള്ളത് പോലെ നിലാവുള്ള സന്ധ്യകളിൽ ചന്ദ്രനെ കാത്തിരിക്കുന്ന ആമ്പൽപ്പൂക്കളെ പോലെ ഞാൻ ഇന്നും നിനക്കായ് കാത്തിരിക്കുന്നു. ഒരിക്കലും സ്വന്തമാകില്ലെന്നു അറിഞ്ഞിട്ടും.



Sudheesh S.
S4 B.Com Finance

# ആകാശ കുടക്കീഴിൽ



അനാഥൻ അഥവാ മാതാപിതാക്കളില്ലാത്തവൻ. ആകാശത്തിനു താഴെ ഈ ഭൂമിയിൽ അച്ഛനും അമ്മയും ഇല്ലാതെ ഭൂമിയിൽ ഒരു ജീവനും ജന്മം കൊള്ളുന്നില്ല. എന്നിട്ടുമെന്തേ അനാഥൻ എന്നവൻ മുദ്രകുത്തി. തന്റേതല്ലാത്ത കാരണത്താൽ, അനാഥരായി തീർന്ന ഭൂമിയിലെ നിഷ്കളങ്ക ബാല്യങ്ങളെ കാണുമ്പോൾ നോക്കി സഹതപിക്കുകയോ, പുച്ഛിക്കുകയോ ചെയ്യുന്ന ജനാവലി ഇന്നേവരെ ചിന്തിച്ചിട്ടുണ്ടാവില്ല. ഒരു പിതാവിനാൽ മാതൃഗർഭത്തിൽ വളർന്ന അവർ എന്തുകൊണ്ട് അനാഥരായി എന്ന്. സ്വാർത്ഥത ഒരു മനുഷ്യനെയും അങ്ങനെ ചിന്തിപ്പിക്കാൻ അനുവദിച്ചിട്ടുണ്ടാകില്ല. മാതാപിതാക്കൾ ജീവനോടെ ഉണ്ടായിരുന്നിട്ടു കൂടി അവർക്ക് അന്യരായി തീരുന്ന കുഞ്ഞുബാല്യങ്ങളും ഏറെയുണ്ട് നമ്മുടെ ഈ കൊച്ചുകേരളത്തിൽപോലും. കേരളത്തിൽ അങ്ങോളമിങ്ങോളം ഉള്ള നൂറിലേറെ വരുന്ന അനാഥാലയങ്ങളുടെ ഇരുളടച്ച പഴയ മുറികളിലേക്കൊന്ന് എത്തിനോക്കിയാൽ കാണാം, ഒരിറ്റു സ്നേഹത്തിനായി ഒരു മൃദുചുംബനത്തിനായി വെമ്പുന്ന കുറേ കുഞ്ഞുമനസ്സുകൾ ഉറക്കമില്ലാത്ത രാത്രികളിലെ ഞരക്കങ്ങളും തേങ്ങലുകളും ഒരമ്മയുടെ താരാട്ടുകേൾക്കാനോ അച്ഛന്റെ നെഞ്ചിലെ ചൂടുപറ്റിക്കിടന്ന് ഒന്നുറങ്ങുവാനോ അവസരം നിഷേധിക്കപ്പെട്ട ലക്ഷക്കണക്കിന് അനാഥക്കുഞ്ഞുങ്ങളുള്ള ഈ കേരളത്തിൽ തന്നെയാണ് ജന്മം നൽകി വളർത്തി വലുതാക്കിയ മാതാപിതാക്കളെ നാം വൃദ്ധസദനങ്ങളുടെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിടാൻ ശ്രമിക്കുന്നതും. നമ്മുടെ മാതാപിതാക്കൾ നമുക്ക് തന്ന സ്നേഹത്തിലും, സ്വാതന്ത്ര്യത്തിലും അവരുടെ തണലിൽ മതിമറന്നു ജീവിക്കുന്ന നാം ഒരിക്കലും ചിന്തിച്ചിട്ടുണ്ടാവില്ല. ആ സ്നേഹം നിഷേധിക്കപ്പെട്ട് അന്യരാക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ നൊമ്പരം. പുത്തനുടുപ്പും പുതിയ

കുടയും ബാഗും ഒക്കെയായി ഓരോ പുതുവരിവേഷവും അച്ഛന്റേയും അമ്മയുടേയും വിരൽത്തുമ്പിൽ തൂങ്ങി സന്തോഷത്തോടെ സ്കൂളിലേക്ക് പോകുന്ന കൊച്ച് മിടുക്കന്മാരേയും മിടുക്കികളേയും നോക്കി അനാഥത്വത്തിന്റെ നീറുന്ന വേദനയിൽ അമർന്ന് തെരുവിലൊരു നോക്കുകുത്തിയായി നിന്ന് കണ്ണീർവാർക്കുന്ന കുഞ്ഞു ബാല്യങ്ങൾ എത്രയോ കണ്ടിട്ടുണ്ടാവും നാം. അമ്മയുടെ മാറോട് ചേർന്നുറങ്ങാൻ കൊതിച്ച്, നൊമ്പരപ്പെട്ട് ഉറക്കമില്ലാതെ കരഞ്ഞ എത്രയോ രാത്രികളുടെ കഥ പറയാനുണ്ടാവും ആ കുഞ്ഞു മനസ്സുകൾക്ക്. വിലപിടിപ്പുള്ള ആഭരണങ്ങൾക്കും, സ്വത്തുക്കൾക്കുമപ്പുറം അവർ കൊതിക്കുന്നത് സ്നേഹം എന്ന മൂന്നക്ഷരം മാത്രമാണ്. തെരുവിൽ അനാഥരായി വളരുന്ന പെൺബാല്യങ്ങൾ പശിയടക്കാൻ ഒരു നേരത്തെ ആഹാരത്തിനായി കൈനീട്ടുമ്പോൾ തല്ലിയോടിക്കുന്ന പരിഷ്ക്കാരികൾ അവർക്ക് പ്രായപൂർത്തിയായതറിഞ്ഞാൽ കുറുനരികളെപ്പോലെ ഓടി അടുത്തുകൂടും. അവളെ പിച്ചിച്ചീന്താൻ. ആരിൽ നിന്നും ചോദ്യശരങ്ങൾ ഉണ്ടാവില്ല. ഒരു ചാനലിന്റെയും ക്യാമറകണ്ണുകൾ അവളെ കാണുകയുമില്ല. തത്ഫലമായി, അനാഥത്വങ്ങൾ പിന്നെയും തുടർക്കഥകളായി അവശേഷിക്കുകയും തുടരുകയും ചെയ്യുന്നു; ഈ കേളീവന കേരളത്തിൽ. ദിനംപ്രതി അബോർഷനുകളുടെ എണ്ണം പോലും കൂടി വരുന്ന നമ്മുടെ കേരളത്തിൽ എന്തുകൊണ്ട് എന്നിട്ടും അനാഥത്വങ്ങൾ പെരുകുന്നുവെന്ന് ആർക്കും അറിയില്ല. അനാഥ ബാല്യങ്ങളെ കല്ലെറിഞ്ഞ് ഓടിക്കുവാനും സഹതപിക്കുവാനും പുച്ഛിക്കുവാനും മാത്രമുള്ള ജന്മങ്ങളായി കാണുന്ന മനുഷ്യർക്ക് അതൊന്നും ചിന്തിക്കാൻ താല്പര്യമുണ്ടാവില്ല. എന്നാൽ എല്ലാം നോക്കികണ്ട് നോക്കുകുത്തിയാകാതെ പ്രതികരിക്കാനും പ്രശ്നങ്ങൾ പരിഹരിക്കുവാനുമുള്ള ആർജ്ജവം നാം നേടണം. ഭൂമിയിലെ അനാഥർ എന്നും വിളിക്കപ്പെടുന്ന മാലാഖമാർ ഒറ്റപ്പെടാൻ പാടില്ല. കേവലം ഒരു കൈത്താങ്ങ് അത്ര മാത്രമെ അവരും കൊതിക്കുന്നുള്ളു. അതിനുപോലും നമുക്കായില്ലെങ്കിൽ ഇഹലോകവാസം വെടിഞ്ഞ് നാം പരലോകത്തെത്തുമ്പോൾ ഈശ്വരന്റെ ചോദ്യങ്ങളുണ്ടാവാം. എന്റെ പിഞ്ചുകുഞ്ഞുങ്ങളുടെ തേങ്ങലിനു മുന്നിൽ നിങ്ങൾ കണ്ണടച്ചുവോ? എന്ന്. സാക്ഷാൽ ദൈവമാണ് ചോദിക്കുന്നത്. ഉത്തരം മുട്ടിക്കുന്ന ഇത്തരം ചോദ്യങ്ങൾക്ക് ഇല്ല എന്ന് ഉത്തരം പറയാൻ കഴിയണം തെല്ലും സംശയമില്ലാതെ. മാതാപിതാക്കൾ ജീവനോടെ ഉണ്ടായിട്ടും അനാഥരാകുന്ന കുഞ്ഞുങ്ങൾ ഏറെയാണ്. നിഷ്ക്കളങ്കമായി തന്നെ നോക്കി ചിരിക്കുന്ന, നൊന്തു പ്രസവിക്കുന്ന കുഞ്ഞുങ്ങളെ സമൂഹത്തിന് മുമ്പിൽ സ്വന്തം മുഖം രക്ഷിക്കാൻ നിഷ്ക്കരുണം ഉപേക്ഷിക്കുന്ന സ്ത്രീത്വം, സ്വന്തം ജീവിതം തന്നെ ഈ മാലാഖമാർക്ക് വേണ്ടി ഉഴിഞ്ഞുവെച്ച ഒരമ്മയുണ്ട് സ്നേഹത്തോടെ നമ്മൾ വിളിക്കുന്ന മദർ തെരേസ. ഈ പോറ്റമ്മയ്ക്ക് മുന്നിൽ എത്രയോ തരംതാണുപോയി നൊന്തുപെറ്റ കുഞ്ഞിനെ ഉപേക്ഷിക്കുന്ന സ്ത്രീ... അമ്മയല്ല, ഇത്തരം സ്ത്രീകൾ ശിക്ഷിക്കപ്പെടുക തന്നെ വേണം.

കേരളത്തിലെ എണ്ണിയാലൊടുങ്ങാത്ത തെരുവുകളിൽ, ഓടിക്കളിച്ചു വളരുന്ന പെൺകുഞ്ഞുങ്ങൾ പ്രായം തികഞ്ഞാൽ പെട്ടെന്നൊരു സുപ്രഭാതത്തിൽ അപ്രത്യക്ഷരാവുന്നു. പകൽ വെളിച്ചത്തിൽ വെള്ളക്കുപ്പായം ധരിച്ച് ജനങ്ങളെ ഇളിച്ചുകാട്ടി നടക്കുന്ന പകൽമാന്യന്മാരുടെ ശിങ്കിടികൾ, തെരുവിലെ പെൺകുട്ടികളെ രാത്രിയ്ക്ക് രാത്രി മുംബൈയിലേക്കോ, കാമവെറി പൂണ്ട പകൽ മാന്യരുടെ കിടപ്പറയിലേക്കോ തട്ടിക്കൊണ്ടു പോകുന്ന വിവരങ്ങൾ കഴുത്തിൽ കാർഡും തൂക്കി മൈക്കും, ക്യാമറയുമായി നാടുമുഴുവൻ ചുറ്റുന്ന നമ്മുടെ ചാനലിലെ ചേട്ടന്മാരും പിന്നെ നമ്മുടെ നിയമപാലകരും അറിയാഞ്ഞിട്ടാണോ? അതോ സ്വതാൽപര്യാർത്ഥം ഒന്നു കണ്ണടച്ചു നോക്കുന്നതോ? രണ്ടായാലും ജനങ്ങൾക്കിതുമായി യാതൊരു ബന്ധവുമില്ല. ഇതൊക്കെ അന്വേഷിച്ച് പണത്തിന് പിറകെ ഓടാനുള്ള അവരുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്താൻ വിഡ്ഢികളല്ലല്ലോ മലയാളികൾ. അല്ലെങ്കിലും മലയാളികൾക്ക് ഇത്തിരി ബുദ്ധി കൂടുതലാണ്. കുരുട്ടു ബുദ്ധിയെന്ന് മാത്രം. അപ്പോൾ പിന്നെ വർഷം പ്രതി അനാഥാലയങ്ങലുടെയും അമ്മത്തൊട്ടിലുകളുടേയും എണ്ണം കൂടിവരുന്ന വിവരവും ആരും അരിയാനും സാധ്യതയില്ല. സമ്പന്നരായ മാതാപിതാക്കളുടേയും മരണശേഷം എലി പുന്നെല്ലു കണ്ട പോലെ അടുത്തു കൂടുന്ന ബന്ധുജനം സ്വത്തു കൈക്കലാക്കി തെരുവിലേക്കെറിയപ്പെടുന്ന ബാല്യങ്ങളും ഏറെയാണ്. നമ്മുടെ കേരളത്തിലെ നിയമപാലകരുടെ കോഴ കണ്ട് മഞ്ഞളിച്ച കണ്ണുകൾക്ക് ഇതു കാണുവാനുള്ള ശേഷിയുമുണ്ടാകില്ല.



Mohammed Shahid K.
2nd Islamic History

# അമ്മ

## എന്ന വാക്കിന് തുല്യം അമ്മ മാത്രം

അതി തീവ്രമായ പ്രകാശം കണ്ണിൽ അടിച്ചപ്പോൾ അമ്മാളു കണ്ണുകൾ അടച്ചു. പിന്നീട് പതിയെ എഴുന്നേൽക്കാനുള്ള ശ്രമം. കുറേ മനുഷ്യസ്നേഹികൾ ചുറ്റും നിൽക്കുന്നു. ആരുടേയും കൈത്താങ്ങുകൾ അമ്മാളു അമ്മയിലേക്ക് എത്തിയില്ല. മറിച്ച് ബുദ്ധികൂടിയ കുറേ പേർ ഫോൺ ക്യാമറയിൽ പടം പകർത്തുന്നുണ്ട്. ആ കണ്ണുകൾ വീണ്ടും നിദ്രയിലേക്ക്.

കണ്ണു തുറന്നപ്പോൾ അമ്മാളു അമ്മ ഒരു വൃദ്ധസദനത്തിലാണ്... മെല്ലെ എഴുന്നേൽക്കാം. മുറിവുകൾ കരിഞ്ഞ് തുടങ്ങിയിരുന്നു. എന്തുകൊണ്ടോ മനസ്സിൽ ഏറ്റ മുറിവുകൾ ഉണങ്ങിയില്ല. തന്റെ മുറിവിന്റെ കാരണങ്ങൾ തേടി അമ്മാളു അമ്മ വീണ്ടും പതിയെ പുറകിലേക്ക് ചിന്തിച്ചു. അന്ന് അമ്മാളു അമ്മയ്ക്ക് പ്രായം 23 വയസ്സ്. വിവാഹം കഴിച്ചിട്ടില്ല. മതവും ജാതിയും സാമ്പത്തികവും നോക്കി വീട്ടുകാരും ബുദ്ധിമുട്ടിച്ചില്ല. അവസാനം സ്വയം ഒരാളെ കണ്ടെത്തി. പ്രായം ഏറിവരുന്നതായി തോന്നി തുടങ്ങി. ഒരു ദിവസം ജോലിക്ക് പോയ ആ മാന്യ ഭർത്താവ് തിരിച്ച് വന്നില്ല.



ഒറ്റയ്ക്കുള്ള തുഴച്ചിലിൽ അമ്മാളു ഒരു പെൺകുഞ്ഞിന് ജീവൻ പകർന്നു. പേര് സന്ധ്യ. ചുറ്റുവട്ടത്തിൽ എല്ലാവരും ഉയർന്ന സ്കൂളിൽ പഠിക്കുമ്പോൾ എന്റെ മകളും അങ്ങനെ പഠിക്കണം എന്ന് ആഗ്രഹിച്ചു. പഠിപ്പിച്ചു അവളെ ഉയർന്ന സ്കൂളിൽ എല്ലാ സൗകര്യങ്ങളും, ക്ഷമിക്കുക എല്ലാ സുഖസൗകര്യങ്ങളും നൽകി. പ്ലസ് വൺ - ന് അഡ്മിഷൻ കുറേ ദൂരെയാണ് ലഭിച്ചത്. തുച്ഛമായ വരുമാനത്തിൽ നിന്നും മിച്ചം പിടിച്ചും, പട്ടിണി കിടന്നും ആ അമ്മ മകളെ നഗരത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർത്ത് പഠിപ്പിച്ചു. അവൾ വരാൻ താമസിക്കുമ്പോൾ ആ അമ്മയുടെ മനസ്സിൽ കനൽ എരിയും. കണ്ണുകളിൽ ജ്വാല കത്തും. അങ്ങനെ ഒരു വർഷം കടന്നുപോയി. സന്ധ്യയ്ക്ക് ആദ്യവർഷം നന്നേ മാർക്ക് കുറഞ്ഞു. അമ്മ സ്കൂളിലെത്തി. അധ്യാപകരെ കണ്ടു. പക്ഷേ ആ അമ്മയുടെ മനസ്സിലെ കനൽ മകൾ അറിഞ്ഞില്ല. കാരണം അവളുടെ നെഞ്ചിൽ ഒരു രാജകുമാരനുണ്ടായിരുന്നു, ശരത്. മൊബൈൽ ഫോണിന്റേയും ഇന്റർനെറ്റിൻരേയും ലോകത്തിൽ അവളുടെ ചിറക് വിരിച്ച് പറന്ന് ഉയർന്നു. പഠനം ചിറക് തളർന്ന് താഴേക്ക്.

ഒരു ദിവസം സമയം കഴിഞ്ഞിട്ടും തിരിച്ച് എത്താത്ത മകളെ നോക്കി ആ അമ്മ ഇറങ്ങി. ഒടുവിൽ കണ്ട കാഴ്ച. ഒരിക്കൽ പോലും കണ്ണ് നനച്ചില്ല. കാരണം വളം ഇട്ട്, വെള്ളം നനച്ച് കൃഷി ചെയ്ത കർഷകനെ പ്രളയം ചതിച്ചു. ഇവിടെ അമ്മാളു അമ്മയെ മകലുടെ പ്രണയവും ഒടുവിൽ ഒറ്റയ്ക്ക് തുഴഞ്ഞ ............ റോഡരികിൽ തളർന്നുവീണു.

ഇങ്ങനെ ഇപ്പോൾ ഇവിടെ ഈ വൃദ്ധസദനത്തിൽ. തന്റെ ഒരു ജന്മം മുവുവൻ പാഴാക്കിയ മകൾക്ക് ഏഴ് ജന്മം മോക്ഷം ലഭിക്കാതെ അലയും എന്ന് ആ അമ്മ ശപിച്ചിട്ടുണ്ടാകുമോ? ഇല്ല ഇങ്ങനെ ശപിക്കാൻ മകൾക്ക് ആകുമെങ്കിലും സ്വന്തം മകളെ ശപിക്കാൻ ഒരമ്മയ്ക്കുമാവില്ല. അതാണ് അമ്മ എന്ന വാക്കിന്റെ മഹത്വം.



Shan B
S4 Botany

ഊഷരം പറഞ്ഞത്

# അറേഞ്ച്ഡ് മാര്യേജ്, ലൗ മാര്യേജ്, ലിവിങ് ടുഗെതർ.....???!





Amrutha R.
S4 B.Sc Chemistry

കേരളത്തിൽ ഇന്ന് അറേഞ്ച്ഡ് മാര്യേജുകളുടെയും, ലൗ മാര്യേജുകലുടെയും കാലം കഴിഞ്ഞു. ഇന്നിതിപ്പോൾ ലിവിങ് ടുഗെതറിന്റെ കാലഘട്ടമാണ്. ഇനി അടുത്തത് എന്താകുമെന്ന് ഉര്റു നോക്കുകയാണ് നമ്മുടെ കൊച്ചുകേരളം. ഒരു മുപ്പതുവർഷം മുമ്പ് കേരളത്തിൽ നടക്കുന്ന വിവാഹങ്ങലുടെ ഒരു 99%വും അറേഞ്ച്ഡ് മാര്യേജ് തന്നെയായിരുന്നു. കേവലം 1% മാത്രം പ്രണയവിവാഹങ്ങളും നടന്നിരുന്നു. അതിലും പകുതിയോളം പരാജയം. ചുരുക്കി പറഞ്ഞാൽ അന്നു നടന്നിരുന്ന ഒരു നല്ല കുടുംബ രൂപീകരണത്തിൽ കേവലം 0.5 പങ്കു മാത്രമെ പ്രണയവിവാഹം വഹിച്ചിരുന്നുള്ളു. ലിവിങ് ടുഗെതർ അവിടെയൊന്ന് എത്തിനോക്കുക പോലും ചെയ്തിട്ടില്ല. പിന്നെയും ഒരു മുപ്പതുവർഷം കൂടി പിന്നിട്ടപ്പോൾ ഗതി മാറി. കേരളത്തിൽ നടക്കുന്ന വിവാഹങ്ങലുടെ ഒരു 70 ഉം ലൗ മാര്യേജുകളുടെ അല്ലെങ്കിൽ ലൗ-അറേഞ്ച്ഡ് മാര്യേജുകളോ ആയി തീർന്നു. അറേഞ്ച്ഡ് മാര്യോജുകൾ കേവലം 30% മാത്രമായി കുറഞ്ഞു. വിരലിൽ എണ്ണാവുന്ന കണക്കിൽ ലിവിങ് ടുഗതെറും. അറെഞ്ച്ഡ് മാര്യേജുകളിലെ 30% ൽ ഭൂരിഭാഗം പങ്കുവഹിച്ചതും കേരളത്തിലെ പരമ്പരാഗത മുസ്ലീം സമുദായത്തിൽ നടക്കുന്ന വിവാഹങ്ങളായിരുന്നു. അതിൽ നിന്നൊക്കെ കാലം പിന്നെയും കുറേക്കൂടി മുമ്പോട്ട് സഞ്ചരിച്ചു. കുടുംബരൂപീകരണത്തിന് അടിസ്ഥാനം നൽകുന്ുവെന്ന് വിശ്വസിച്ചിരുന്ന വിവാഹം എന്ന വലിയൊരവകാശത്തിൽ നിന്നു തന്നെ വിട്ട്, കേരളം ഇന്ന് എത്തിനിൽക്കുന്നത് ലിവിങ് ടുഗെതർ എന്ന പുത്തൻ പരിഷ്ക്കാരത്തിന്റെ ഒത്ത മധ്യത്തിലാണ്.

അറേഞ്ച്ഡ് മാര്യേജാണോ, ലൗ മാര്യേജാണോ, അതോ വിവാഹം പരമ്പരാഗത ചടങ്ങിൽ പോലും വിശ്വാസമില്ലാത്ത ലിവിങ് ടുഗോതർ ആണോ ഏറ്റവും അഭികാമ്യം എന്നു പരിശോധിക്കും മുമ്പ്, കുടുംബം എന്നാൽ എന്തെന്നും സമൂഹത്തിൽ കുടുംബരൂപീകരണത്തിന്റെ പ്രാധാന്യം എന്തെന്നും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. കൂടുമ്പോൾ ഇമ്പമുള്ളത് എന്തോ, അതാണ് കുടുംബം. എന്നാൽ

ആധുനിക കേരളത്തിന്റെ അവസ്ഥ കൂടുമ്പോൾ കൊലപാതകം വരെ സംഭവിക്കാം എന്നതാണ് എന്ന ശോചനീയാവസ്ത കൂടി ഒന്നറിഞ്ഞിരിക്കുന്നത് നന്ന്. വിവാഹം എന്തിനാണെന്നു മാതാപിതാക്കളോട് ഒരു കുട്ടി ചോദിച്ചാൽ, തലമുറ നിലനിർത്തുന്നതിന് എന്ന ഒറ്റവാക്കിലൊരു മറുപടി ലഭിക്കും. എന്നാൽ അതല്ല, തലമുറ നിലനിർത്തുക എന്നത് ഒരു ഘടകം തന്നെ, എങ്കിൽപോലും കേവലം ആ ഒരൊറ്റ ഉദ്ദേശ്യം മാത്രമല്ല വിവാഹത്തിനുള്ളത്. അതിനൊക്കെ അപ്പുറം വിശാലമായ അർത്ഥതലങ്ങൾ വിവാഹത്തിനു നൽകാൻ കഴിയും. കേവലം തലമുറ നിലനിർത്തുക എന്നത് മാത്രമാണ് വിവാഹത്തിന്റെ ഉദ്ദേശം എന്നു പറഞ്ഞാൽ, തലമുറ നിലനിർത്തുന്നതിന് വിവാഹം കഴിക്കേണ്ടതുണ്ടോ? എന്ന മറുചോദ്യമാകും മറുപടി.

കുടുംബരൂപീകരണത്തിന് പ്രധാന പങ്കുവഹിക്കുന്നത് വിവാഹമാണ്. കുടുംബത്തിന്റെ അടിത്തറ തന്നെ വിവാഹബന്ധത്തിൽ നിന്ന് ആരംഭിക്കുന്നു. അതുപിന്നെ പടർന്നു പന്തലിച്ച് ഒരു പടു വൃക്ഷമായി തീരുന്നു. ഇനി കുടുംബരൂപീകരണത്തിന്റെ ആവശ്യകത എന്തെന്നു ചോദിച്ചാൽ മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. അതുകൊണ്ട് തന്നെ ഒറ്റയ്ക്ക് നിലകൊള്ളുക എന്നത് അവന് അസാധ്യമാണ് എന്നു പറയുകയേ നിവൃത്തിയുള്ളൂ. പരസ്പരമുള്ള സ്നേഹത്തിന്റെ കൊടുക്കൽ വാങ്ങലുകളിലൂടെ മാത്രമേ മനുഷ്യജീവിതം അർത്ഥവത്താകുന്നുള്ളൂ. മനുഷ്യജീവിത്തിന്റെ ന്യൂക്ലിയസ് തന്നെ സ്നേഹം എന്ന ഏറെ അർത്ഥമുള്ള മൂന്നക്ഷരങ്ങളാണ്. വിവാഹം സ്വർഗ്ഗത്തിൽ വച്ച് നടക്കപ്പെടുന്നു എന്ന ദൈവവചനത്തിന്റെ കാരണവും അനിവർചനീയമായ സ്നേഹം എന്ന വാക്കിന്റെ പ്രവചനാതീതമായ കൈമാറ്റത്തിന്റെ പരിണിത ഫലമാണ്. വിവാഹം എന്നത് മനസ്സുകളുടെ കൈമാറ്റമാണ്. എന്നാൽ വിവാഹം എന്നു കേൾക്കുമ്പോൾ തന്നെ ഭയചകിതരാകുന്ന മനുഷ്യർ നമുക്കിടയിലുണ്ട്. വിവാഹത്തെ ഒരുതരം വിമർശന ചിന്താഗതിയോടെ സമീപിക്കുന്നവരാണ് ഇത്തരക്കാർ. അതിനു കാരണം സമൂഹവും സ്വന്തം കുടുംബവും അവരുടെ ബാല്യത്തിൽ തന്നെ അവർക്കു നൽകിയിട്ടുള്ള വികലമായ അറിവുകളാണ്. കുടുംബജീവിതത്തിന്റെ വ്യക്തമായ ഉദ്ദേശവും വിവാഹം എന്നതിന്റെ മഹത്വവും അവർക്ക് അന്യമായതാണ് ഇതിനു കാരണം. വിവാഹം എന്നു കേൾക്കുമ്പോൾ കേരളത്തിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾ ആണ് ഭയക്കുന്നത്. അതിന്റെ കാരണം തികച്ചും സുതാര്യവുമാണ്. ഗാർഹിക പീഡനം,. സ്ത്രീധനം, അടിമത്വം, പുരുഷ മേധാവിത്വം തുടങ്ങിയ വിവാഹജീവിതം ആരംഭിക്കുന്നതോടൊപ്പം കേരളത്തിലെ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾ ഏറെയാണ്. അങ്ങനെ വരുമ്പോൾ താൻ വിവാഹം കഴിക്കില്ല എന്ന് കേരളത്തിലെ ഒരു സ്ത്രീ ശാഠ്യം പിടിച്ചാൽ അവളെ കുറ്റപ്പെടുത്താൻ ആകില്ല. സ്ത്രീയെ കണക്കറ്റ പൊന്നിന്റെയും പണത്തിന്റെയും അളവു നോക്കി തൂക്കി വാങ്ങുന്ന പുരുഷഹാരത്തിന്, വിവാഹംവരെയും യാതൊരു കളങ്കവും കൂടാതെ സൂക്ഷിച്ചു വച്ച തന്റെ കന്യകത്വം തന്റെ പതിയ്ക്കായി മനസ്സറിഞ്ഞു നൽകുന്ന സ്ത്രീത്വത്തിന് എന്തു പ്രതിഫലമാണ് നൽകാൻ കഴിയുക. എങ്കിലും അങ്ങനെയൊരു പ്രതിഫലം പോലും ഭാരതീയ സ്ത്രീത്വം ആഗ്രഹിക്കുന്നില്ല എന്ന വസ്തുത സ്ത്രീയെ സ്നേഹത്തിന്റെ ഏറ്റവും മൂർത്തിമദ്ഭാവമാക്കി മാറ്റുന്നു.

പരമ്പരാഗത കേരളീയ സംസ്ക്കാരത്തിൽ വിവാഹം എന്നത് കുടുംബ ജീവിതത്തിന്റെ അടിത്തറയായി കണക്കാക്കപ്പെട്ടിരിക്കുന്നു. കേരളീയ വിവാഹ സങ്കൽപത്തിൽ, സ്ത്രീയും, പുരുഷനും ദൈവസാന്നിദ്ധ്യത്തിൽ കേരളീയ സംസ്കാരം അനുസരിച്ച് മതപരമായ വ്യത്യസ്ത ചടങ്ങുകളോടെ വിവാഹിതരാവുകയും സ്ത്രീ പാണിഗ്രഹണം ചെയ്യപ്പെടുകയും ചെയ്യുന്നു. ഹിന്ദു വിശ്വാസത്തിൽ സ്ത്രീ പുരുഷനിൽ നിന്നും താലി സ്വീകരിച്ച് പുരഷൻ സ്ത്രീയെ മൂർദ്ധാവിൽ ചാർത്തുന്ന കുങ്കുമത്തിന്റെ നിറവിൽ അവൾ അവനു ഭാര്യയായി തീരുന്നു. മുസ്ലീം സമുദായത്തിലും, ക്രിസ്ത്യൻ സമുദായത്തിലുമുൾപ്പെടെ മറ്റെല്ലാ മതപരമായ വിവാഹസങ്കൽപ്പത്തിലും താലി ഒരു ഘടകമാണ്. താലി യഥാർത്ഥത്തിൽ പുരുഷൻ സ്ത്രീയ്ക്ക് നൽകുന്ന ഒരു വഗ്ദാനമാണ്. ജീവിതകാലം മുഴുവൻ അവളെ നോക്കിക്കൊള്ളാം എന്ന വാഗ്ദാനം. അങ്ങനെ ഓരോ മതവും അവരുടെ ചിട്ടയ്ക്കും ശൈലിക്കും ചേർന്ന വിധത്തിൽ ഓരോരോ വിവാഹ ചടങ്ങുകൾ പണ്ടേ തന്നെ നിയപ്പെടുത്തി വച്ചിരിക്കുന്നു. അതൊക്കെ തന്നെ അവരവരുടെ പ്രാർത്ഥനയ്ക്കും ആചാരത്തിനുമൊപ്പം നടത്തപ്പെടുകയും ചെയ്യുന്നു. മതപരമായി വിവാഹം ആയിരം ആയിരം വ്യത്യസ്തതകൾ പുലർത്തുന്നുവെങ്കിലും നിയമപരമായി വിവഹം ഒരു വ്യത്യസ്തതയുമില്ലാതെ ഒരേ രീതിയിൽ നടക്കുന്നു. ഇന്ത്യയിലുള്ള ഏതൊരു സ്ത്രീയ്ക്കും പുരുഷനും വിവാഹം ചെയ്യുന്നതിന് അവർ നിയമപരമായി രജിസ്റ്റർ ചെയ്യുക തന്നെ വേണം. അല്ലാത്തപക്ഷം ഇന്ത്യൻ നിയമപ്രകാരം അവർ ഭാര്യാഭർത്താക്കന്മാർ ആകുന്നില്ല. നിയമത്തിനു മുന്നിൽ അവർ തമ്മിൽ യാതൊരു ബന്ധവുമില്ല. ആയതിനാൽ നിയമപരമായി യാതൊരു ആനുകൂല്യങ്ങളും ഇവർക്കു ലഭ്യമല്ലെന്നു മാത്രമല്ല, ഇവരുടെ ഡിവോഴ്സ് കേസുപോലും കോടതി പരിഗണിക്കുന്നതല്ല.

കേരളത്തിന്റെ തനതു സംസ്ക്കാരത്തോടും അതിന്റെ എല്ലാ ചടങ്ങുകളോടും കൂടെ തന്നെ രക്ഷിതാക്കളുടെയും ബന്ധുമിത്രാദികളുടെയും അറിവോടും സമ്മതത്തോടും അനുഗ്രഹത്തോടും കൂടി നടക്കുന്ന വിവാഹങ്ങളാണ് അറേഞ്ച്ഡ് മാര്യേജുകൾ. പുരാതന കേരളത്തിൽ നടന്നിരുന്ന വിവാഹങ്ങളുടെ ഏറിയ പങ്കും അറേഞ്ച്ഡ് മാര്യേജുകൾ തന്നെയായിരുന്നു. കുടുംബത്തിൽ നിന്നു തന്നെ മുറയെ കണ്ടെത്തി വിവാഹം നടത്തിയിരുന്ന ഒരു

കാലഘട്ടം കേരളത്തിനുണ്ടായിരുന്നു. ഇന്നും ആ സംസ്കാരം എറെ അകലെയല്ല. കുടുംബ ബന്ധങ്ങളെ ഒന്നു കൂടി ദൃഢപ്പെടുത്തുവാൻ വേണ്ടിയായിരുന്നു അത്. എന്നാൽ കേരളീയ കുടുംബങ്ങളിൽ അതത്ര വിജയകരമായി കണ്ടുവരുന്നില്ല. ചെറുപ്പത്തിലേ പറഞ്ഞുവച്ച് മുറ തമ്മിൽ വിവാഹം നടത്തുമ്പോൾ സ്ത്രീയുടേയും, പുരഷന്റേയും യോഗ്യതകൾ തമ്മിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുന്നു. ഇത് വിവാഹത്തിനുശേഷം മൊത്തം കുടുംബത്തിന്റെ തന്നെ കലഹത്തിന് ഇടയാക്കുന്നു. മാത്രമല്ല, മനസ്സുകളുടെ ചേർച്ചയില്ലാതെ കുടുംബത്തിന്റെ നിർബന്ധത്തിനു വഴങ്ങി വിവാഹം കഴിക്കുന്ന സ്ത്രീയും പുരുഷനും അവരുടെ കുടുംബജീവിതത്തിൽ പൂർണ പരാജയം കൈവരിച്ച അനുഭവങ്ങൾ ഏറെയാണ്. കുടുംബത്തിൽ നിന്നുള്ള വിവാഹം ശാസ്ത്രപരമായും ബുദ്ധിമുട്ടുള്ളതാണ്. ജന്മം കൊള്ളുന്ന കുഞ്ഞുങ്ങളെ ഇത് വളരെ മോശകരമായി ബാധിക്കുകയോ, കുഞ്ഞ് ജന്മം കൊള്ളാതിരിക്കുവാൻവരെ കാരണമായി തീരുകയോ ചെയ്യാം. അങ്ങനെ വരുമ്പോൾ വിശാലമായ സാധ്യതകൾ പുറത്തുള്ളപ്പോൾ മുറയിൽ നിന്ന് വിവാഹം തീർത്തും വിഢ്ഢിത്തം! എന്നേ പറയാനാകൂ. കേരളത്തിൽ ശൈശവവിവാഹം നടന്നിരുന്ന ഒരു കാലഘട്ടവും ഉണ്ടായിരുന്നു. കേരളത്തിലെ കാരണവന്മാർക്ക് പറ്റിയ ഏറ്റവും വലിയ മണ്ടത്തരങ്ങളിൽ ഒന്നാണ് ശൈശവ വിവാഹം. എന്നാൽ അതിനൊക്കെ ശേഷം വിവാഹം മറ്റു കുടുംബത്തിലേക്ക് കൂടി ആലോചിച്ച് നടത്തുവാൻ തുടങ്ങി. ഒരു സ്ത്രീ അവളുടെ ജീവിതത്തിന്റെ ഏറിയ പങ്കും വസിക്കുന്നത് അവളുടെ ഭർതൃഗൃഹത്തിലാണ് എന്നതുകൊണ്ട് തന്നെ ഒരു സ്ത്രീയുടെ സുസ്ഥിരവും വിശാലവുമായ ഭാവിയ്ക്ക് അവളുടെ മനസ്സിനിണങ്ങുന്ന ഒരു ഭാവിവരനെ കണ്ടെത്തുക എന്നത് വളരെ അനിവാര്യം തന്നെയാണ്. അറേഞ്ച്ഡ് മാര്യേജുകളിൽ ഈ കടമ നിർവ്വഹിക്കുന്നത് രക്ഷിതാക്കളാണ്. മക്കളുടെ ശോഭനഭാവിക്ക് രക്ഷിതാക്കൾ എന്തും ചെയ്യാൻ മനസ്സും സന്നദ്ധതയും ഉള്ളവരാണ് എന്നിരിക്കെ തന്നെ മക്കളുടെ മനസ്സ് അറിയുവാൻ ശ്രമിക്കാതെ സമ്പന്നരായ ആളുകളെക്കൊണ്ട് മക്കളെ വിവാഹം കഴിപ്പിക്കുന്ന മാതാപിതാക്കളാണ് ഇന്ന് കേരളത്തിൽ ഏറെയും. തൽഫലമായി പലപ്പോഴും മാതാപിതാക്കൾ സ്വത്ത് നഷ്ടപ്പെട്ട് തെരുവിലേക്ക് ഇറക്കപ്പെടുകയും പെൺകുട്ടികളുടെ ജീവിതം തകർച്ചയിലേക്ക് എടുത്തെറിയപ്പെടുകയും ചെയ്യുന്നു. പൊതുവേ സ്വസ്തവും ശാന്തവുമായ കുടുംബരൂപീകരണമാണ് അറേഞ്ച്ഡ് മര്യേജുകളുടെ പ്രധാന നേട്ടം. വലിയ പൊട്ടലുകളോ, ചീറ്റലുകളോ ഒന്നും തന്നെ ഇല്ലാതെ രണ്ടു കുടുംബങ്ങലുടെയും പൂർണ സമ്മതത്തോടുകൂടി രണ്ടു മനസുകൾ ഒന്നു ചേരുന്നു എന്ന് പൂർണമായും പറയുവാനാവില്ല. എങ്കിലും കുറേ......, കാരണം പ്രവചനാതീതമായ മനുഷ്യമനസ് സ്വയം സ്നേഹിക്കുകയല്ലല്ലോ സ്നേഹിക്കപ്പെടാൻ നിർബന്ധിക്കപ്പെടുകയല്ലേ അറേഞ്ച്ഡ് മാര്യേജുകളിൽ നടക്കുന്നത്. അങ്ങനെ വരുമ്പോൾ താൻ വിവാഹം കഴിക്കുന്നയാളെ സ്ത്രീയായാലും പുരുഷൻ ആയാലും തനിക്ക് ഉൽക്കൊള്ളുവാൻ കഴിഞ്ഞാലും ഇല്ലെങ്കിലും സഹിച്ചേ പറ്റൂ! ഒപ്പം ജീവിച്ചേ മതിയാകൂ! ഉള്ളിലുള്ള ആഗ്രഹങ്ങളോക്കെ മൂടിവച്ച് തനിക്ക് വിധിക്കപ്പെട്ട പുരുഷനോടൊപ്പം അവന്റെ പീഢനങ്ങൾ സഹിച്ച് മരണതുല്യമായ ജീവിതം നയിക്കുന്ന എത്രയോ സ്ത്രീകൾ നമ്മുടെ സമൂഹത്തിൽ നമ്മുടെ കൺമുമ്പിലുണ്ട്. യഥാർത്ഥമായ സ്നേഹം മനുഷ്യ മനസ്സിന്റെ ഉൾകാമ്പിൽ രൂപപ്പെടുന്നതാണ് എന്നതുകൊണ്ടു തന്നെ എത്ര സമ്മർദ്ദം ചെലുത്തിയാലും സ്നേഹം അഭിനയിച്ചു പൊലിപ്പിക്കാം എന്നല്ലാതെ ആത്മാർത്ഥത സംഭാവന ചെയ്യുവാൻ അതിനു കഴിയുന്നില്ല എന്നത് അറേഞ്ച്ഡ് മാര്യേജിന്റെ ഒരു വലിയ പോരായ്മ തന്നെയാണ്. പിന്നെ പരസ്പരമുള്ള ഒരു അഡ്ജസ്റ്റ്മെന്റ് കഴിയുക എന്നതു മാത്രമാണൊരു പരിഹാരം. അതിനും കഴിയാത്ത അവസ്ഥയിൽ പിന്നെ വിവാഹമോചനം തന്നെ ഏകമാർഗ്ഗം. കേരളത്തിലെ വിവാഹ മോചനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ അറേഞ്ച്ഡ് മാര്യേജുകളുടെ പങ്ക് വളരെ വലുതാണ്. പൊന്നിന്റെയും പണത്തിന്റെയും അളവു തൂക്കം നോക്കി സ്ത്രീയെ തൂക്കി വിൽക്കുന്ന സംസ്കാര ശൂന്യതയും അറേഞ്ച്ഡ് മാര്യേജുകളുടെ മറ്റൊരു വലിയ പോരായ്മയാണ്. സ്ത്രീധന തർക്കത്തിന്റെ പേരിൽ ഭർതൃ കുടുംബത്തിൽ ദുരിതം അനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണവും ഒട്ടും കുറവല്ല കേരളത്തിൽ.

ഒരിടക്കാലംകൊണ്ട് പ്രണയവിവാഹങ്ങൾ കേരളത്തിൽ വലിയ ഭൂകമ്പം സൃഷ്ടിച്ചു കൊണ്ടിരിക്കുകയായിരുന്നു. പ്രണയ വിവാഹങ്ങളുടെ ആഗമനം അറേഞ്ച്ഡ് മാര്യേജുകളുടെ എണ്ണത്തിൽ കുറവുണ്ടാക്കി. ഇപ്പോൾ നടക്കുന്ന വിവാഹങ്ങളുടെ ഏറിയപങ്കും ഒന്നുകിൽ പ്രണയവിവാഹം അല്ലെങ്കിൽ love comes arranged marriage of love marriage തന്നെയാണ്. ഒരു നാണയത്തിന്റെ ഇരുവശങ്ങൾ എന്നപോലെ ലൗവ് മാര്യേജുകൾക്കുമുണ്ട് മേന്മകളും പോരായ്മകളുമായി ഇരുവശങ്ങൾ. ലൗവ് മാര്യോജുകൾ പരസ്പരം മനസ്സിലാക്കിയും സ്നേഹിച്ചും കൊണ്ട് ഒരു കുടുംബജീവിതം ആരംഭിക്കുന്നതിലേക്ക് വഴിവയ്ക്കുന്നു. സ്ത്രീയും പുരുഷനും അവരുടെ മനസിന് ഇണങ്ങിയ ഇണയെ യാദൃശ്ചയാൽ കാണുകയും പരിചയപ്പെടുകയും അവരിൽ അനുരക്തരാവുകയും തുടർന്ന് അത് പ്രണയത്തിലേക്ക് വഴിവയ്ക്കുകയും ഒടുവിൽ വിവാഹിതരാവുകയും ചെയ്യുന്നു. പ്രണയവിവാഹങ്ങളിൽ കുടുംബങ്ങൾക്ക് പൊതുവേ താൽപര്യം ഇല്ലെന്നുള്ളതുകൊണ്ട് കമിതാക്കൾ അവരുടെ സ്വതാൽപര്യ പ്രകാരം വിവാഹിതരാവുകയും ഇത് കുടുംബത്തിൽ വലിയ കോളിളക്കം സൃഷ്ടിക്കുകയും കുടുംബ ബന്ധങ്ങളെ പലപ്പോഴും ശിഥിലമാക്കുകയും ചെയ്യുന്നു. ഒരുതരത്തിൽ പറഞ്ഞാൽ മനസ്സുകൾ പരസ്പരം സ്വയം സ്നേഹിച്ച് ജീവിക്കുമ്പോൾ പ്രണയവിവാഹങ്ങൾ

കുടുംബത്തെ പൂർണമായും സ്നേഹം എന്നതിന്റെ അടിത്തറയിൽ തന്നെ പടുത്തുയർത്തുന്നു. ആധുനിക യുഗത്തിൽ യുവസമൂഹത്തിൽ ഭൂരിഭാഗം പേരും പ്രണയവിവാഹത്തെ അനുകൂലിക്കുന്നവരാണ്. എന്നാൽ, പ്രായവും പക്വതയുമെത്താത്ത മനസ്സുകൾ തങ്ങളുടെ പ്രണയം ഏറ്റവും മഹത്വമുള്ളത് എന്ന തെറ്റിദ്ധാരണയിൽ എടുത്തുചാടി രജിസ്റ്റർ മാര്യേജ് ചെയ്യുന്ന സാഹചര്യങ്ങൾ ഏറെയാണ്. കമിതാക്കൾ തങ്ങലുടെ പ്രണയത്തെ രക്ഷിതാക്കളും ബന്ധുജനങ്ങളും എതിർക്കുന്നതിനെ തുടർന്ന് വീടും നാടും വിട്ട് ഓടിപോവുക, ഒന്നിച്ച് ആത്മഹത്യ ചെയ്യുക തുടങ്ങി ചെയ്തു കൂട്ടുന്ന വിഡ്ഢിത്തങ്ങൾ ഏറെയാണ്. വിവാഹത്തിന് വീട്ടുകാർ എതിർത്തതിനെ തുടർന്ന് ഒന്നിച്ച് ആത്മഹത്യ ചെയ്ത കമിതാക്കളുടെ എണ്ണം എണ്ണിയാൽ ഒടുങ്ങില്ല. ഈ അടുത്ത കാലത്തുതന്നെ കൊല്ലം നഗരത്തിൽ രണ്ട് പ്ലസ് വൺ വിദ്യാർത്ഥികൾ പ്രണയത്തെ കുടുംബം എതിർത്തതിനെ തുടർന്ന് ട്രെയിനിനു മുന്നിൽ ചാടി ആത്മഹത്യ ചെയ്തതു നാം പത്രമാധ്യമങ്ങളിലൂടെ അറിഞ്ഞതാണ്. പ്രണയം വാക്കുകൾക്ക് അതീതമായ ഒരു അനുഭൂതിയാണ്. വൃദ്ധനെപ്പോലും പതിനാറുകാരനാക്കി മാറ്റുന്ന മാസ്മരികമായൊരനുഭൂതി. പ്രണയം ഒരുതരം നീരാളിപ്പിടിയാണ്. പെട്ടുപോയാൽ എത്ര ശ്രമിച്ചാലും പുരത്തുവരിക അസാധ്യമാണ്. പ്രണയവിവാഹങ്ങൾ ഒരുതരത്തിൽ പറഞ്ഞാൽ ഏറെ ഗുണകരമാണ്. കാരണം ആത്മാർത്ഥമായി സ്നേഹിക്കുന്ന മനസ്സുകളാവുമ്പോൾ കുടുംബജീവിതം ഭദ്രമാക്കുന്നതിന് അവർ സ്വയം ശ്രദ്ധിച്ചുകൊള്ളും. എന്നിരുന്നാലും കുടുംബജീവിതത്തിൽ എന്തെങ്കിലും താളപ്പിഴകൾ സംഭവിച്ചാൽ കുടുംബക്കാരുടെ ഇടപെടൽ ഉണ്ടാവുകഇല്ലെന്നത് പ്രണയവിവാഹങ്ങളുടെ ഒരു വലിയപോരായ്മയാണ്. പ്രണയവും ഒപ്പം കുടുംബത്തിന്റെ സമ്മതവും കൂടിയുണ്ടെങ്കിൽ ഏറ്റവും നല്ലത് പ്രണയവിവാഹങ്ങൾ തന്നെയാണ്. Love comes arranged marriage എന്നതാണ് ഇതിന്റെ പരിഷ്കരിച്ച പേര്. ഇത് കുടുംബജീവിതം സുദൃഢവും, സുതാര്യവും ആകുമെന്നു മാത്രമല്ല, കുടുംബത്തിന്റെ കൂട്ടായ്മയും എന്നും അവരുടെ കുടുംബജീവിതത്തിൽ നിലനിൽക്കുകയും ചെയ്യും. അതു കൊണ്ടു തന്നെയാവണം ആധുനിക കേരളത്തിൽ love comes arranged marriage കൾ ഇത്ര പ്രസക്തി ആർജ്ജിക്കുവാൻ കാരണം. കേരളത്തിൽ അറേഞ്ച്ഡ് മാരേജുകളുടെയും ലൗമാരേജുകളുടെയും കാലം കഴിഞ്ഞു. ഇന്നിതിപ്പോൾ ലിവിങ് ടുഗതറിന്റെ കാലഘട്ടമാണ്. കേരളം ഇപ്പോൾ അന്യരാജ്യങ്ങളിലെ സംസ്കാരം പകർത്തുകയാണ്. ലിവിങ് ടുഗെതർ എന്നാൽ നിയമത്തിന്റെയോ ആചാരത്തിന്റെയോ യാതൊരുകെട്ടുറപ്പും ഇല്ലാതെ തന്നെ ആത്മാർത്ഥമായി പ്രണയിക്കുന്ന രണ്ടു മനസ്സുകൾ ഒന്നിച്ചു ചേരുന്നു. ഇവിടെ മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് കാതുകൊടുക്കാതെ പരസ്പരം മനസ്സിലാക്കി പ്രണയിക്കുന്ന സ്ത്രീയും പുരുഷനും അവരുടെ ജീവിതത്തെ സ്വയം തീരുമാനിച്ച് ജീവിച്ച് തുടങ്ങുന്നു. നിയമപരമായി ഇവർ ഭാര്യ ഭർത്താക്കന്മാരാകുന്നില്ല. താലി എന്ന സത്യത്തിൽ വില കൊടുക്കാതെ ജീവിതകാലം മുഴുവൻ ഒന്നിച്ചു ജീവിച്ചു കൊള്ളാം എന്നപരസ്പരധാരണയിലും വിശ്വാസത്തിലും ജീവിതം ആരംഭിക്കുന്നു. പരസ്പരം ഉൾക്കൊള്ളാനുള്ള മനസ്സ് ഇരുവർക്കും ഉണ്ടാകുന്നു എന്നതാണ് ലിവിങ് ടുഗെതറിന്റെ പ്രധാനമേന്മ. എന്നാൽ കേരള സംസ്ഥാനത്തിന് യോജിക്കുന്നതല്ല, അതായത് സംസ്കാരശൂന്യമായ പ്രവണതയാണ് ലിവിങ് ടുഗെതർ എന്ന ചിന്താഗതി നിലനിൽക്കെ ലിവിങ് ടുഗെതറിനെനിരാകരിക്കുന്നവരാണ് ഏറെയും. നിയമത്തിന്റെയും ആചാരത്തിന്റെയും കെട്ടുറപ്പില്ലാതെ ജീവിക്കുന്നതിലൂടെ കുടുംബജീവിതത്തിൽ പ്രധാനപങ്ക് സ്നേഹത്തിനാണ് എന്ന് ഊട്ടിയുറപ്പിക്കുകയാണ് ലിവിങ് ടുഗെതർ. ലിവിങ് ടുഗെതറിന്റെ പ്രധാനപോരായ്മ, മനുഷ്യ മനസ്സ് പ്രവചനാതീതമാണ് എന്നതാണ്. ഇന്നു സ്നേഹിക്കുന്ന വ്യക്തിയെ നാളെ വേണ്ട എന്നു തോന്നിയാൽ, നിയമത്തിന്റെ നൂലാമാലകൾ ഒന്നും തന്നെ ഇല്ലാതെ യഥേഷ്ടം വേർപിരിയാവുന്നതാണ്. ഇത് വഴി നയിക്കുന്നത് തെറ്റായ സംസ്കാരത്തിലേക്കാണ്,കാരളീയത തന്നെ നഷ്ടപ്പെടുത്തുന്ന പ്രവണതയിലേക്കാണ് യഥേഷ്ടം അങ്ങോട്ടും ഇങ്ങോട്ടും ആരുടെയെങ്കിലുംമൊക്കെഒപ്പം താമസിക്കുന്ന സംസ്ക്കാര ശൂന്യമായ ഇത്തരം പ്രവണത ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിക്കുന്ന എന്നുമാത്രമല്ല ഭൂമിയിലെ അനാഥ ജന്മങ്ങളുടെ എണ്ണത്തിലെ വർദ്ധനവിനും ഇ് കാരണമായ തീരുന്നു. വിവാഹം എന്നതിൽ എപ്പോഴും നിയമത്തിന്റെ താലിച്ചരടിന്റെ വിശുദ്ധമായ വിശ്വാസവും എപ്പോഴും ഊട്ടി ഉറപ്പിക്കുന്നത് എപ്പോഴും അഭികാമ്യം തന്നെയാണ്.



# ഞാൻ രാജ്യദ്രോഹി, നീയും!

രാജ്യസ്നേഹം ഇന്ന് അസഹിഷ്ണുതയും, സംസ്കൃതിയും പോലെ തന്നെ വളരെയധികം അർത്ഥതലങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഒരു വാക്കാണ്. അതുകൊണ്ടുതന്നെ കരുതലോടെ തന്നെ തുടങ്ങട്ടെ. പശുഭക്തി ഏറിയ സമൂഹത്തിന്റെ രാജ്യസ്നേഹത്തിൽ നിന്നും ചിലപ്പോൾ വ്യത്യസ്തമായിരിക്കാം ഞാനും നിങ്ങളും വിവക്ഷിക്കുന്ന രാജ്യസ്നേഹം. ഗാന്ധിജിയെ ആദരിക്കുന്ന നമ്മുടെ രാജ്യസ്നേഹത്തിൽ നിന്നും വ്യത്യസ്തമായിരിക്കാം ഗോഡ്സേ എന്ന യുഗപുരുഷനെ ആദരിക്കുന്ന അവരുടെ രാജ്യസ്നേഹം. കപട സംസ്കൃതിയുടെ മതിലുകളാൽ അടക്കപ്പെട്ട അവരുടെ രാജ്യസ്നേഹമായിരിക്കില്ല ഞാനും നിങ്ങളും അടക്കം നിരവധിയായിട്ടുള്ള വിദ്യാർത്ഥി സഖാക്കൾ വിശദീകരിക്കുന്ന രാജ്യസ്നേഹം.

എനിക്ക് എന്റെ മതം, നിങ്ങൾക്കു നിങ്ങളുടേതും എന്ന പ്രവാചക വാചകം ഓർമ്മപ്പെടുത്തും വിധം രൂപകൽപ്പനചെയ്ത ഒരു ഭരണഘടനയിന്മേലാണ് ഇക്കാലമത്രയും നാം മതനിരപേക്ഷ റിപ്പബ്ലിക്കിൽ ജൂവിച്ചിരുന്നത് (ജീവിക്കുവാൻ ആഗ്രഹിച്ചത്). മതനിരപേക്ഷത എന്ന വാക്കുകൊണ്ട് നാം മനസ്സിലാക്കുന്നത് ഏതൊരു പൗരനും ഇഷ്ടപ്പെട്ട മതത്തിൽ സ്വന്തം വിശ്വാസങ്ങൾ ഉയർത്തിപ്പിടിക്കുവാനുള്ള സ്വാതന്ത്ര്യവും ഒരു മതത്തിലും വിശ്വസിക്കാതെ മതരഹിതനായി ജീവിക്കുവാനുള്ള സ്വാതന്ത്ര്യവുമാണ്. എണ്ണിയാലൊടുങ്ങാത്ത വിശ്വാസധാരകൾ ഉള്ള നമ്മുടെ ഇന്ത്യയെ ഒരു വിചാരധാര കൊണ്ട് അട്ടിമറിക്കാൻ ശ്രമിക്കുന്നവർ രാജ്യം ഭരിക്കുമ്പോൾ നമ്മുടെ രാജ്യസ്നേഹം അവരുടെ ഉട്ടോപ്യൻ ആശയങ്ങൾക്കു മുന്നിൽ അടിയറവെക്കേണ്ട അവസ്ഥയാണ് ഉരുത്തിരിഞ്ഞുവരുന്നത്.

വിശ്വാസം പോലെ തന്നെ, സംസ്കൃതിപോലെ തന്നെ, ഭക്ഷണവും ഇന്ന് രാജ്യസ്നേഹത്തിന്റെ മറ്റൊരു ഡൈമെൻഷൻ ആയിരിക്കുന്നു. പശു ഇന്ന് ഇന്ത്യയിൽ ഭയത്തിന്റെ മറ്റൊരു രൂപമാണ്. നിരവധി അഖ്ലാക്കുമാരെ സൃഷ്ടിക്കുവാനുതകുന്ന ഒരു രൂപമായിരിക്കുന്നു ഇന്ന് പശുവിന്റേത്. അഹിന്ദുക്കളുടെ ഭക്ഷണമായും, ഹിന്ദുവിന്റെ മാതാവായും പശുവിനെ മാറ്റാൻ

താൽപര്യപ്പെടുന്നവർ മാംസം ഇന്ദ്രൻ ഭക്ഷിച്ചിരുന്നതായി ഋഗ്വേദത്തിൽ രേഖപ്പെടുത്തിയത് ചിലപ്പോൾ ഇത്രനാളായും ശ്രദ്ധിച്ചിട്ടുണ്ടാവില്ല. എന്നാൽ തങ്ങളുടെ ആത്മീയാചാര്യൻ എന്ന് രാജ്യസ്നേഹികൾ തന്നെ ലേബൽ നൽകിയിട്ടുള്ള സ്വാമി വിവേകാനന്ദൻ പൗരാണിക കാലത്ത് പശു ഇറച്ചി കഴിക്കാത്തവരെ ഉത്തമ ഹിന്ദുക്കളായി പരിഗണിച്ചിരുന്നില്ല എന്ന് എഴുതിയത് അവർ ബോധപൂർവ്വം മറക്കുകയായിരുന്നു എന്ന് വിശ്വസിക്കാതെ തൽക്കാലം നിവൃത്തിയുള്ളൂ. ഇഷ്ടമില്ലാത്തവരെ കൊല്ലാനുള്ള ആയുധമായി ഇന്ന് പശു മാറിയിരിക്കുന്നു. പെട്ടെന്നൊരു ദിവസം ഇഷ്ടഭക്ഷണം കഴിച്ചതിന്റെ പേരിൽ രക്തസാക്ഷികളെ സൃഷ്ടിക്കുന്ന നാടായി നമ്മുടേത്. ആരോ മന്ത്രിച്ചതുപോലെ രാജ്യസ്നേഹികൾ ഇന്ന് ഇന്ത്യയെ ഭയത്തിന്റെ റിപ്പബ്ലിക്കായി മാറ്റിയിരിക്കുന്നു.

രാജ്യസ്നേഹത്തിന്റെ മൂർത്തിമത്ഭാവം ഇന്ത്യ തിരിച്ചറിഞ്ഞത് ഗാന്ധിവധത്തോടു കൂടിയാണ്. ഗാന്ധിജിയെ കൊന്ന തോക്കുകൾ ഇന്നും അവർ താഴെ വച്ചിട്ടില്ല. ധബോൽക്കർ, കൽബുർഗി, പൻസാരെ തുടങ്ങിയ സമൂഹത്തിന്റെ മുഖ്യധാരയിൽ പുരോഗമനവാദം വാളും വെളിച്ചവുമാക്കിയവരെയൊക്കെ രാജ്യസ്നേഹികൾ കൊന്നുകൊണ്ടേയിരുന്നു.




രാജ്യത്തെ അച്ചടക്കമുള്ള വിദ്യാഭ്യാസ മേഖല രാജ്യസ്നേഹികളെ ശരിക്കും അലോസരപ്പെടുത്തുന്നുണ്ട്. അതിലുപരി സംഘടിത വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ സമരതീക്ഷ്ണത, അവർ ഉയർത്തുന്ന ആശയങ്ങൾ ഒക്കെ അവരെ ഭയപ്പെടുത്തുന്നു. ആശയത്തെ ആയുധം കൊണ്ട് നേരിടാനാണ് അവർ ശീലിച്ചിട്ടുള്ളത്. കാമ്പും കഴമ്പുമുള്ള സമരങ്ങളെ, ചോദ്യം ചെയ്യപ്പെടലുകളെ, അവർ രാജ്യസ്നേഹത്തിന്റെ പുകമറ സൃഷ്ട്ടിച്ചുകൊണ്ട് അടിച്ചമർത്തുന്നു. ജെ.എൻ.യു. ഹൈദരാബാദ് യൂണിവേഴ്സിറ്റി,അലിഖഢ് മുസ്ലിം യൂണിവേഴ്സിറ്റി,പൂനൈ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ രാജ്യത്തെ മികവിന്റെ കേന്ദ്രങ്ങളായവിദ്യാഭ്യാസ സ്ഥാപനങ്ങളെ വർഗിയവാദത്തിന്റെയും അരാഷ്ട്രീയവാദത്തിന്റെയും കൂത്തരങ്ങുകളായി മാറ്റാനുള്ള കൃത്യമായ അജണ്ടയാണ് രാജ്യസ്നേഹികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ഇത് മനസ്സിലാക്കിക്കൊണ്ടു തന്നെ അതിജിവനത്തിന്റെ പുത്തൻ അധ്യായങ്ങൾ രചിക്കുകയാണ് രാജ്യദ്രോഹികളായ ഞാനും നിങ്ങളും ചെയ്യേണ്ടത്.സരണികൾ കടുപ്പമേറിയതാവാം.എന്നിരുന്നാലും ഈ രാജ്യസ്നേഹികളോട് സമരസപ്പെടാൻ നമ്മൾ രാജ്യാദ്രോഹികൾ ശീലിച്ചിട്ടില്ലല്ലോ.



Neeraj Chandran
S4 Chemistry



# സമരമില്ലാത്ത

## കലാലയം; പ്രതിഷേധമില്ലാത്ത സമൂഹം.

പ്രതികരിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുക എന്നതി ആരോഗ്യകരമായ ഒരു വ്യവസ്ഥിതി നിലനിൽക്കുന്ന ഒരു സമൂഹത്തിന്റെ ലക്ഷണമാണ്.ക്രിയത്മകമായ പ്രകടനങ്ങളും പ്രതിഷേധങ്ങളും പ്രതികരണങ്ങളും യഥാർത്ഥത്തിൽ ശുഭസൂചകമാണ്.അതുതന്നെയാണ് ജാനാധിപത്യത്തിന്റെ ശക്തിയും സൗന്ദര്യവും. എന്നാൽ സമരമില്ലാത്ത കലാലയങ്ങളും പ്രതിഷേധമില്ലാത്ത സമൂഹവും എന്നത് ജനാധിപത്യവിരുദ്ധതയുടെയും ഏകാധിപതികളുടെയും ഏറ്റവും വലിയ സ്വപ്നങ്ങളിൽ ഒന്നാണ്.ഓരോ സമൂഹത്തിന്റെയുംപുതുനാമ്പുകൾ വളർന്നുവരുന്നത് കലാലയങ്ങളിൽനിന്നുമാണ്.ജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണങ്ങളിൽ കരിത്തും ഊർജ്ജവും പകരുന്നതിൽ സമൂഹത്തോടപ്പം കലാലയജീവിതത്തിനും അവിടെനിന്ന് ആർജ്ജിക്കുന്ന അറിവിനും തുല്യ പ്രാധാന്യം ഉണ്ട്. ആനിലക്ക് ജനാധിപത്യ വ്യവസ്ഥിതിയിൽ ജീവിക്കുന്ന ഏതോരു ആളുടെയും ജനാധിപത്യ-രാഷ്ട്രിയ സങ്കല്പങ്ങൾ തീർച്ചയായും കലാലയങ്ങളിൽ നിന്നും തന്നെ തന്നെ രൂപപ്പെടേണ്ടതുണ്ട്. പ്രത്യേകിച്ചും വോട്ടവകാശം ആരംഭിക്കുന്നത് 18 വയസ്സിലെന്നിര്ക്കെ ജനാധിപത്യബോധവും പ്രതികരണശേഷിയും ഉള്ള ഒരി യുവജനത വളർന്നുവെങ്കിലെ ജനാധിപത്യം എന്ന സങ്കലപം തന്നെ മുന്നോട്ട് പോക്കയുള്ളു. അതുകൊണ്ട് തന്നെ വിദ്യാലയങ്ങളിൽ രാഷ്ട്രിയത്തിനും പ്രസക്തുയുണ്ട്. ജനാധിപത്യം എന്ന ആശയത്തിന്റെ അടിസ്ഥാനം മനസ്സിലാക്കുവാനും അതിനെ ഉൾക്കൊള്ളുവാനും വിദ്യാർത്ഥി രാഷ്ട്രിയം യുവതലമുറയു വളരെ അധികം സഹായിക്കുന്നുണ്ട്. സമൂഹത്തിന് വേണ്ടി പ്രവർത്തിക്കുവാനുയള്ള ബോധം, നേതൃത്വ ഗുണങ്ങൾ എന്നിവ ആർജ്ജിക്കുന്നതിൽ ഇതിനു വലിയ പങ്കാണുള്ളത്.

പിൻവാതിലിലുടെ ജനാധിപത്യത്തിന്റെ പദവികളിൽ കയറിയിരിക്കുന്നവരെ മാറ്റി നിർത്തിയാൽ ഇന്നു ഇന്ത്യൻ ജനാധിപത്യത്തിന്റെ രാഷ്ട്രീയ സംഘടനകളുടെയും മുൻനിരയിലുള്ള നേതാക്കന്മാരിൽ 90% ഇത്തരത്തിൽ കാലാലയ രാഷ്ട്രിയത്തിന്റെ സംഭാവനയാണ്. പഴയതലമുറയിലെ ആയാലും പുതിയ തലമുറയിലെ ആയാലും നിരവധി സാമാജികർ ഇത്തരത്തിൽ വിവിധ ക്യാമ്പസുകളുടെ സംഭാവനയാണ്. വിദ്യാർത്ഥി രാഷ്ട്രിയം, വിദ്യാഭ്യാസത്തെ ഇല്ലാതാക്കും. ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിപ്പിക്കും എന്നൊക്കെ പലരും പറയുന്നത് കേൾക്കാം, എന്നാൽ വിദ്യാർത്ഥി രാഷ്ട്രിയം സജീവമായി ഉണ്ടായിരുന്ന ക്യാമ്പസുകളുടെ സംഭാവനകൾ ഇന്നു ഇന്ത്യൻ രാഷ്ട്രീയത്തിലും മറ്റു ഉന്നത പദവികൾ അലങ്കരിക്കുന്നു.മുൻ രാഷ്ട്രപതിയും സുപ്രീംകോടതി ചീഫ് ജസ്റ്റിസും എല്ലാം ഇത്തരം കലാലയങ്ങളിലും പഠിതാക്കൾ ആയിരുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ നിർണ്ണായക സ്ഥാനം വഹിച്ചവരായിരുന്നു. അന്നത്തെ വിദ്യാർത്ഥി സമൂഹം.സ്വതന്ത്രാനന്തരം ഇന്ത്യയിൽ ഇന്ദിരാഗാന്ധികൊണ്ടുവന്ന



അടിയന്തിരാവസ്ഥയ്ക്കെതിരെ ഇന്ത്യയിൽ അങ്ങോളമിങ്ങോളമുള്ള ക്യാമ്പസുകൾ ശക്തമായാണ് പ്രതികരിച്ചത്.കേരളത്തിലെ ക്യാമ്പസുകൾ അടിയന്താരവസ്ഥക്കെതിരായ സക്രിയവും സജീവുമായ ഇടപെടലാണ് നടത്തിയത്. അടിയന്തരാവസ്ഥാ വിരുദ്ധ പ്രതിഷേധങ്ങൾക്കിടയിൽ സഖാവ് രാജൻ രക്തസാക്ഷിയായി. ധാരാളം വിദ്യാർത്ഥികൾ ക്രൂരമായ പീഡനങ്ങൾക്ക് ഇരയായി. എന്നാൽ അതൊക്കെ ഭരണകൂടഭീകരതയ്ക്കെതിരെ പ്രതികരിക്കുവാൻ യുവജനയ്ക്ക് കുടുതൽ ഊർജ്ജം പകരുകയാണുണ്ടായത്. തുടർന്നും പോരാട്ടങ്ങളുടെ വലിയ ചരിത്രമാണ് കേരളത്തിലെ ക്യാമ്പസുകൾക്ക് പറയുവാൻ ഉള്ളത്. ചരിത്രം എന്നാൽ വിദ്യാർത്ഥി രാഷ്ട്രിയത്തിന്റെ ഘട്ടം ഘട്ടമായുള്ള വന്ധീകരണമാണ് ഇന്ന് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.പലപ്പോഴും ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ പേരിൽ വിദ്യാലയ രാഷ്ട്രിയത്തെ സംബന്ധിച്ച് കോടതികളുടെ ഇടപെടലുകളും മറ്റു ഉണ്ടാവുകയും ചെയ്യുന്നു.

പുതിയ വിദ്യാഭ്യാസ സമ്പ്രദായങ്ങളും സാമുഹിക ക്രമങ്ങളും വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിച്ചു. ഇതിന്റെ ഭാഗമായി അവനവന്റെ സുഖസൗകര്യങ്ങളെ ഉറപ്പുവരുത്തുന്നതിലേക്ക് ചിന്തയെ ചുരുക്കുന്ന ഒരു രീതി യുവതലമുറയിൽ ശക്തിപ്പെട്ട് വരുന്നു.വിദ്യാഭ്യാസത്തെ കേവലം ബിരുദ കടലാസുകൾ മാത്രമായി കാണുമ്പോൾ അത് വിദ്യാഭ്യാസം എന്ന പ്രക്രിയയുടെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും വളരെ അകലെയാണെന്ന് തിരിച്ചയറിയാതെ പോകുന്നു. പഠനമെന്നാൽ പാഠപുസ്തകത്തിൽ നിന്നും ആർജ്ജിക്കുന്ന വിജ്ഞാനമാണെന്നും, കൂടുതൻ മാർക്കു എൻട്രൻസ് റാങ്കുമാണ് ലക്ഷ്യമിടേണ്ടതെന്നും ഓരോ വിദ്യാർത്ഥിയും ഓർമ്മിപ്പിക്കുവാൻ പലകോണിൽ നിന്നും ഉപദേശങ്ങൾ എത്തുന്നു. എന്നാൽ വിശാലമായ ലോകത്ത് ജീവിക്കുവാൻ കാലാലയ ജീവിതങ്ങൾ നൽകുന്നത് കേവലം ബിരുദങ്ങൾ മാത്രമല്ല. പലതരത്തിലുള്ള അനുഭവങ്ങളും അതുനൽകുന്ന ജീവിത കാഴ്ചപ്പാടുമാണ്.

വിദ്യാഭ്യാസത്തെ കച്ചവടമാക്കിയവരെ സംബന്ധിച്ച് ലാഭം ഉണ്ടാക്കുക എന്നത് മാത്രമായിരിക്കും ഏക ലക്ഷ്യം.എന്നാൽ ഇത്തരം കച്ചവടതാൽപര്യങ്ങൾക്ക് പലപ്പോഴും തടസ്സമാകുക വിദ്യാർത്ഥി രാഷ്ട്രിയമായിരിക്കും.അതിനാൽ തന്നെ ആ ശല്യത്തെ ഒഴിവാക്കാനുള്ള കരുക്കൾ പല കോണുകളിൽ നിന്നും അവർ നീക്കിക്കൊണ്ടിരിക്കും ചെറിയ സംഭവങ്ങൾ പോലും പ്രകോപനങ്ങളിലുടെ പെരുപ്പിക്കും. വലിയ പ്രചാരണങ്ങൾ നടത്തും.വാർത്തകൾ വിറ്റും വ്യഭിചരിച്ചും കാശുണ്ടാക്കുവാൻ മത്സരിക്കുന്നവർ ഇതിനെ വളച്ചൊടിച്ച് തെറ്റായ വ്യാഖനങ്ങളും ദു:സുചനകളും നൽകി അവതരിപ്പിക്കും.ഇത്തരക്കാരുടെ വിജയമാണ് വിദ്യാർത്ഥിരാഷ്ട്രിത്തെ വിവിധ നിയമങ്ങളിലുടെ നിയന്ത്രിക്കുന്നതിലുടെ ആഘോഷിക്കപ്പെടുന്നത്. ഇവരുടെ തുടർച്ചയായി പ്രചാരണങ്ങളിൽ പലപ്പോഴും സമൂഹത്തിലെ ഒരു വിഭാഗമെങ്കിലും വിശ്വസിച്ച് പോകും.കേരളത്തിലെ എല്ലാ ക്യാമ്പുകളിലും സജീവമാണ് വിദ്യാർത്ഥി സംഘടനകൾ.കുപ്രചാരകർ പറയുന്നതുപോലെ കേവലം സമരങ്ങൾ നടത്തുവാൻ മാത്രം രൂപീകരിക്കപ്പെട്ടവയല്ല അവ. അവർ വിദ്യാർത്ഥികളുടെ ഇടയിൽ സർഗാത്മക പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കേരളത്തിൽ ഏറ്റവും അധുകം വിദ്യാർത്ഥികൾ പിന്തുണക്കുന്ന വിദ്യാർത്ഥി പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന സംഘടനകൾ തീർച്ചയായും ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനങ്ങളാണ്. ഇക്കാര്യത്തിൽ എന്നും എസ്.എഫ്. ഐ സംഘടനകളിൽ മുൻപന്തിയിലുണ്ട്.SFI,AISF,KSU,PSUതുടങ്ങിയ മതേതര ജനാധിപത്യ കാഴ്ചപ്പാടുകളെ സംഘടനകളിൽ നിന്നും വിഭിന്നമായി ചില വർഗീയ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും ക്യാമ്പുസുകളിൽ ഇടം പിടിക്കാൻ തുടങ്ങിയിരിക്കുന്നു. വിദ്യാർത്ഥി സംഘടനകളുടെ പേരിൽ പ്രവർത്തിക്കുന്ന എന്നാൽ തികച്ചും മതവിശ്വാസത്തിൽ അധിഷ്ഠിതമായ ആശയങ്ങളുമായി പ്രവർത്തിക്കുന്ന അല്ലെങ്കിൽ സങ്കുചിതമതചിന്തകൾ മുദ്രവാക്യമാക്കുന്ന സംഘങ്ങൾ പലപ്പോഴും അപകടകാരിയാണ്. ഇവർ വിദ്യാർത്ഥി സമൂഹത്തെ മതപരമായി വേർതിരിക്കുകയും അവർക്കിടയിൽ വർഗീയതയുടെ വിഷവിത്തുകൾ പാകുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത്തരം സംഘടനങ്ങൾ ജനാധിപത്യപരവും സർഗത്മകവുമായ പ്രവർത്തനങ്ങളെക്കാൾ കൂടുതൽ ഊന്നൽ നൽകുക മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഉള്ള കാര്യങ്ങൾക്കായിരിക്കും.തീർച്ചയായും ഈ ആശയഗതികൾ വിശാലമായ ജനാധിപത്യ പ്രസ്ഥാനങ്ങളുടെ കൊടിക്കിഴിൽനിന്നും ഇടുങ്ങിയതും സാമുദായിക ചിന്തയുടെ ഇരുട്ട് നിറഞ്ഞ ആശയങ്ങളുടെ ലോകത്തേക്ക് വിദ്യാർത്ഥി സമൂഹത്തെ നയിക്കും.ഇത്തരം സംഘങ്ങൾ വളരുന്നത്. ജനാധിപത്യമെന്ന വിശാലമായ കാഴ്ചപ്പാടിന് ഒരു നിലയ്ക്കും പ്രയോജനകരമല്ല.

വിദ്യാഭ്യാസമേഖലയിലെ കച്ചവടവത്കരണവും വിദ്യാർത്ഥികളുടെ മേൽ അടിച്ചേൽപ്പിക്കുന്ന ജനാധിപത്യവിരുദ്ധമായ പ്രവണതകളും വർഗീയതയുടെ കടന്ന് കയറ്റവും വിദ്യാർത്ഥി രാഷ്ട്രീയത്തിന് വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ വിദ്യാർത്ഥി രാഷ്ട്രിയം സംരക്ഷിക്കും എന്ന പുതിയ സർക്കാർ നിലപാട് തികച്ചും സ്വാഗതാർഹവും ആശ്വാസം നൽകുന്നതുമാണ്.



Muhammed Bilal.A
S4 Zoology

# കലാലയ സ്മരണയിൽ

കൈപ്പടയിലെ വർണ്ണനകൾക്കതീതമായ ഒരു കലാലയ ജീവിതത്തിന് സാക്ഷിയായതിന്റെ സംതൃപ്തിയോടെ ഞങ്ങൾ മൂന്നാം വർഷവിദ്യാർത്ഥികൾ പടിയിറങ്ങുകയാണ്. കാലചക്രത്തിനൊത്ത് സഞ്ചരിക്കുമ്പോൾ നമ്മുടെ അനുഭവങ്ങൾക്ക് വ്യത്യസ്ത മുഖങ്ങളുണ്ട്. ഈകലാലയവുമായി ബന്ധപ്പെട്ട യാത്രകളും സൗഹൃദങ്ങളും,പഠനങ്ങളും,രചനാമത്സരങ്ങളും തുടങ്ങി നിരവധി മധുരിക്കുന്ന ഓർമകളാണ് ഈമൂന്ന് വർഷങ്ങൾ ഞങ്ങൾക്കായി സമ്മാനിക്കുന്നത്.എന്റെ യാത്രകൾക്കും സൗഹൃദങ്ങൾക്കും വിശാലത കൈവരിക്കാൻ സാധിച്ചതും പഠനങ്ങൾ നിരവധി അറിവുകൾ നേടുവാനും ഈ കാലയളവിലായതിൽ എന്റെ മനസ്സ് അഭിമാനത്തിന്റെ നിറവിലാണ്.

വർഷങ്ങളായി ടി.കെ.എം കലാലയത്തിലെത്തുന്ന നവാഗതർക്ക് സ്വാഗതം ആശംസിക്കുന്നതും നിരവധി ഓർമകളെ സ്മരിച്ച്കൊണ്ട് ആത്മാഭിമാനത്തോടെ നിലക്കൊള്ളുന്ന സമാനിയാസമാൻ എന്ന ശാസ്ത്രീയനാമത്തിലറിയപ്പെടുന്ന മഴമരം സമാനതകളില്ലാത്ത അനുഭൂതി എനിക്കും പകർന്നു നൽകി.ഈ മരത്തണലിൽ നിന്നുയിർക്കൊണ്ട സൗഹൃദങ്ങൾ വിരളമല്ല.ക്യാമ്പസിന്റെ ശാന്തവും സുന്ദരവുമായ ഈ പ്രവേശന കവാടത്തിൽ തന്നെയുള്ള വായനശാലയുടെ നേടിയ അറിവുകളും അനുഭവങ്ങളും എന്നിലെ സാഹിത്യാഭിരുചിക്ക് പ്രോത്സാഹമേകിയതും ഈ കലാലയത്തിന്റെ ഉപഹാരമായി ഞാൻ സ്വീകരിച്ചു.ടി.കെ.എമിലെ സസ്യശാസ്ത്രവകുപ്പിലെ വിദ്യാർത്ഥിനിയായി വളർന്നു വന്ന ഓരോ ക്ലാസ്മുറികളും ഞങ്ങളുമായി ബന്ധപ്പെട്ട കലാലയത്തിന്റെ ഓരോ ചലനങ്ങളും ഗൃഹാതുരത്വത്തിന്റെ സുന്ദരസ്മരണകളായിരിക്കുമെന്നതിൽ സംശയമില്ല.ഒന്നാം വർഷ കലാലയ ജീവിതത്തിനിടയിൽ NAAC സന്ദർശനവേളയിൽ ക്ലാസ്സിനെ പ്രതിനിധീകരിച്ചു, രണ്ടാം വർഷത്തിൽ യൂണിവേഴ്സിറ്റി കലോത്സവ വേദിയായ ടി.കെ.എം. ആഡിറ്റോറിയത്തിൽ നടന്ന ഒപ്പനയ്ക്ക് മറ്റ് വ്യത്യസ്ത കലാപരിപാടുകൾക്കും സാക്ഷ്യം വഹിക്കാൻ കഴിഞ്ഞതും മൂന്നാം വർഷത്തെ ജൂബിലി ആഘോഷങ്ങളും എന്റെ പഠനപഠ്യേതര വിഷയങ്ങൾക്ക് പുത്തനുണർവേകുന്ന അനുഭവങ്ങളായി.

ബോട്ടണി എന്ന വിഷയം പഠനത്തിനായി തിരഞ്ഞെടുത്തപ്പോൾ നിരവധി എതിർപ്പുകകൾ ചുറ്റുപാടിലെ വാക്കുകളാൽ നേരിട്ടിവെങ്കിലും, ദൈവത്തെ അടുത്തറിയുവാൻ പ്രകൃതിയെ സ്നേഹിക്കുവാൻ എന്റെ മനസ്സിന്റെ ഊർജ്ജമായി മാറുകയായുരുന്നു ഈപ്രിയവിഷയവും കഴുഞ്ഞമൂന്ന് വർഷങ്ങളും . കുട്ടിക്കാലംമുതൽ കേട്ടതും പരിചരിച്ചതും കണ്ടറിഞ്ഞതും സ്വാദനുഭവിച്ചതുമായ അനവധി ചെടികളുടെയും മരങ്ങളുടെയും അന്തർധാരയിലേക്കിറങ്ങിചെന്നപ്പോൾ ഞാൻ അനുഭവിച്ച സന്തോഷം ഒരു മഴപെയ്തോഴിയുമ്പോൾ മണ്ണിൽ നിന്നും മുളച്ചു പൊന്തുന്ന പുതുനാമ്പുകളെപോലെ എന്റെ സസ്യ സ്നേഹത്തിന് ആവേശം പകർന്നു. ഇതിലുപരിയായി എന്നെയും ഈ ഭൂമിയിലെ സകലജീവജാലങ്ങളെയും സൃഷ്ടിച്ച് പരിചരിക്കുന്ന സൃഷ്ടികർത്താവിന്റെ സൃഷ്ടിവൈഭവത്തിന്റെ സകലങ്ങളാണ് ഓരോസസ്യ പഠനവും എന്ന യാഥാർത്ഥ്യവും എന്നലുണ്ടായ ആത്മാഭിമാനത്തിന് മാറ്റുകൂട്ടുകയാണ്.

തെരെഞ്ഞടുത്ത വിഷയത്തെ ദൃശ്യമാവാതിരുന്ന ആദ്യ സെമസ്റ്ററുകൾ (ബോട്ടണി സിലബസ് കുറച്ചു മാത്രമേ ഉണ്ടായിരുന്നുള്ളു) ഇംഗ്ലീഷ്, അറബിക്, കെമസ്ട്രി,സുവോളജി എന്നിവിഷയങ്ങളുടെ പഠനത്തിന് പ്രാധ്യാന്യം കൊടുത്തപ്പോൾ നമ്മുടെ പഠനമേഖലയുടെ പരസ്പരബന്ധങ്ങളെ മനസ്സിലാക്കുവാനുള്ള നിമിഷങ്ങളായുരുന്നുവെന്ന് ഇപ്പോൾ മനസ്സിലായി. ഈ പഠനവഴികളിൽ വഴികാട്ടികളായ പ്രിയ അദ്ധ്യാപകരും ,സഹയത്രികരായ സുഹൃത്തുക്കളും എന്റെ അറിവിനെ തിരിച്ചറിവാക്കുന്നതിൽ ഏറേ സഹായിച്ചു...പ്രോത്സാഹിപ്പിച്ചു.... അതിനാൽ എന്റെ കലാലയജീവിതത്തിന് പൂർണ്ണ കൈവരി



ക്കുവാൻ സാധിച്ചുവെന്നതാണ് യാഥാർത്ഥ്യം.

പഠനപുസ്തകത്താളുകളിൽ മാത്രം ഒതുങ്ങാതിരിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിയെന്ന നിലയിൽ എനിക്ക് കലാലയജീവിതം പുതിയ വാതിലുകൾ തുറന്നു നല്കി.അതിന് എൻ.എസ്.എസ് പ്രവർത്തനവും കലാമത്സരങ്ങളും ഊർജ്ജമേകി.വളരെ കുറച്ചുമാത്രമുണ്ടായിരുന്ന യാത്രനുഭവങ്ങൾ,എന്നാൽ എന്റെ ടി.കെ.എം കോളജിലേക്കുള്ളയാത്ര ദൈർഘ്യമേറിയതായിരുന്നു. എന്നാൽ ജീവിതാനുഭവങ്ങൾ എന്റെ ദൈർഘ്യത്തെ ചിന്താശകലങ്ങളാക്കി മാറ്റുകയുണ്ടായി. പുനലൂർ-കൊല്ലം പാസഞ്ചറിലെ പ്രകൃതിസുന്ദരമായ യാത്രനുഭവം സഹയാത്രികരായ വിദ്യാർത്ഥികളും ലേഡീസ് കമ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സൗഹൃദകൂട്ടായ്മയിലൂടെ ഞാൻ വളർന്നു. കോളേജിൽ പ്രവേശിച്ചു കഴിഞ്ഞാലുള്ള പുഞ്ചിരിക്കുന്ന കുറേയേറേ സൗഹൃദങ്ങളും ബഹുമാനമർഹിക്കുന്ന അദ്ധ്യാപകരും അനദ്ധ്യാപകരടങ്ങുന്ന ജീവനക്കാരും എനിക്ക് രചനാത്മകമായ ഊർജ്ജം നൽകി.കലാലജിവിതത്തിന്റെ പ്രധാന ചട്ടങ്ങളായ കോളേജ് ഇലക്ഷനിൽ മൂന്ന് വർഷവും പങ്കാളിയാപ്പോൾ സ്കൂൾ ജീവിതത്തിൽ നിന്നു വ്യത്യസ്തമായ- അനുഭവമുണ്ടായി. തുടർന്നുള്ള യൂണിയൻ ഉദ്ഘാടനവും,ഫ്രെഷേഴ്സ്ഡേയും,അസോസിയേഷനുകളും, ആർട്സ്ഫെസ്റ്റും, ഫിലിംഫെസ്റ്റും, സ്പോർട്ട്സ്മീറ്റും, ഓണം സെലിബ്രേഷനും, കോളേജ് ഡേയും തുടങ്ങിയ സംഗമങ്ങളിലുടെ സഹപാഠികളെയും അദ്ധ്യാപകരെയും അടുത്തറിഞ്ഞു.

അങ്ങനെ മൂന്നാംവർഷത്തിലെത്തുമ്പോഴേക്കും ടി.ക.എം കുടുംബത്തിലെ ഒരംഗമായി മാറുന്ന ഓരോ വിദ്യാർത്ഥികളെയും പോലെ ഞാനും സന്തോഷിച്ചു.എങ്കിലും പഠനയാത്രയും അതിലുടെ രൂപപ്പെട്ട ആത്മാർത്ഥബന്ധങ്ങളും എന്നെപ്പോലെ തന്നെ കോളേജിലെ എല്ലാ വിദ്യാർത്ഥികളും തങ്ങൾ കലാലയജീവിതത്തിന്റെ അവസാന നാളുകളിലോർത്തെടുത്തു തുടങ്ങിയിരിക്കുന്നുവെന്ന ബോധമുണ്ടായി.എല്ലാ സെമസ്റ്ററുകളെയും പോലെ ആറാം സെമസ്റ്ററും അങ്ങനെ ദ്രുതഗതിയിൽ പൂർണമായി.പിന്നെ പരീക്ഷചൂടിന്റെ ദിനങ്ങളിലലിഞ്ഞു ചേർന്ന നിമിഷങ്ങൾ... വീണ്ടും സൗഹൃദനൊമ്പരം.. അപ്പോഴാക്കും കൺപീലികളുടെ ചലനം പോലെ മൂന്ന് വർഷം പ്ന്നിട്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യത്തിൽ ഞാനും അലിഞ്ഞു ചേർന്നു.

പഠനവും ജീവിതമാകുന്ന ഈ അനുഭവകുറിപ്പിന്റെ താളുകളിൽ സൂക്ഷിക്കുവാൻ ഇനിയും ഒരുപാട് ഓർമകളുണ്ട്.വൈകിയെത്തിയെങ്കിലും മൂന്നാം വർഷത്തെ ഹോസ്റ്റലിലെ ജീവിതം എന്റ സൗഹൃദങ്ങൾക്ക് കരുത്തേകുന്നതും,പഠനം ശുഭകരമാക്കുന്നതിനും,പഠച്ചവനോട് കൂടുതൽ അടുക്കുന്നതിലും എന്നെ പര്യാപ്തമാക്കി. എന്നിലെ സാഹിത്യാഭിരുചിയെ തിരിച്ചറിഞ്ഞ ഈ കലാലയം എനിക്ക് ജീവിതയാത്രയിലെ സത്രമായിരുന്നുല്ല.ജീവിതാനുഭവങ്ങളുടെ കേന്ദ്രബിന്ദുവായ വിജ്ഞാനകേന്ദ്രമായിരുന്നു.

കലാലയമേ നന്ദി...
നിൻ വാക്കുകൾക്കും
നിൻ പ്രചോദനങ്ങൾക്കും
നിൻ ആശ്വാസങ്ങൾകൾക്കും
ഉയരുവാനാകട്ടെ
വാനോളം.!!!

Jusaina Fatima
S6 Botany



# പുറന്തള്ളപ്പെട്ടവർ

വിചാരണക്കൊടുവിൽ
വിധിയെപ്പഴിച്ച്
നിസ്സഹായത ചൂടി നിന്ന
വാർദ്ധക്യം
കാലം കടന്നതും പ്രായം
മറഞ്ഞതും വിധിയാൽ
നേരിട്ടു വന്നവർ വൃദ്ധർ
കൃത്രിമ സ്നേഹം നടിച്ച്
സന്താനങ്ങൾ വൃദ്ധർക്ക്
വഴിയോരം പതിച്ച് നൽകുമ്പോൾ
അമ്മതൻ കണ്ണീർ വീണു കുതിർന്ന
ഈ പാരിൽ
എന്തിനോ വേണ്ടി മത്സരിക്കും
സ്വാർത്ഥരാം മക്കൾ
അവർക്കു മുന്നിൽ എന്നെന്നും
പുറന്തള്ളപ്പെട്ടവർ വൃദ്ധർ



Ameena. H
Islamic History

# ഇന്റേണൽ



ഞാനറിയാതെയെൻ
സിസ്റ്റത്തിനുള്ളിൽ
കയറിയൊളിച്ചൊരു വൈറസ്
അത് പ്രൊസസിങ് തുടങ്ങി
ഞാനറിഞ്ഞില്ല, പിന്നീടറിഞ്ഞു
ഓസോൺ ഡിപ്ലീഷന് രസതന്ത്രമുണ്ടെന്ന്
ഉത്തരക്കടലാസിലെഴുതിക്കൊടുത്തു ഞാൻ
എൻ സിസ്റ്റത്തിനുള്ളിലെ ഡിപ്ലീഷനപ്പൊഴും
ഞാനറിയാതെ പുരോഗമിച്ചു
ഉച്ചയൂണിനൊപ്പമൊരാന്റീവൈറസ് പറഞ്ഞയച്ചു
വിയർപ്പിൻ കണമായ്, മനസ്സും ശരീരവും പ്രതികരിച്ചു
തെളിഞ്ഞ മാനം പോലെൻ മുഖം പ്രകാശിച്ചു
സശ്രദ്ധം വരവേറ്റു ഗ്രാമർ ക്ലാസിനേം
റെയിൽവേ ലൈനിലൂടിഴഞ്ഞതി ശീഘ്രം
തീവണ്ടിയെത്താൻ ടൈം ബാക്കി നിൽക്കെ
ഞാനുമെൻ ഭാണ്ഡവുമഭയമാക്കി
ടി.കെ.എമ്മിൻ പ്രെയർ ഹാളിനെ!

Jusaina Fathima S.
S6 Botany



# ഓർമ്മകൾ മാത്രം......

കാലങ്ങൾ മായും ഓർമ്മകൾക്കുള്ളിൽ
ആർക്കും അതിരില്ലാത്ത കാവലാൾ
ഒന്നാശ്വസിപ്പിക്കാൻ ആരെങ്കിലും
തീരങ്ങൾ തേടും വീണ്ടും മായും
അവസരങ്ങൾ നമ്മളിൽ അലയും
ചിറകടിച്ചൊരാ സ്വപ്ന വസന്തം അലഞ്ഞുവോ
തീരുന്നോർമ്മയിൽ.... ഞാൻ വന്നു
എന്തിനോ വേണ്ടി.... ആർക്കോ വേണ്ടി
ചന്ദ്രകിരണത്തെപ്പോൽ തിളങ്ങി നിന്നെൻ
ആ പ്രിയ സുഹൃത്തിനെ കാണാൻ
അന്നകലെയാ ഒന്നിച്ചു പഠിച്ചയാ സുഹൃത്തിനെ
കൈവിടാതെ.... ആ ചിത്രത്തിൽ ....
തൊട്ട് തൊട്ട് നിൽക്കുന്ന ആ സുഹൃത്തിനെ
എങ്ങനെ മറക്കാന്....
ജീവിതത്തിലെ ഒറ്റപ്പെടലിൽ നാം മാത്രം
ആർക്ക് വേണ്ടിയോ സമ്മാനിച്ച നിമിഷം
മനസ്സിൽ മായാത്ത നിമിഷങ്ങൾ തന്നു
അതു വെൺ തെളിഞ്ഞ ജ്വലനത്തിൽ നശിച്ചുവോ
അതെന്തെന്നറിയാത്ത ഇഷ്ടരാഗം
അറിയാതെ പെയ്തൊരാ പുഷ്പം അണഞ്ഞതായ്
അതുമായി തിളങ്ങുന്നെൻ പ്രണയനിമിഷം
ആശിച്ചു പോയൊരാ കണ്ണീർ കുടങ്ങളായ്
അലിഞ്ഞുവോ നിശ്വാസ രാഗഭാവം
ഒരുമയിൽ തീർത്ത വെൺ കൗതുകലോകത്ത്
ജീവിതം ചെറുതിരി തുള്ളിപോലെ
പോകുന്നാ തിരയിലെ അന്ത്യവസന്തം
ഇരുവരിൽ തീർത്തയാ മുറിവാകയോ
ആഴത്തിൽ അകന്നൊരാ ബന്ധനം



Fathimath Zuhra. H.
S2 Islamic History

പറഞ്ഞത്



Muhammed Bilal
S4, Zoology

# സ്മരണ

ഭാരതം ജന്മമേകിയിവൾക്കു താങ്ങായ്
തലസ്ഥാന നഗരീയും
വിവേചന രുചിഭേദമില്ലാതെ യവനിക-
നീളുന്നയീ മാതൃരാജ്യം
മഴവില്ലിന്നേഴു നിറങ്ങൾ ചാലിച്ച നിൻ
പരിശുദ്ധിയിൽ-
ശ്യാമം പകർന്നാടിയ കാലസൂര്യൻ
കാലമാം വീഥിയിൽ നിനക്കായ്
കരുതിയ ആത്മദർപ്പണമായീ വരികൾ
തമസ്സു നിറച്ച ദ്വനേത്രങ്ങളാൽ
നിൻ തനു വിരുന്നായ ദിനം സ്മരിക്കുക
ഏതോ പേക്കിനാവിൻ നെടുവീർപ്പായ്
നീ ധരിത്രി വെടിഞ്ഞ നിമിഷം
ധീരയെന്നത്രേ, ത്യാഗിനിയെന്നത്രേ-
തൂലിക നിനക്കേകിയ നാമം.
ദീപ്തി പകർന്നു നിനക്കായ്
ചരമഗീതമേകി ഹിന്ദുസ്ഥാൻ
സർവ്വം നിനക്കായ് പകർന്നു പാണി-
യുയർത്തിയനേകമീ മണ്ണിൽ
യാത്രയനന്തമായ് നീളുമീ നാടിനായ്
നിണം ചാർത്തിയ പ്രതീകമായ്
നീ പരിണമിക്കും
സ്വരാജ്യത്തിൻ ധമനിയിൽ ലയിച്ച-
നിനക്കേകിയന്ത്യോപചാരം
രാജ്യഭാരം പേറി, ചക്രവാളങ്ങളി-
ലർക്കദേവന്റെ, ജൈത്രയാത്ര മാത്രം,
കിനാക്കൾ-
കാണുവാനിനിയും, സ്ത്രീയായ് നീ
പുനർജ്ജനിക്കാതിരിക്കട്ടെ
അമലയായ് ജീവിതവീഥിയിൽ, ജീവൻ-
ത്യജിച്ച നിൻ-
സ്മരണകൾ മാത്രം പൊലിയാതിരിക്കട്ടെ
ഇവൾ കാലടികളിൽ
അരുണം ചാർത്തി
മാറിൽ ചങ്ങലയണിയാൻ ദിനമെത്തും-
മുൻപേ വിടപറഞ്ഞവൾ
സാമ്രാജ്യത്തിനടിമയായ് നാട്-
പകരും അന്ത്യാഞ്ജലി കൈവരിക്കാനിനി
നിൻ പിൻഗാമികളുണ്ടാകാതിരിക്കട്ടെ
ഇത് നിനക്കായ് രചിക്കും-
മാതൃനാടിന്റെ സ്മരണഗീതമായ്
ഡൽഹിയിൽ അമർജ്യോതിയായ് മാറിയ
ജ്യോതിക്കുവേണ്ടി വേദനയോടെ



# ഓർമ്മകൾ

പുറത്ത് രാത്രിമഴ ആർത്തലച്ച് പെയ്തുകൊണ്ടിരുന്നു. ഇനിയും നിലയ്ക്കാത്ത ശബ്ദവുമായി, അവൾ ജനലഴികളിലൂടെ അതിന്റെ താളത്തിൽ ലയിച്ചു നിന്നുപോയി. ആ നിൽപ്പിൽ മഴയുടെ ശബ്ദംപോലും അവളുടെ കാതിൽ നിശബ്ദമാവാൻ തുടങ്ങി. ഓർമ്മകളിലേക്ക് വീണ്ടും അവളറിയാതെ അവൾ അലിഞ്ഞു ചേർന്ന് പോയി. എത്ര മറക്കാൻ ശ്രമിച്ചിട്ടും മറക്കാൻ കഴിയാനാവാതെ ആ ഓർമ്മകൾ അവളെ കുത്തിനോവിച്ചുകൊണ്ടിരുന്നു. ആ ഓർമ്മകൾ നൽകിയ വ്രണങ്ങളിൽനിന്നും ചുടുചോരയുടെ ഗന്ധം അന്നും ഇന്നും എന്നും തങ്ങി നിൽക്കുന്നുണ്ടായിരുന്നു.

അവൾ മാരി... പേരു പോലെ തന്നെ മഴയെ പ്രണയിച്ചിരുന്ന പെൺകുട്ടി. ആ ആധുനിക യുഗത്തിൽ കടുകട്ടി പേരുകൾ ഇടാൻ മത്സരിക്കുന്ന അച്ഛന്മാർക്കും അമ്മമാർക്കുമിടയിൽ ഇങ്ങനൊരു പഴഞ്ചൻ പേര് അവളെ ശ്രദ്ധിക്കപ്പെടുന്നവളാക്കി. പേരുപോലെ തനി നാട്ടിൻപുറത്തുകാരി കുട്ടിയൊന്നുമായിരുന്നില്ല അവൾ. പട്ടണത്തിന്റെ മാറിൽ ചാഞ്ഞുവളർന്ന ഒരു സാധാരണ കുട്ടി. അവളുടെ അച്ഛന്റെ വാശിയായിരുന്നു ആ പേര്, വാശിയെന്ന് പറയാനാവില്ല, ആഗ്രഹം. അമ്മയോട് ഏറെ തർക്കിക്കേണ്ടിവന്നു അങ്ങനൊരു പേര് ഇടാൻതന്നെ. അവൾ വളർന്നുവന്നു. അവരുടെ മകളായി.. സീമന്തപുത്രി.

അച്ഛന്റെ മനസ്സായിരുന്നു മാരിക്കും. ഗ്രാമത്തിന്റെ മണവും മണ്ണുമൊന്നും മറക്കാത്ത, മനസ്സിലെന്നും നന്മ സൂക്ഷിച്ചിരുന്ന മനുഷ്യനായിരുന്നു അവളുടെ അച്ഛൻ. പട്ടണത്തിന്റെ ശീലങ്ങളുമായി കഴിഞ്ഞിരുന്ന ഒരു കുടുംബം വിലയ്ക്ക് വാങ്ങിയതായിരുന്നു ആ നാട്ടിൻപുറത്തുകാരനെ, അങ്ങനെ വേണമെങ്കിൽ പറയാം. നല്ലൊരു സർക്കാർ ജോലിയും കിട്ടി പട്ടണത്തിലേക്ക് പറന്നതാണയാൾ. ഇഷ്ടമുണ്ടായിട്ടല്ല, പഠനത്തിൽ മിടുക്കനായിരുന്നിട്ടുകൂടി ഒരുപാട് ഉന്നതങ്ങളിലൊന്നും ആഗ്രഹമുണ്ടായിരുന്നില്ല അയാൾക്ക്.പക്ഷേ എല്ലാ കുടുംബങ്ങളിലും കേൾക്കാറുള്ളതുപോലെ അച്ഛൻ

മഴമരം പറഞ്ഞത്

നഷ്ടപ്പെട്ടുപോയ ഒരു കുടുംബത്തിന്റെ നാഥന്, താഴെ യുള്ള കിടാങ്ങൾക്കായി മറ്റു നിവൃത്തിയില്ലായിരുന്നു.

അവിടെവെച്ചാണ് മാരിയുടെ അമ്മയുടെ കുടുംബക്കാർ അയാളെ കാണാനിടയാവുന്നതും, ജോലിയും കഴിവുമെല്ലാം കണ്ട് നിവ്യ എന്ന അവരുടെ മകൾക്കായി ആലോചിക്കുന്നതും, വിവാഹം കഴിപ്പിക്കുന്നതുമെല്ലാം.

അയാളുടെയും, അവളുടെയും ആശയങ്ങൾ വ്യത്യസ്തമായിരുന്നു. മനസ്സിലെ അകൽച്ച കൂട്ടിയതല്ലാതെ വർഷങ്ങൾക്ക് അവരിൽ ഒരു മാറ്റവും ഉണ്ടാക്കാൻ കഴിഞ്ഞില്ല. നിവ്യയ്ക്ക് ഒരു അമ്മയാകുന്നതിനോട് തീരെ താൽപര്യമുണ്ടായിരുന്നില്ല. അത് തന്റെ സൗന്ദര്യത്തെ ബാധിച്ചാലോ എന്ന ആധി. അങ്ങനെ വിവാഹത്തിനുശേഷം കുറേ വർഷങ്ങൾക്കു ശേഷം ജനിച്ചതായിരുന്നു അവൾ. മാരി........

ഇനിയെല്ലാം അച്ഛനും മകളും തമ്മിലായിരുന്നു. പേര് മാത്രമല്ല മകളുടെ സകലകാര്യങ്ങളും അച്ഛൻതന്നെ നോക്കിയാൽ മതി, എനിക്കെന്റെ കാര്യങ്ങളുണ്ട്... അതിനുപോലും നേരമില്ല. പ്രസവം കഴിഞ്ഞ് മണിക്കൂറുകൾ കഴിഞ്ഞ് അമ്മയുടെ സംസാരം. പരാതിക്കും, പരിഭവത്തിനുമൊന്നും നിന്നില്ല അവളുടെ അച്ഛൻ. അന്നു മുതൽ അവൾ വളർന്നത് അച്ഛന്റെ മകളായിട്ടായിരുന്നു. അമ്മയുടെ നൈറ്റ് പാർട്ടികളും, മഹിളാ സമ്മേളനവും, ഫെമിനിസവുമെല്ലാം അവൾ വെറുത്തു. പലപ്പോഴും അവൾ ഒറ്റയ്ക്കായിരുന്നു. എല്ലാം തുറന്നുപറയാൻ ഒരച്ഛനുണ്ടായിരുന്നു; അത് മതിയായിരുന്നു അവൾക്ക്.

ഒരുപാട് സുഹൃത്തുക്കളുണ്ടായിരുന്നു അമ്മയ്ക്ക്. പട്ടണത്തിന്റെ ആർഭാടവും പണവുമൊക്കെ യുള്ള ഒരു സ്ത്രീയ്ക്ക് സുഹൃത്തുക്കൾക്ക് കുറവൊന്നുമുണ്ടാവില്ലല്ലോ. ആൺ-പെൺ വേർതിരിവില്ലാതെ സൗഹൃദങ്ങൾ സുലഭമായിരുന്നു. അങ്ങനെ ആ വലിയ വീട്ടിലെ ബഹളത്തിനിടയിൽ തന്റെ മുറിയിൽ അടച്ചുപൂട്ടി അച്ഛനെയും കാത്ത് അവളിരുന്നു.

ഒരു രാത്രി. രാത്രി ഏറെ വൈകിയിരിക്കുന്നു. അച്ഛൻ വരേണ്ട സമയം കഴിഞ്ഞിരിക്കുന്നു. കാത്ത് കാത്തിരുന്നിട്ടും കാണാതെ ഒടുവിൽ അവൾ സിറ്റൗട്ടിലേക്ക് നടന്നിറങ്ങി. അമ്മയുടെ സുഹൃത്തുക്കൾ പലരും മദ്യത്തിന്റെ ലഹരിയിൽ മയങ്ങി കിടക്കുന്നു. ഇരുട്ടിനിടയിൽ വൃത്തിഹീനമായ മദ്യത്തിന്റെ മണവും ശ്വസിച്ച് അവൾ നടന്നിറങ്ങി. ഇരുട്ടിൽ രണ്ട് കൈകൾ തന്റെ നേർക്ക് നീണ്ടുവന്നത് മാത്രമവൾക്ക് ഓർമ്മയുണ്ട്. പിന്നെ സംഭവിച്ചതിനൊക്കെയും ദൈവം മാത്രമായിരുന്നു സാക്ഷി.അമ്മയുടെ സുഹൃത്തുക്കളുടെ പിടിയിലമർന്ന് അവൾ തേങ്ങി. മദ്യത്തിന്റെ ലഹരിയിൽ ആ തേങ്ങൽ ആരു കേൾക്കാൻ. ആ ഇരുട്ടിൽ അവളുടെ ജീവിതം ഇരുട്ടിലാവുകയായിരുന്നു.

പുലരിയുടെ ആദ്യ കിരണങ്ങൾ കണ്ണിൽ തട്ടുമ്പോൾ മരവിച്ച അവസ്ഥയിൽ നിശബ്ദയായി അവൾ തേങ്ങി. വാതിൽ തുറക്കുന്ന ശബ്ദം കേട്ടവൾ കണ്ണോടിച്ചു. ചുറ്റും ആരുമുണ്ടായില്ല. അമ്മയോട് യാത്രപറഞ്ഞിറങ്ങുന്ന സുഹൃത്തുക്കളെ അവൾ പരതി. ആരെയും കണ്ടില്ല. അനങ്ങാനാവാതെ നിശ്ചലയായി കിടന്ന അവൾക്കരികിലേക്ക് ഹൃദയം പൊട്ടിത്തകർന്ന ഒരു മനുഷ്യൻ കരയുന്നത് മാത്രം കേൾക്കാൻ അവൾക്കായില്ല. കാരണം അത് മാത്രം അവൾക്ക് താങ്ങാനാവുമായിരുന്നില്ല... അച്ഛൻ....

ഉയിരിൻ പറഞ്ഞത്

അച്ഛൻ.... അതെ, ആ കണ്ണീർ അവൾക്കിപ്പോൾ കേൾക്കാം... അവൾ പതുക്കെ തലപൊക്കി അച്ഛന്റെ നെഞ്ചിലേക്ക് ഓടിയടുത്തു.അവൾക്കു കൈതൊടാനാവുന്നതിലും അകലെയായിരുന്നു അയാൾ. വീണ്ടും വീണ്ടും ഓടിമറയുന്നതുപോലെ. സ്വപ്നമായിരുന്നു? സത്യമായിരുന്നോ? ഒന്നും മനസ്സിലാവാതെ അവൾ നിന്നു.

പുറത്ത് ആംബുലൻസിന്റെ ശബ്ദം. എന്താണീ ലോകത്ത് സംഭവിക്കുന്നതെന്നറിയാതെ അവൾ മിഴിച്ചു. വെള്ള പുതച്ചൊരു തുണിയിൽ അച്ഛൻ.അരികിൽ കണ്ണീർ വാർത്തിരിക്കുന്ന അമ്മ. ദൈവമേ എന്താണിത്? സ്വപ്നമോ? ഒരു രാത്രി കൊണ്ട് എന്തൊക്കെ മാറിമറിഞ്ഞിരിക്കുന്നു. അച്ഛൻ? തന്റെ സ്വപ്നങ്ങൾ? ഒരു യാത്രാമൊഴി പോലും പറയാതെ തന്റെ പ്രിയപ്പെട്ടതെല്ലാം...പലരും പലതും പറയുന്നു.... ജീവനൊടുക്കിയതാണത്രേ. തന്റെ അച്ഛനോ. ഏയ് ഇല്ല. തന്നെ ഒറ്റയ്ക്കാക്കാൻ കഴിയുമോ?

ഒടുവിൽ അവൾ മനസ്സിലാക്കി. ദൈവം മാത്രമായിരുന്നില്ല സാക്ഷി. തന്റെ അച്ഛനും സാക്ഷിയായിരുന്നു.ഒരച്ഛൻ ഒരിക്കലും കാണാൻ പാടില്ലാത്ത ദുരന്തത്തിനും സാക്ഷി.തടയാൻ ചെന്ന അയാളെ മർദ്ദിച്ചവശനാക്കി, മകളുടെ ദുരന്തം വീഡിയോയാക്കി നിൽക്കുന്ന ആ കാടന്മാർക്ക് മുമ്പിൽ തോറ്റു. മരണം ഇരന്നു വാങ്ങി.

പിന്നെയും ജീവിച്ചു അവൾ. മാരിയായിട്ടല്ല. കൊലപാതകിയായി. സ്വന്തം അമ്മയെ കൊന്നവളായി. ആ പാപഭാരം ഏറ്റുവാങ്ങി അവൾ ജീവിച്ചു. അതിൽ അവൾക്ക് കുറ്റബോധമുണ്ടായിരുന്നില്ല. ഒന്നിനു മാത്രമേ അവൾക്ക് വേദനയുണ്ടായിരുന്നുള്ളു.ആ ഇരുണ്ട ജയിൽ മുറിയിലൂടെ അവൾ ഒന്നു മാത്രം ആഗ്രഹിച്ചു.ഒരു യാത്രാമൊഴി.അതിനു പോലും കഴിയാതിരുന്ന അച്ഛനെ.... തന്റെ അച്ഛനെ ദുഷ്ടമൃഗങ്ങൾക്കു മുന്നിൽ എറിഞ്ഞുകൊടുത്ത അമ്മയോട് കാലുപിടിച്ചു കെഞ്ചിയിരുന്ന അച്ഛനെ... ഒരു യാത്രാമൊഴിയ്ക്കായി....

Ajina
S6 Chemistry

ഊഷരം പറഞ്ഞത്

# തണൽമരം

ചിരി പടർത്തുമീ ജീവിത പന്തലിൽ
കോമാളിയായി അവൻ വേഷം കെട്ടി
സോദരരെ ഫലിതം പറഞ്ഞ്
ചിരിപ്പിച്ച് ചിന്തിപ്പിച്ച്
വേഷം കെട്ടിയ കോമാളിയെ
ഒന്നു ചിരിപ്പിക്കാൻ സന്തോഷമേകാൻ
കഴിയാതെ പോയ കോമാളി കൂട്ടമേ
കണ്ണീർമഴയത്ത്
അവനെ തനിച്ചാക്കി അകന്നപ്പോഴും
അവൻ കരഞ്ഞത് നിങ്ങൾ അറിഞ്ഞിരുന്നില്ല
അവൻ കെട്ടിയ കോമാളി വേഷവും
അവനെ നോക്കി ചിരിച്ചതും
നിങ്ങളറിഞ്ഞിരുന്നില്ല
തകർത്തു പെയ്യുമീ കണ്ണീർ മഴയിലഭയം നേടാൻ
ഓടിക്കയറിയ മരത്തണലിൽ
കൊത്തിവച്ച ലൈല-മജ്നു ഭ്രാന്തകഥയിൽ
മജ്നുവായി വേഷം മാറിയച്ചെറുപ്പക്കാരനെയോർത്ത്
അവൻ പുഞ്ചിരി തൂകി
കാരണം അവൻ വെറും കോമാളിയല്ലേ!
വാനിൽപ്പടർത്തിയ ലൈലാവിൻ സ്നേഹത്തെ
മനുഷ്യത്തീനിയായ കാട്ടാളഹൃത്തടങ്ങൾക്ക്
അറിയാതെ പോയി
മജ്നു കുശലം പറഞ്ഞ് സല്ലപിച്ച
കൽമൺ പൊടിക്കൂടങ്ങൾക്ക് പറയാനുണ്ടൊരുപാട്
ലൈലയെക്കുറിച്ച് അവന്റെ സ്നേഹത്തെക്കുറിച്ച്
ഭാരതപ്രണയകാവ്യശകലത്തിൽ
ആരും തിരയാത്ത
റാനയുടെ നിശ്ചലദാർഢ്യം പോലാവുമോ
തണൽമരമേ അങ്ങ്?
ചോദിച്ചതും
തണൽമരം തലയനക്കിയതുറമാരുപോലെ
പുഞ്ചിരി തൂകിയ കോമാളി
അതെയെന്നോ അല്ലയെന്നോ
അവൻ ചോദിച്ചില്ല
ചിലപ്പോൾ തണൽമരം
തന്നെ കോമാളിയാക്കിയാലോ....!!!



Bilal Muhsin
3rd Islamic History

# കലാലയ സൗഹൃദം




ജീവിതത്തിൽ മായ്ക്കാനും മറക്കാനും കഴിയാത്ത ഒരുപാട് വേറിട്ട അനുഭവങ്ങളുമായാണ് ഓരോ വിദ്യാർത്ഥിയും കലാലയത്തിന്റെ പടികൾ ഇറങ്ങുന്നത്. സൗഹൃദത്തിന്റെ താഴ്വരകളിൽ പരസ്പരം കൈ കോർത്തും, ഒരുപാട് സന്തോഷങ്ങൾ പങ്കിട്ടും നടക്കാൻ ആഗ്രഹിക്കാത്ത ഒരു വിദ്യാർത്ഥി മനസ്സും കലാലയത്തിൽ കാണാൻ കഴിയില്ല. ഭൂമിയിലെ സ്വർഗ്ഗം എന്നൊക്കെ തികച്ചും വിശേഷിപ്പിക്കേണ്ടത് കലാലയ കാലത്തെക്കുറിച്ച് തന്നെ ആയിരിക്കണം. വിഷമങ്ങളിൽ താങ്ങാവുന്ന ഒരു കൈ അതാണ് യഥാർത്ഥ സുഹൃത്ത്. സുഹൃത്ത് ബന്ധത്തേക്കാൾ ആഴമുള്ള ഒരു ബന്ധം നമ്മുടെ ജീവിതത്തിനിടയിൽ നമുക്ക് കാണാൻ കഴിയില്ല. എല്ലാ ബന്ധത്തേക്കാളും വലുതാണ് സുഹൃത്ബന്ധം എന്ന് ബോദ്ധ്യമാകുന്ന സമയമായിരിക്കാം കലാലയ ജീവിതം. ചോറ് പൊതി പങ്കിടാനും, വിഷമങ്ങളിലും സന്തോഷങ്ങളിലും കൂടെ നിൽക്കാനും, നേർവഴി കാണിക്കാനും എന്നും ഒപ്പം ചേർന്ന് നിൽക്കാനും എല്ലാവർക്കും കാണും ഇതുപോലെ കുറച്ച് സൗഹൃദങ്ങൾ. ജീവിതയാത്രയിൽ നാം ഒരുപാട് പേരെ കണ്ടുമുട്ടുകയും വിടപറയുകയും ചെയ്യും. എന്നാൽ എന്നും മനസ്സിന്റെ കോണിൽ സുവർണ്ണലിപിയിൽ എഴുതിയ വാക്കുകളാണ് സുഹൃത്തുക്കൾ.

**"The only way to have a friend is to be one"- R. W. Emerson, American writer**



Akhil A Salam
S4 Zoology

ഋതം
പറഞ്ഞത്

# സൗഹൃദം

എവിടെയോ ജനിച്ചവർ, എവിടെയോ വളർന്നവർ
ഒരു നിമിത്തം പോലെയൊത്തുചേർന്നു
പലവഴി പാറിയ വാക്കുകൾ ചിന്തകൾ
ഒരു കുടക്കീഴിലായി പൂത്തുലഞ്ഞു.
നീലവാനിന്റെ പരപ്പിന്നുമപ്പുറം
നീലക്കടലിന്റെ ആഴത്തിനപ്പുറം
ശൂന്യാകാശത്തിന്റെ തമസ്സിനുമപ്പുറം
ഒന്നുള്ളതുകണ്ടു നാം സൗഹൃദം താൻ
സ്നേഹമോ സത്യമോ മോഹമോ ഭാഗ്യമോ
കരുന്നയോ കരുതലോ എന്തിതു സൗഹദം
നിർവചിച്ചാലതിന്നർത്ഥമുൾക്കൊള്ളുമോ
സൗഹൃദം, സൗഹൃദം തന്നെ പാരിൽ
സ്നേഹ ബന്ധത്തിന്റെ ഉത്തുംഗ ശൃംഗത്തിൽ
എത്തിയ കൂട്ടുകാർ സുഹൃത്തുക്കളും
സൗഹൃദം സ്നേഹമെന്നുള്ളതു സത്യമാ-
ണെന്നറിഞ്ഞവർ കൂട്ടുകാരും
പലവഴി തന്നിൽ നിന്നൊരുമിച്ചു നിന്നിട്ടു
പിരിയുമ്പോൾ സുഹൃത്തുക്കൾ കരഞ്ഞിട്ടില്ല
പിരിയുന്നതുടലെന്ന മായയല്ലേ
മനസ്സൊന്നെന്നുള്ളതദ്വൈതമല്ലേ



Akhil Santhosh
S4 Maths

# വിട

ഒരു വാക്ക് വിട കാതിൽ കലക്കങ്ങളായ്
പിന്നെയും പിന്നെയും നിരർത്ഥകമായ വാക്ക്
വന്നുപോകുന്നതും നിന്ന് പറയുന്നതും
ജീവനും പ്രകൃതിയ്ക്കും തത്വം
തത്വങ്ങളെ സാക്ഷി ദുഃഖങ്ങളെ സാക്ഷി
വിടപറയാനുള്ളതീ ജന്മം
വേപഥു പൂണ്ട കൺകളിൽ
വിടതൻ മന്ത്രശ്രുതി
പറയേണ്ടതില്ലെന്ന് ചൊല്ലും
ആ കൺകളിൽ പിന്നെയും പിന്നെയും ദുഃഖം,
തീരാത്ത വീഥിയിൽ നിന്നെയും തേടി ഞാൻ
അലയാത്ത നാളുകൾ ശൂന്യം.
എങ്കിലും എൻ മനസ്സലയുന്ന വീഥിയിൽ
പറയുന്നു നിന്നോട് വിട!!!

Athira. S. R
2nd B. Sc Zoology



## മാഞ്ഞുപോയ നക്ഷത്രം

ഞങ്ങളെ വേറിട്ടുപോയൊരെൻ പ്രിയതോഴാ
ഇനി നീയെൻ സ്വപ്നങ്ങളിൽ മാത്രം
മാതാപിതാക്കൾ തൻ തണലാകേണ്ട
ഒരേയൊരു പൊന്നോമന പുത്രനെ
തട്ടിയെടുത്ത വിധിയേ നീയെത്ര ക്രൂരൻ
അമ്മതൻ കണ്ണീരിനിയും തോർന്നിട്ടില്ല
പിതാവിൻ മൗനനൊമ്പരങ്ങളും
ആ പത്രവാർത്ത കേട്ടെൻ മനവും
ഞെട്ടിത്തെറിച്ചെൻ കൂട്ടുകാരാ
നീയിനി ഞങ്ങളുടെ മാനസങ്ങളിൽ വസിപ്പൂ
ഒരുപാട് സ്വപ്നങ്ങൾ ഞങ്ങൾക്ക് തന്ന്
ഒരുപിടി നല്ല ഓർമ്മകൾ നീ ബാക്കിയിട്ട്
യവനികയ്ക്കുള്ളിൽ മറഞ്ഞ നിൻ ഓർമ്മയ്ക്കായി
ഞാനിത് കുറിച്ചിടുന്നു. ഇതുമാത്രം!!!

# ഈ പേജ് വായിക്കരുത്



വായിക്കരുത് എന്ന തലക്കെട്ട് കണ്ടിട്ടും ഈ പേജ് വായിക്കുന്ന പ്രിയവായനക്കാരോട്. ആദ്യമേ എനിക്ക് പറയാനുള്ളത്, ചെയ്യരുത് എന്നു പറയുന്ന കാര്യം ചെയ്യാനുള്ള നിങ്ങളുടെ അമിതമായ ഈ പ്രവണതയെ അങ്ങു മാറ്റിയേരെ എന്നതാണ്. നമ്മൾ കേരളീയരായതുകൊണ്ട് പറയുകയല്ല, ആ ശീലം മാറ്റാൻ കുറച്ചു പാടാണല്ലേ.

ശ്ശെടാ.... വായിക്കരുതെന്ന് പറഞ്ഞ പേജ് ഒരു ഉളുപ്പുമില്ലാതെ വായിക്കുന്നതു കണ്ടില്ലേ. ഇപ്പോൾ നിങ്ങൾ വിചാരിക്കുന്നുണ്ടാകും എന്നാലിതു വായിച്ചു തീർത്തിട്ടേ ഉള്ളു ബാക്കി കാര്യമെന്ന്. ആയിക്കോട്ടെ, ആയിക്കോട്ടെ..... എന്തായാലും വായിക്കാൻ തുടങ്ങിയതല്ലേ വായിച്ചു തീർത്തിട്ടു പേജു മറിച്ചാൽ മതി. പക്ഷേ ഞാനൊരു കാര്യം പറയാൻ മറന്നുപോയി, ഈ പേജിൽ വായിക്കാൻ വേണ്ടി പ്രത്യേകിച്ചൊന്നും ഇല്ല കേട്ടോ. പ്രത്യേകിച്ചൊന്നുമില്ല എന്നു പറഞ്ഞിട്ടും നിങ്ങൾക്കെങ്ങനെ ഇതു വായിക്കാൻ തോന്നുന്നു? ഒന്നുമില്ലാഞ്ഞിട്ടും നിങ്ങളെങ്ങനെ വായിച്ചു വായിച്ചു ഇവിടം വരെ എത്തിയെന്നാ എനിക്കു മനസ്സിലാവാത്തത്. എന്നാലും വേറൊരു കാര്യം അതല്ല, ഒന്നുമില്ലെ ന്നറിഞ്ഞിട്ടും നിങ്ങൾ ഈ പേജ് വായിക്കു ന്നുണ്ടല്ലോ. അത് നിങ്ങളുടെ വലിയ മനസ്. പക്ഷേ, വായിക്കരുതെന്ന് ആദ്യമേ തന്നെ പറഞ്ഞിട്ടും നിങ്ങളിതു വായിച്ചില്ലേ, അതു ഭയങ്കര മോശമായിപ്പോയി. ഇവിടംവരെ വായിച്ചതു പോട്ടെ, ഞാൻ ക്ഷമിച്ചിരിക്കുന്നു. പക്ഷേ നിങ്ങൾ ഇനി താഴോട്ടു വായിക്കരുത്.

വായിക്കരുത് എന്നു പറഞ്ഞാൽ പിന്നേം പിന്നേം വായിക്കും അല്ലേ.

എങ്കിൽ ഒരു കാര്യം ചെയ്യ്, നിങ്ങൾ എല്ലാ ജോലിയും കഴിഞ്ഞശേഷം വന്നു ബാക്കി വായിക്ക്. വെറുതെ എന്തിനാ വിലപ്പെട്ട സമയം കളയുന്നത്. എന്നാലും കേൾക്കില്ല അല്ലേ. ഇതിൽ പ്രത്യേകിച്ചൊന്നുമില്ലാത്തു കൊണ്ടാണ് വായിക്കണ്ട എന്നു ആദ്യമേ പറഞ്ഞത്.വായിക്കണമെന്നു നിർബന്ധമാണെങ്കിൽ സമയം കിട്ടുമ്പോൾ വായിക്കാൻ പറഞ്ഞു. പക്ഷേ, അതു കണ്ടും നിങ്ങൾ കേൾക്കാതെ പിന്നേം, പിന്നേം ഇതു വായിക്കുവാണെങ്കിൽ ഞാൻ എന്തു ചെയ്യാനാ? നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യ്. നിങ്ങളിതുവരെ വായിച്ചതിൽനിന്നും നിങ്ങൾക്കെന്തെങ്കിലും മനസ്സിലായോ, അതുമല്ലെങ്കിൽ എന്തെങ്കിലും പ്രയോജനമുണ്ടായോ. ക്ഷമയുടെ നെല്ലിപ്പലക കണ്ടുകാണും അല്ലേ? വായിച്ചു വായിച്ചു സമയം പോയതിന്റെ വിഷമമോ അല്ലെങ്കിൽ നല്ല ദേഷ്യമോ തോന്നുന്നുണ്ടോ?

അതുകൊണ്ടൊക്കെയാ ഞാൻ ആദ്യമേ തന്നെ മര്യാദയ്ക്ക് പറഞ്ഞത് ഈ പേജ് വായിക്കരുതെന്ന്. അപ്പോൾ കേൾക്കണമായിരുന്നു. ഇനിയിപ്പോ, ദേഷ്യം വരുന്നു. വിഷമം വരുന്നു എന്നൊക്കെ പറഞ്ഞിട്ടു കാര്യമുണ്ടോ? എനിക്കു നേരത്തെ തന്നെ അറിയാമായിരുന്നു. ഈ പ്രശ്നങ്ങളൊക്കെ ഉണ്ടാകുമെന്ന്. ശ്ശോ.... ഇതിപ്പോ അങ്ങ് വലിയ പ്രശ്നമാക്കേണ്ട കാര്യമൊന്നുമില്ലല്ലോ. ചെയ്യരുതെന്ന് പറഞ്ഞ കാര്യം ചെയ്യാൻ പോയിട്ടല്ലേ. എന്നിട്ടിപ്പോ പ്രശ്നമായിപോലും പ്രശ്നം. ഇനിയെങ്കിലും ചെയ്യരുതെന്ന് പറയുന്ന കാര്യം ഒന്നു ചെയ്യാതിരിക്കാമോ. പ്ലീസ്... എന്തായാലും നിങ്ങളെനിക്കുവേണ്ടി വായിച്ചു തുടങ്ങിയതല്ലേ. എനിക്കുവേണ്ടി ഇത്രേം സമയം കണ്ടെത്തിയതല്ലേ.... വളരെ നന്ദി.... നിങ്ങൾക്കിതൊരു ബുദ്ധിമുട്ടായില്ലെന്ന വിശ്വാസത്തോടെ നിർത്തുന്നു.



Thasleema. T
S2, B.Sc Maths



ഉത്സവ ആവശ്യത്തിനും
മറ്റ് ആഘോഷങ്ങൾക്കും

ചെണ്ടമേളം & ശിങ്കാരിമേളം

അവതരണം : ആൾ ഇൻഡ്യ റേഡിയോ & റ്റി. വി. സ്റ്റാർ
കൊട്ടിയം പി. കമറുദ്ദീനും സംഘവും
ഡീസന്റ്ജംഗ്ഷൻ പി.ഒ., കൊല്ലം - 691577
ഫോൺ : 0474 - 2713830, മൊബൈൽ : 9847137250

നിങ്ങളുടെ പരിപാടി
നേരത്തേ ബുക്ക് ചെയ്യുക

Yasar Arafath A.
S4 Maths



# അമ്മ

അമ്മ എന്ന രണ്ടക്ഷരത്തിൽ
അർത്ഥമെന്തെന്നൊരു ചോദ്യം???
ഉത്തരം തേടി അലയവെ, കണ്ടു
ഞാൻ ഒരായിരം മാതൃഹൃദയങ്ങൾ
നൊന്തുപെറ്റൊരാ പൈതലിൻ
നെറുകിയിൽ ഒരു പൊന്നുമ്മയ്
ക്കൊപ്പം തൻ മടിയിലിരുത്തി
മുലപ്പാലൊപ്പം തേൻ വാൽ-
സല്യമൂട്ടുന്നു ഒരമ്മ!!!
തെരുവിലൊരഴുക്കു ചാലിൽ,
നിന്നുയരുന്നൊരു പെൺ-
പൈതലിൻ നിലവിളി....
അച്ഛനാരെന്നറിയാത്തൊരു
പെറ്റുപോയരമ്മ-
യാലുപേക്ഷിക്കപ്പെട്ടവൾ
മുലപ്പാൽ ഗന്ധമറിയിക്കാതെ
അവളെ ആ തെരുവിൽ കിടത്തി
തിരികെ തിരിഞ്ഞൊന്നു നോക്കാതെ
അകലേക്കോടിമായുന്നൊരമ്മ
പിന്നെയും കണ്ടു ഞാനൊരമ്മയെ,
ആരോരുമില്ലാത്തൊരാ
തെരുവിൻ പൈതലേ
തൻപുത്രിയെന്നു ചൊല്ലി
വളർത്തിയൊരമ്മയെ
ഒടുവിൽ ഞാൻ കണ്ടൊരമ്മയെ,
ഇരുൾ മൂടിയൊരാ വേശ്യതെരുവിൽ
കേവലം ഗാന്ധിതലകൾക്കായി
തൻ പുത്രിതൻ മാനം
ഒരന്യനായി വില പേശിയൊരമ്മയെ!!!
കൺകളിലിപ്പോഴും തുടി-
ക്കുന്നൊരാ ചോദ്യമൊന്നു മാത്രം
ഇവരിലാരായിരുന്നു അമ്മ?

ഉമ്മ പറഞ്ഞത്

# എന്ന് നിന്റെ കാഞ്ചനമാല

മുക്കത്തെനിക്കായ് വിടർന്ന ദളം നീ,
തെയ്യത്തും കടവത്തണഞ്ഞ സുൽത്താൻ
രക്തപുഷ്പങ്ങളിൽ വെറും രേഖയായ്
തെളിഞ്ഞ പ്രിയനേ, നീലനേത്രങ്ങളാൽ
കിനാക്കൾ പകർന്നവനേ
അറബിക്കടലിനിരുവഴഞ്ഞി
നിനക്കു ഞാനുമെന്ന-
വാക്കാൽ സത്യം തന്നവനേ
എത്രമേൽ പാടുന്നുവത്രമേൽ മാധുര്യം-
തന്നാദ്യാനുരാഗമേ
പരിത്യജിച്ചതെന്തിനു നാം
ഹൃദയത്താൽ തീർത്ത വരികൾ
ശിശിരങ്ങളെത്ര കടന്നെനിക്കേകൊന്ത-
രാവുകൾ മാത്രം ബാക്കിയായ്
ഒടുവിലൊരു ചുഴിയാലകന്നു നീ-
ഏകയായ് വീണ്ടും
അറിഞ്ഞില്ല, ഞാനാമഴയെനിക്കു നീ-
ഒടുവിലായ് പകർന്ന പ്രണയമെന്ന്
ആരോ വരച്ചൊരനശ്വരമാം
പ്രേമപ്രതീകം പോലെ
വിധിയല്ല, നിൻ വിയോഗം, ഈ
ജന്മമതിരുകളാൽ നാം ഏകരായ്
ഇനിയുമെനിക്കായ് പുനർജ്ജനിക്കൂ പ്രിയാ
നിർണ്ണയം, ചിരിയിലർപ്പിച്ചിടാമീ വരമ്പുകൾ
ഒറു മുകിലീരാഗമാത്മാവിലേറ്റി-
നിന്നരികിൽ വന്നിതുമെല്ലെ-
മന്ത്രിച്ചിരുന്നുവെങ്കിൽ
വിഫലമെങ്കിലും ഗന്ധർവ്വാ, നിന്നിലൊരു
മധുരമാം ശ്രുതിയായലിയുവാൻ; ഇനിയും
കാത്തിരിക്കാം
തോരാത്ത കണ്ണീർ നനവുമായ്

എന്ന്,
നിന്റെ കാഞ്ചനമാല



Rufeena. R.
S2 Botany



# ആദ്യമായി
## കണ്ട നിമിഷം



Fathimath Zuhra. H
S2 Islamic History

ആ നിമിഷയാത്രയിൽ ഞാൻ ഇരുളായി വിടർന്നു
മഴവില്ലിൻ തെന്നലേകിയെന്നരികിലണഞ്ഞവൻ
വീണ്ടും ചോദിക്കവേ എൻ പ്രിയസോദരി
എൻ പ്രിയസോദരി
ഞാൻ നിന്നെ സ്വന്തമായി കരുതവേ, നീ എൻ മാത്രയിൽ
ആ നിമിഷ കാഴ്ചയിൽ ഇരുവരുമറിയാതെ
സ്വപ്ന സാഫല്യ നിമിഷങ്ങൾ മുന്നിലേക്ക്
താഴ്വര പൂവിതൾ തുടുത്തൊരാ കവിൾത്തടത്തിൽ
ഒരു പുഷ്പം തന്നു എൻ പ്രിയ തോഴാ
മനസ്സിൽ പുഷ്പിച്ച ലാവണ്യത്താലെ
കനവിൽ നെയ്തതാം സങ്കൽപ്പ മുഖം
അതു തൻ മാത്രയിൽ അവളലിയവെ
സത്യമെന്നുള്ളിൽ ഉദിച്ചു.
എൻ പ്രിയ തോഴനെ ഞാൻ കണ്ട സ്വപ്നമായി
കുളിർ തെന്നലഴിയവെ സാഫല്യമായി
ആ തിങ്കൾ നിലാവേ... മറന്നേക്കൂ..... മറന്നേക്കൂ....
അവൾ മറഞ്ഞുപോയി ദുഃഖത്തിൻ മറവിലേക്ക്
ആരും കാണാ മറവിലേക്ക്



# സ്വപ്നഭൂമി

കുഞ്ഞിളം തെന്നലിൻ വെണ്മയാർന്ന
പച്ചപ്പിനെ തഴുകിയുണർത്തി
മുറ്റത്തെ പച്ചപ്പിനെ തൊട്ടറിഞ്ഞിതാ-
ഭൂമിയിലെ മാലാഖമാർ വരവായി
മുറ്റത്ത് നിൽക്കുമാം വർണ്ണമലരിനെ
വിട്ടൊഴിഞ്ഞങ്ങനെ പാറിക്കളിച്ച്
പച്ചയാർന്ന ജീവനു പനിനീരു-
നൽകിയ മാലാഖമാർ വരവായി
തൻ കൈകളേകിയ പുതുജീവനിൽ
നിന്നാദ്യമായി ഒരു ചെറുപുഞ്ചിരി
അത് ഫലമായി, പൂവായി, കാറ്റായി
എന്നുമൊരു തെളിനീർ മുത്തായി
മുറ്റത്തെ പച്ചപ്പിലിറ്റു വീഴുമാ-
മഞ്ഞുതുള്ളി അറിയാതെ-
യെന്നിലേക്ക് ഇളംകാറ്റായി ചൊല്ലി
ഇത് സ്വപ്നഭൂമിയോ?



Shan. B
S4 Botany

# കടൽത്തീരം



Ameena. H.
Islamic History

ആഴിതൻ തീരങ്ങളിൽ
ആർത്തുലയും പൈതങ്ങൾ
ആടി തിമിർക്കും ഓളങ്ങളിൽ
ആസ്വദിച്ചു നിൽപ്പൂ
ആജീവനാന്ത ദുഃഖങ്ങൾ
ഇറക്കിവയ്ക്കാനായി
എത്തീടുന്നു ചിലർ
സൗഹൃദം പുതുക്കാനായി
വന്നണയുന്നു മിഥുനങ്ങൾ
ജീവിത സ്വപ്നങ്ങൾ
പൂവണിയാനായി
വെമ്പുന്നു ചിലർ
നിഷ്കളങ്ക സ്നേഹം
പങ്കിടാനാളില്ലാതെ
കണ്ണുനീർ വാർക്കുന്നു
അനാഥനാം ബാലൻ
ഈ കാഴ്ചകളെല്ലാം
കണ്ട് കടലമ്മ
നെടുവീർപ്പിടുന്നു
ബാല്യം, കൗമാരം
യൗവ്വനം, വാർദ്ധക്യം
എന്നിങ്ങനെ ഓരോ
ദശയും പോകും വേളയിൽ
താരുണ്യവതിയായി നിൽപ്പൂ
കടലമ്മ

മൗനം പറഞ്ഞത്

# സമകാലിക പ്രശ്നങ്ങളിൽ നവമാധ്യമങ്ങൾക്കുള്ള പങ്ക്

മാനവരാശിയുടെ വളർച്ച ഇന്ദ്രിയങ്ങളുടെ അർത്ഥസമ്പുഷ്ടമായ വിനിമയത്തിലൂടെ സാധ്യമായ പ്രക്രിയ എന്ന് എമേഴ്സൺ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആധുനിക മനുഷ്യന്റെ ആവിർഭാവത്തിലും വളർച്ചയിലും അധിഷ്ഠിതമായി പ്രവർത്തിച്ചത് പഞ്ചേന്ദ്രിയങ്ങൾ മാത്രമല്ല. ഒപ്പം ആറാം ഇന്ദ്രിയമായി വിശേഷിപ്പിക്കപ്പെട്ട മാധ്യമങ്ങളുമാണ്.

ദൃശ്യമാധ്യമങ്ങളും ശ്രവ്യമാധ്യമങ്ങളുമായി പത്രവും റേഡിയോയും മറ്റും നിലനിന്നിരുന്നതിൽ നിന്നും വ്യത്യസ്തമായി ആധുനിക യുഗത്തിന്റെ മാധ്യമമായി നവമാധ്യമങ്ങൾ മാറിയിരിക്കുന്നു. 21-ാം നൂറ്റാണ്ടിന്റെ പുലരി ഉദയം ചെയ്തിരിക്കുന്നത് ഒരു വിപ്ലവത്തിനു മുന്നിലാണ്. നവമാധ്യമ വിപ്ലവം, മൊബൈൽ ഫോണും, ഫെയ്സ്ബുക്കും, വാട്സ്ആപ്പും നിറഞ്ഞ ലോകം. സമകാലിക പ്രശ്നങ്ങളിൽ ശത്രുക്കളും മിത്രവുമായി നവമാധ്യമങ്ങൾ വേഷമിടുന്നു.

സമകാലിക പ്രശ്നങ്ങളിലെ നവമാധ്യമങ്ങളുടെ പങ്ക് വിശകലനം ചെയ്യുമ്പോൾ ഗുണങ്ങളും, ദോഷങ്ങളും അടയാളപ്പെടുത്തുവാൻ സാധിക്കും. ദോഷങ്ങൾ പരിശോധിക്കുമ്പോൾ ഇന്നത്തെ ലോകത്തിന്റെ ഏറ്റവും വലിയ ഭീഷണിയായി മാറിയിട്ടുള്ള ഭീകര പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ നവമാധ്യമങ്ങൾ കാരണമായിട്ടുണ്ട്.

വിദ്യാർത്ഥികളെയും, യുവാക്കളെയും ഭീകരപ്രവർത്തനങ്ങളിൽ കണ്ണിചേർക്കുവാൻ ഇസ്ലാമിക് സ്റ്റേറ്റ് പോലുള്ള ഭീകരവാദ സംഘടനകൾ നവമാധ്യമങ്ങളെ ഉപയോഗിക്കുന്നു. സമകാലിക പ്രശ്നങ്ങൾ അകാരണമായി വളച്ചൊടിക്കുവാനുള്ള ഉപാധിയായി നവമാധ്യമങ്ങൾ മാറിയിരിക്കുന്നു. സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളുടെ തോത് വർധിക്കുന്നതിലും, ലൈംഗിക പീഡനങ്ങളുടെ തോത്‌വർദ്ധിക്കുന്നതിലും നവമാധ്യമങ്ങൾ മുഖ്യപങ്ക്‌വഹിക്കുന്നു. ഇത്തരത്തിൽ സമകാലിക പ്രശ്നങ്ങളിൽ നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന അരാജകത്വങ്ങൾ വലുതാണ്. എന്നാൽ, സമകാലിക പ്രശ്നങ്ങളിൽ നവമാധ്യമങ്ങൾ ഗുണങ്ങളായി മാറുന്ന സാഹചര്യവും ഏറെയാണ്. നവമാധ്യമങ്ങളിലൂടെ ഏതൊരു സമകാലിക പ്രശ്നങ്ങ[illegible]തിരെയും പ്രതികരി

ക്കാനുള്ള സാധ്യത. വ്യക്തിപരമായ അഭിപ്രായങ്ങൾ നവമാധ്യമങ്ങളിൽ കുറിക്കപ്പെടുമ്പോൾ അഭിപ്രായം സ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന അവസ്ഥ ഇല്ലാതാകുന്നു.

ലോകം മുഴുവനും ഭാരതത്തിലും കേരളത്തിലും ഇതിന് ഉദാഹരണങ്ങൾ ഏറെയാണ്. നവമാധ്യമങ്ങളിലൂടെ ഏതൊരു സമകാലിക പ്രശ്നങ്ങൾക്കെതിരെയും പ്രതികരിക്കാനുള്ള സാധ്യത. വ്യക്തിപരമായ അഭിപ്രായങ്ങൾ നവമാധ്യമങ്ങളിൽ കുറിക്കപ്പെടുമ്പോൾ അഭിപ്രായ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന അവസ്ഥ ഇല്ലാതാകുന്നു. ലോകം മുഴുവനും ഭാരതത്തിലും കേരളത്തിലും ഇതിന് ഉദാഹരണങ്ങൾ ഏറെയാണ്. ഗാന്ധി വധവുമായി ബന്ധപ്പെട്ട ഫയലുകൾ പാർലമെന്റിലെ അലമാരകൾക്ക് താങ്ങുവാൻ കഴിയില്ലെന്ന വിലകുറഞ്ഞ വാദത്തിന്റെ പേരിൽ അവ കത്തിച്ചു കളഞ്ഞതിനെതിരെ പ്രതികരിച്ചത് നവമാധ്യമങ്ങളിലൂടെയാണ്. അഴിമതിയെന്ന ജനാധിപത്യരാജ്യത്തിന്റെ അന്തഃസത്ത കെടുത്തുന്ന പ്രവർത്തനം.ഭരണസിരാ കേന്ദ്രമായ ഡൽഹിയിൽ അരാജകത്വം സൃഷ്ടിക്കുമ്പോൾ അതിനെതിരെ ആശയങ്ങൾ പ്രചരിപ്പിക്കപ്പെട്ടതിൽ പ്രധാന പങ്ക് നവമാധ്യമങ്ങൾക്കാണ്.നവമാധ്യമങ്ങളിലെ അത്തരമൊരു കൂട്ടായ്മയുടെ പിൻതുടർച്ച യായി ആം-ആദ്മി പാർട്ടി അധികാരത്തിൽ വന്നതും സമകാലിക പ്രശ്നങ്ങളിലെ നവമാധ്യമങ്ങളുടെ ഇടപെടലിനെ സൂചിപ്പിക്കുന്നു.

ഗ്രാന്റ്സ്ലാം രാജകുമാരിക്ക് ക്രിക്കറ്റ് ദൈവം സച്ചിൻ ടെൻഡുൽക്കറെ അറിയില്ല എന്നു പറഞ്ഞപ്പോൾ അതിനെതിരെ ജനത വിവിധ ഭാഷകളിൽ പ്രതികരിച്ചത് നവമാധ്യമങ്ങളിലൂടെയാണ്.

ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ഉത്സവമായ തിരഞ്ഞെടുപ്പു പ്രക്രിയയിൽ ഏറ്റവും വലിയ ഘടകമായി നവമാധ്യമങ്ങൾ മാറിയത് 2014-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ പ്രകടമാക്കപ്പെട്ടു. ഇൻഡ്യയിലെ പ്രധാനമായ രാഷ്ട്രീയ പാർട്ടി ഭരണത്തിൽനിന്നും പുറത്താക്കപ്പെട്ടതിൽ ആ രാഷ്ട്രീയപാർട്ടിയുടെ ജനവിരുദ്ധ നിലപാടുകളും, അഴിമതിയും വിലക്കയറ്റവും എല്ലാം ചർച്ച ചെയ്യപ്പെട്ടത് നവമാധ്യമങ്ങളിലൂടെയാണ്. തുടർന്ന് അധികാര സോപാനം കയ്യടക്കിയ രാഷ്ട്രീയ പാർട്ടിയുടെ വിജയത്തിലും നവമാധ്യമങ്ങൾ മുഖ്യ പങ്കുവഹിച്ചു. ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ നിന്നുകൊണ്ട് ചിന്തിക്കുമ്പോൾ സമകാലിക പ്രശ്നങ്ങളുടെ വിലയിരുത്തൽ പ്രക്രിയ ഏറ്റവും ശക്തമായി നടക്കുന്നത് നവമാധ്യമങ്ങളിലൂടെയാണ്.ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണിയായ ഭീകരവാദത്തിനെതിരെ പ്രതികരണങ്ങൾ സൃഷ്ടിക്കപ്പെടുന്നത് നവമാധ്യമങ്ങളിലൂടെയാണ്. ഒരു ജനതയുടെ ആവശ്യങ്ങളും താൽപര്യങ്ങളും അധികാര വർഗ്ഗത്തിന്റെ കാതുകളിൽ എത്തപ്പെടുന്നത് നവമാധ്യമങ്ങളി ലൂടെയാണ്.

സിറിയയിലുണ്ടായ ആഭ്യന്തര കലാപത്തിലും തുടർന്നുണ്ടായ പലായന പ്രവാഹത്തിലും നിഷ്ക്രിയമായിരുന്ന ലോകജനതയുടെ കണ്ണുതുറക്കപ്പെട്ട കടൽത്തീരത്തെ മണലിനെ ചുംബിച്ച് ജീവൻ വെടിഞ്ഞ അഞ്ചു വയസ്സുകാരൻ ഐലൻകുർദ്ദിയുടെ ചിത്രം നവമാധ്യമങ്ങളിൽ പ്രചരിക്കപ്പെട്ടപ്പോൾ, മനുഷ്യ ജീവിതത്തിന്റെ നശ്വരതയും,

അഭയാർത്ഥികളുടെ വേദനയും ആണ് ലോകം മനസ്സിലാക്കിയത്.

ആഫ്രിക്കയിൽ ബൊക്കോഹറാം തീവ്രവാദികളുടെ സ്ത്രീവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെയും മനുഷ്യാവകാശ ധ്വംസനത്തിനെതിരെയും പ്രതികരണങ്ങൾ ഉയർന്നത്, നവമാധ്യമങ്ങളിലൂടെയാണ്. എബോള എന്ന രോഗവും ഗർഭിണികളെ കാർന്നു തിന്നുന്ന രോഗവും അതിന്റെ വ്യാപനത്തിന് തടയിടുന്നതിലും നവമാധ്യമങ്ങൾ മുഖ്യപങ്കുവഹിച്ചു. ഇൻഡ്യയിൽഅധികാര ദുർവിനി യോഗത്തിന് എതിരെയുള്ള വിദ്യാർത്ഥികളുടെ ശബ്ദത്തിനെ ത്വരിതപ്പെടുത്തുന്നതും നവമാധ്യമങ്ങൾ തന്നെ.

രോഹിത് വെമുല എന്ന ഹൈദരാബാദ് സർവ്വകലാശാലയുടെ ഗവേഷണ വിദ്യാർത്ഥിയെ ആത്മഹത്യയിലേക്ക് നയിച്ച നീചമായ ജെ. എൻ. യുവിലെ വിലക്കുകൾക്കെതിരെ പ്രതികരണങ്ങൾ ശക്തമാകുന്നതിൽ പ്രധാനകണ്ണിയായി നവമാധ്യമങ്ങൾ മാറുന്നു. ഭക്ഷണസ്വാതന്ത്ര്യം ഹനിക്കപ്പെട്ട് വ്യക്തിസ്വാതന്ത്ര്യം നഷ്ടപ്പെടുന്ന സമകാലിക ഭാരതത്തിൽ മുഹമ്മദ് അല്ഘ്ലാനി ദളിത് വിദ്യാർത്ഥികളും മരിക്കപ്പെടുമ്പോൾ അതിനെതിരെ പ്രതികരിക്കപ്പെടുന്നത് നവമാധ്യമങ്ങളിലൂടെയാണ്.നിശബ്ദതയാക്കി മാറ്റി പ്രതികരണത്തിന്റെ തീജ്വാലകൾ പടർത്തേണ്ട സാഹിത്യകാരന്മാരായ നരേന്ദ്രധാബേൽക്കറും, ഗ്രാമിസ് പൻസാരയും, എം.എം.കൽബുർഗിയും ക്രൂരമായി വധിക്കപ്പെട്ടപ്പോൾ പ്രതികരണങ്ങൾ ശക്തമായതും നവമാധ്യമങ്ങളിലൂടെയാണ്.കേരളത്തിൽനിന്നു പരിശോധിച്ചാൽ അഴിമതിയും, അരാജകത്വങ്ങളും നിറഞ്ഞ ഭരണകൂടത്തിന്റെ നിഷ്ക്രിയത്വങ്ങൾക്കെതിരെ പ്രതികരണങ്ങൾ നിറയുന്നതും നവമാധ്യമങ്ങളിലൂടെ തന്നെയാണ്. ചുരുക്കത്തിൽ സമകാലിക പ്രശ്നങ്ങളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത പങ്ക് നവമാധ്യമങ്ങൾക്കുണ്ട്. എന്നാൽ നവമാധ്യമങ്ങളിലൂടെ ആത്മാനുരാഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യവും വിരളമല്ല. എല്ലാം മറന്ന് എല്ലായ്പ്പോഴും നവമാധ്യമങ്ങളിൽ മുഴുകിയിരിക്കുമ്പോൾ നഷ്ടമാകുന്നത് ഉൽപ്പാദനക്ഷമതയുള്ള ജനതയെയാണ് എന്ന് ഓർക്കണം.

തെറ്റും, ശരിയും മനസ്സിലാക്കി നവമാധ്യമങ്ങളെ സമകാലിക പ്രശ്നങ്ങളുടെ വിശകലനത്തിന് ഗുണപരമായി ഉപയോഗിക്കപ്പെടുന്ന ഒരു സമൂഹം എല്ലായ്പ്പോഴും പുരോഗതിയുള്ളതായിരിക്കും. അവിടെ അഴിമതിയോ, അരാജകത്വങ്ങളോ, മനുഷ്യാവകാശ ധ്വംസനങ്ങളോ നടമാടില്ല എന്നത് തീർച്ചപ്പെടുത്തിക്കൊണ്ട് തൂലിക പിൻവലിക്കുന്നു.



Sreevindhnath
S4 Botany



# വിതുമ്പുന്ന തീരങ്ങൾ

**കളിമണ്ണല്ലിത്**
**കളിവണ്ടിയല്ലിത്**
നീറും ഹൃദയത്തെ എന്തു വിളിപ്പൂ ഞാൻ?
കുഞ്ഞേ! നിൻ സുന്ദരമാം മുഖകാന്തി
കടൽ തീരത്ത് ആഴ്ത്തുവാനുള്ളതായിരുന്നില്ല
നീ അറിഞ്ഞിരുന്നുവോ....
ബാലപാഠങ്ങൾ നുകരുമീ പ്രായത്തിൽ
എന്തറിയാൻ?
കുഞ്ഞുടുപ്പണിയിച്ച മാതാവ്
ഇനി നിനക്കില്ല
കയ്യിൽ പാവയെ വെച്ചുതന്ന പിതാവ്
ഇനി നിനക്കില്ല
കൂടെ കളിച്ചും ചിരിച്ചും നടന്ന കൂടപ്പിറപ്പുകൾ
ഇനി നിനക്കില്ല
ആർക്കുവേണ്ടിയും ബാക്കി നിൽക്കാതെ
ഇനി നീയുമില്ല
നീ ജീവിച്ചിരുന്നുവെങ്കിൽ
അഭയാർത്ഥികൾക്കിടയിൽ നിന്നും
ഒരു വിമോചകനോ
ഒരു നേതാവോ
വന്നിരുന്നേനെ
പക്ഷേ കടൽതിരമാല തൻ ആക്രോശത്തിൽ
നീയും മറഞ്ഞുപോയി
ഐലൻ കുർദിയെന്ന പേര്
ലോകത്തിന്റെ മനസ്സാക്ഷിയെ
ചോദ്യം ചെയ്യുമ്പോൾ....
ഇപ്പോഴും ഉറക്കം നഷ്ടപ്പെടുന്നു
പല പൈതലിനും.
വെടിയൊച്ച തൻ ഞെട്ടലിൽനിന്നും
എന്നു രക്ഷപെടുമെന്ന് തിരിച്ചറിയാതെ
തന്റെ പിഞ്ചോമനയെങ്കിലും
രക്ഷപെടണം; അതിനനുവാദം ലഭിക്കുമോ?
ദൈവമേ!
രക്ഷപെടാൻ ഒരു പഴുതുമില്ല
ഓരോ മാതൃഹൃദയവും വെമ്പുന്നു
ജീവനു വേണ്ടി
തന്റെയല്ല.... സുന്ദരമാം ആ
പിഞ്ചോമനകളുടെ
ജീവനു വേണ്ടി
ജീവജാലങ്ങൾ തമ്മിൽ പൊരുതുമീ
കാലത്ത്
ജീവനുമായി ജനിച്ചതേ ദൈവത്തിന്റെ
പരീക്ഷണം
എന്തിനാവാം നിന്റെ പുഞ്ചിരി അവർ
മായിച്ചത്?
നിന്റെ നിഷ്കളങ്കമാം ചിരി അവർ
കാണാത്തതാണോ കാരണം?
കരുതിയിരുന്നോളു
നിന്റെ പുഞ്ചിരിക്കും ജീവനും വില
ലഭിക്കുമൊരുനാൾ
പിച്ചവെച്ചു വരുന്നുണ്ടിതേ മാറ്റത്തിന്റെ
അലയൊലി
വീശിക്കൊണ്ട് പുതുതലമുറ
നീറും മമഹൃദയങ്ങൾക്ക് കുളിരായി,
കരുതലായി.......
നിൻ കണ്ണിൽക്കൂടി ഞങ്ങൾ ലോകത്തെ
വീക്ഷിക്കുന്നു
നിന്റെ അവസ്ഥ മനസ്സിലാക്കാൻ
മനസ്സിലാക്കി കൊടുക്കാൻ
വിഷമിക്കേണ്ട!
കുഞ്ഞേ! നിനക്കുവേണ്ടി പോരാടാൻ
ആയിരങ്ങളുണ്ടിവിടെ.

Sofiya mol
S4 IH

ഉഷ്മളം പറഞ്ഞത്



# എക്സ്ക്ലൂസീവ്

തനിക്ക് രണ്ട് ദിവസത്തേക്കുള്ള എക്സ്ക്ലൂസീവിന്റെ വഴിയൊത്തല്ലോ? എന്നാൽ ഞാൻ ഇറങ്ങുവാ ആരേയും ഓർമ്മയില്ലെന്നാ കുട്ടി പറയുന്നത്. ചിലപ്പോൾ ഈ ഡിസ് ഓറിയന്റേഷൻ ഒന്നുമാറിയാൽ........... ഐ.സി.യുവിന് മുന്നിൽ നിന്നിരുന്ന ജോർജ്ജിനോട് യാത്ര പറഞ്ഞ് പോലീസ് ഇൻസ്പെക്ടർ നടന്നകന്നു. സർ...... ഇപ്പോൾ എങ്ങനെയുണ്ട്? ഡോക്ടറുടെ മുറിയിലെത്തി അയാൾ ആരാഞ്ഞു. മെഡിക്കോ ലീഗൽ എക്സാമിനേഷൻ കഴിഞ്ഞു. കുട്ടി ഇപ്പോഴും ഷോക്കിലാണ്, വൈകാതെ റൂമിലേക്ക് മാറ്റാം. ഇതുവരെ റിലേറ്റീവ്സാരുമെത്തിയില്ലേ? ഇല്ല ഡോക്ടർ, മറ്റ് ഇൻഫൊർമേഷൻസൊന്നും കിട്ടിയിട്ടില്ല മടുപടി പറഞ്ഞ് ജോർജ്ജ് കാബിനിൽ നിന്നുമിറങ്ങി.പ്രതീക്ഷയുടെ അദൃശ്യമായൊരു ചരടിൽ കോർത്തട്ടെന്നപോലെ അയാൾ ആ ആശുപത്രിയുടെ ഇടനാഴിയിലൂടെ തിരികെ ഐ.സി.യുവിലേക്ക് നടന്നു.

ഇല്ല ഇതുവരെ മറ്റ് ഡെവലപ്മെന്റ് സൊന്നുമില്ല തന്റെ ഫോണിലേക്ക് വന്ന കോൾ അറ്റന്റ് ചെയ്ത് മറുതലക്കലുണ്ടായുരുന്ന എഡിറ്റർ ജോസിനോട് പറഞ്ഞു. നീ ഏതായാലും അവിടെ തന്നെ നിൽക്ക്.എന്തെങ്കിലും ഇൻഫോർമേഷൻ കിട്ടുവാണെങ്കിൽ വിളിക്ക്.ഓകെ ജോസേട്ടാ. ഫോൺ ഓഫ് ചെയത് ഡ്യൂട്ടി നേഴ്സിനോട് അനുവാദം വാങ്ങി അയാൾ ഐ.സി.യു വിനുള്ളിലേക്ക് കയറി. കൺതടങ്ങളിൽ കാർമേഘ മെന്നപോൽ ഇരുൾ പരന്ന്, നരിച്ചീർ ഭക്ഷിച്ചുപേക്ഷിച്ച ചെറിപ്പഴംപോലെ വികൃതമായ ചുണ്ടുകളും, വാടിയ ചേമ്പില തണ്ടുപോൽ തളർന്ന ശരീരവുമായി ഒരു പെൺകുട്ടി അവിടെ കിടന്നിരുന്നു.

